# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ഡിസംബർ 2024 | വാല്യം 51 ലക്കം 9 | പേജ് 12 | വില 10.00 രൂപ

**UNITY** Monthly | December 2024 | Volume 51 Issue 9 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00




വൈദ്യുതി ചാർജ്ജ് വർദ്ധനവിനെതിരെ സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന പ്രതിഷേധ പരിപാടി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ആർ.കുമാർ ഉദ്ഘാടനം ചെയ്യുന്നു.

## കുത്തകകൾക്കുവേണ്ടി ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കുന്ന

# വൈദ്യുതി ചാർജ്ജ് വർദ്ധനവ്

**ജീ**വിതച്ചെലവ് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ, വൈദ്യുതിച്ചാർജ്ജ് ഭീമമായി ഉയർത്തിക്കൊണ്ട് പിണറായി സർക്കാർ ജനവിരുദ്ധസ്വഭാവം വീണ്ടും തെളിയിക്കുകയാണ്. രണ്ടുവർഷത്തിനിടെ മൂന്നാംതവണയാണ് ചാർജ്ജ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഒരു യൂണിറ്റിന് പതിനാറുപൈസയുടെ വർദ്ധനവാണ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളത്. ഗാർഹിക ഉപഭോക്താക്കൾക്ക് വിവിധ സ്ലാബുകളിലെ വർദ്ധനവ് 15 പൈസ മുതൽ 25 പൈസവരെയാണ്. വൈദ്യുതി ഉപയോഗിച്ചാലും ഇല്ലെങ്കിലും ഫിക്സഡ് ചാർജ്ജ് എന്ന പേരിൽ പൈസ അടയ്ക്കണം. അത് രണ്ടു വർഷത്തേയ്ക്ക് 5 മുതൽ 40 രൂപവരെ വർദ്ധിപ്പിച്ചിരിക്കുന്നു. കാലാവസ്ഥാ സർചാർജ്ജ് യൂണിറ്റിന് 15 പൈസയാണ്. സർച്ചാർജ്ജും വൈദ്യുതി ഡ്യൂട്ടിയും കണക്കാക്കുമ്പോൾ വർദ്ധനവ് ഇതിലും വലുതായിരിക്കും. വീടുകളിലെ വൈദ്യുതി ബില്ലിൽ രണ്ടുമാസത്തിലൊരിക്കൽ 14 രൂപമുതൽ 300 രൂപവരെ വർദ്ധിക്കും. അടുത്തവർഷത്തെ ചാർ

(ശേഷം 5–ാം പേജിൽ)

# അദാനിയുടെ നിയമവിരുദ്ധ ഇടപാടുകൾക്ക് മോദിയുടെ ഒത്താശ

**പ്ര**ധാനമന്ത്രി മോദിയുമായി വളരെ അടുപ്പം പുലർത്തുന്ന, അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനിയുടെയും മുതിർന്ന ബിസിനസ്സ് എക്സിക്യൂട്ടീവുകളുടെയുംപേരിൽ, ന്യൂയോർക്കിലെ യുഎസ് ഡിസ്ട്രിക്റ്റ് കോടതി, കോടിക്കണക്കിന് ഡോളറിന്റെ കൈക്കൂലി, നിക്ഷേപക തട്ടിപ്പ് തുടങ്ങിയ കുറ്റങ്ങൾ ചുമത്തിയത് ഇന്ത്യയുടെ ഭരണതലത്തിലും ബിസിനസ്സ് ലോകത്തും ഞടുക്കം സൃഷ്ടിച്ചിരിക്കുകയാണ്.




**യു**എസ് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് കമ്മീഷന്റെ കണ്ടെത്തലിനെ(എസ്ഇസി) സംബന്ധിച്ച തങ്ങളുടെ നിലപാട് വിശദീകരിക്കാൻ ഗൗതം അദാനിയെയും, അനന്തരവൻ സാഗർ അദാനിയെയും വിളിപ്പിച്ചതായി റിപ്പോർട്ടുണ്ട്. കൂടാതെ, കൈക്കൂലി ആരോപണത്തിൽ ഗൗതം അദാനിക്കും അനന്തരവനുമെതിരെ, യുഎസിൽ അറസ്റ്റ് വാറണ്ട് പുറപ്പെട്ട വിച്ചതായി റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്യുന്നു.

ഗൗതം അദാനിയും, മറ്റ് ഏഴ് മുതിർന്ന ബിസിനസ്സ് എക്സിക്യൂട്ടീവുകളും സൗരോർജ്ജ കരാറുകൾ ഉറപ്പാക്കാൻ ഇന്ത്യയിലെ സർക്കാർ ഉദ്യോഗസ്ഥർക്ക് 265 മില്യൺ ഡോളർ കൈക്കൂലി വാഗ്ദാനം ചെയ്തതായി യുഎസ് നീതിന്യായ വകുപ്പ് അധികൃതർ ആരോപിച്ചു. കൂടാതെ, അദാനി ഗ്രീൻ എനർജി ലിമിറ്റഡും മറ്റൊരു സ്ഥാപനവും 12 ജിഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഇന്ത്യൻ സർക്കാരിന് വിൽക്കാൻ കരാർ ഉണ്ടാക്കിയിട്ടുണ്ടെന്നും നീതിന്യായവകുപ്പ് പ്രസ്താവിക്കുന്നു. ഈ കരാറുകൾ മുഖേന, ഏകദേശം 20 വർഷത്തെ കാലയളവിൽ, നികുതി കുറച്ചുള്ള ലാഭത്തിൽ 2 ബില്യൺ ഡോളറിലധികം (16,800 കോടി രൂപ)ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൈക്കൂലി വഴി നേടിയ സൗരോർജ്ജ വിതരണ കരാറുകളുടെ ഫണ്ടുൾപ്പെടെയുള്ള ധനസമാഹരണം ഉറപ്പാക്കാൻ യുഎസ് നിക്ഷേപകരിൽനിന്ന് ഈ പദ്ധതികൾ മറച്ചുവെച്ചതിന് ഗൗതം അദാനിക്കും കൂട്ടുപ്രതികൾക്കുമെതിരെ കുറ്റം ചുമത്തിയിട്ടുണ്ട്. അതോടൊപ്പം, യുഎസ് സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് കമ്മീഷൻ (എസ്ഇസി) അദാനിക്കും രണ്ട് കൂട്ടുപ്രതികൾക്കുമെതിരെ യുഎസ് സെക്യൂരിറ്റീസ് നിയമങ്ങളിലെ വഞ്ചനാ

(ശേഷം 2–ാം പേജിൽ)

# സംഭൽ ആരാധനാലയങ്ങളുടെ മേലുള്ള കടന്നുകയറ്റത്തിന് വഴിയൊരുക്കിയത് അയോധ്യാവിധി

**ന**വംബർ 24ന്, ഉത്തർപ്രദേശിലെ സംഭലിൽ, ഷാഹി ജമാ മസ്ജിദിൽ സർവ്വേ നടത്താൻ ശ്രമിക്കുന്നതിനിടെ ഉണ്ടായ സംഘർഷത്തെ തുടർന്നുള്ള പൊലീസ് വെടിവയ്പ്പിൽ അഞ്ചുപേർ മരിക്കുകയും അനവധിയാളുകൾക്ക് പരിക്കേൽക്കുകയും ചെയ്തു. പതിനാറാം നൂറ്റാണ്ടിൽ, മുഗൾ ചക്രവർത്തിയായിരുന്ന ബാബറിന്റെ ഭരണകാലത്ത് പണികഴിപ്പിച്ചതാണ് ഈ മസ്ജിദ്. നിലവിൽ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സംരക്ഷണത്തിലുള്ള മസ്ജിദിൽ, നൂറ്റാണ്ടുകളായി മുസ്ലീം സമുദായം ആരാധന നടത്തിവരുന്നു. എന്നാൽ, അവിടെ



ഹരിഹരക്ഷേത്രമായിരുന്നുവെന്നും അതു നശിപ്പിച്ച് അതിനുമീതെയാണ് പള്ളി പണിതിരിക്കുന്നതെന്നുമുള്ള അവകാശവാദം ഉന്നയിച്ച് കൊടുത്തിരിക്കുന്ന കേസിൽ, തെളിവുകൾ അന്വേഷിച്ചു കൊണ്ടായിരുന്നു കോടതി നിർദ്ദേശപ്രകാരമുള്ള സർവ്വേ. നവംബർ 19ന് ആദ്യസർവ്വേ പൂർത്തിയാക്കിയതാണ്. തുടർന്നാണ് വർധിച്ച പൊലീസ് സന്നാഹവുമായി രണ്ടാംസർവ്വേക്കെത്തുന്നതും അക്രമവും വെടിവെയ്പ്പും നടക്കുന്നതും 17 വയസ്സായ കുട്ടിയുൾപ്പെടെയുള്ള അഞ്ചുപേർക്ക് ജീവഹാനി ഉണ്ടാകുന്നതും. സമാജ് വാദി പാർട്ടിയുടെ എംപി സിയ ഉർ റെഹ്മാൻ ബർഖ് അടക്കം 2500 ഓളം പേർക്കെതിരെ പൊലീസ് കേസെടുത്തിരിക്കുകയാണ്.

ഈ നടപടികൾ വാസ്തവത്തിൽ എന്തിനാണ് എന്നതാണ് ചോദ്യം. അഞ്ചു നൂറ്റാണ്ടായി മസ്ജിദായി നിലനിൽക്കുന്ന, ചരിത്രപ്രാധാന്യം കൊണ്ടുതന്നെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള

(ശേഷം 3–ാം പേജിൽ)



സർക്കാർ ആശുപത്രികളിൽ മതിയായ അളവിൽ ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുക, സമ്പൂർണമായും സൗജന്യ ചികിത്സ ഉറപ്പാക്കുക, ഗുണനിലവാരമുള്ള മരുന്ന് സൗജന്യമായി നൽകുക, ഒപി ടിക്കറ്റ് ചാർജ് നിർത്തലാക്കുക, ആരോഗ്യ മേഖലയെ സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങൾ പിൻവലിക്കുക, എൻഎച്ച്എം പദ്ധതി പിൻവലിച്ച് ജനകീയ ആരോഗ്യ സംവിധാനം പുന:സ്ഥാപിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിനുമുമ്പിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ധർണ നടന്നു. സംസ്ഥാന കമ്മിറ്റിയംഗം പി.എം.ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി എസ്.രാജീവൻ അധ്യക്ഷത വഹിച്ചു. ജില്ലാകമ്മിറ്റി അംഗം എം.കെ.രാജൻ, ഡോ.എം.ജ്യോതിരാജ്, സി.പ്രവീൺ കുമാർ, സി.ഷീബ, എ.സജീന, വി.കെ.ബാലകൃഷ്ണൻ, പി.കെ.തോമസ്, പി.അനീഷ് കുമാർ, കെ.റഹിം, ഹരിദാസൻ എന്നിവർ പ്രസംഗിച്ചു.


പേജ് 6 ട്രേഡ് യൂണിയൻ അവകാശങ്ങൾക്കായി സംഘടിക്കുക

പേജ് 9 ട്രംപ് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടത് ആശങ്കയേറ്റുന്നു

**അദാനി തട്ടിപ്പ്**

# അദാനിയുടെ തട്ടിപ്പുകൾക്കെതിരെ നിയമനടപടികളുമായി യുഎസ് കോടതി

(1–ാം പേജിൽ നിന്ന്)

വിരുദ്ധ വ്യവസ്ഥകൾ ലംഘിച്ചതിന് കുറ്റം ചുമത്തുകയും, പിഴയും മറ്റ് ഉപരോധങ്ങളും തേടുകയും ചെയ്യുന്നു. വായ്പ നൽകിയവരിൽനിന്നും നിക്ഷേപകരിൽനിന്നും അഴിമതി മറച്ചുവെച്ചുകൊണ്ട് ഗൗതം അദാനി, അനന്തരവൻ സാഗർ അദാനി, എക്സിക്യൂട്ടീവ് വിനീത് ജെയിൻ എന്നിവർ ചേർന്ന് 3 ബില്യൺ ഡോളർ (25,200 കോടി രൂപ) ലോണുകളും ബോണ്ടുകളുമായി കമ്പനിക്കുവേണ്ടി സമാഹരിച്ചതായി യുഎസ് പ്രോസിക്യൂട്ടർമാർ അവകാശപ്പെടുന്നു.

ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ ഗൗതം അദാനി ഇന്ത്യയിലെ ഒരു സർക്കാർ ഉദ്യോഗസ്ഥനെ വ്യക്തിപരമായി സന്ദർശിച്ചുവെന്നും, കൈക്കൂലി വിഷയം ചർച്ച ചെയ്യാൻ പതിവായി ചർച്ചകൾ നടത്തിയിരുന്നുവെന്നുമാണ് സിഎൻഎൻ റിപ്പോർട്ട് ചെയ്യുന്നത്. ഇതിന് തെളിവായി കൈക്കൂലിയുടെ വിവരങ്ങൾ ഒന്നിലധികം മൊബൈൽ ഫോണുകളിൽനിന്നും ലഭിച്ചിട്ടുണ്ട്. അദാനി ഗ്രീനും മറ്റൊരു സ്ഥാപനവും, കേന്ദ്ര റിന്യൂവബിൾ എനർജി മന്ത്രാലയത്തിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി(എസ്ഇസിഐ) ഊർജ്ജോൽപ്പാദന കരാറിൽ ഏർപ്പെട്ടിരുന്നു. ഈ കരാറനുസരിച്ചുള്ള വൈദ്യുതി ഉൽപ്പാദനത്തിന്റെ ഡിമാൻഡ് ഉറപ്പുനൽകാൻ 2020–21ൽ അദാനിയും അദ്ദേഹത്തിന്റെ കൂട്ടാളികളും കൈക്കൂലി പദ്ധതി ആസൂത്രണം ചെയ്യാൻ തുടങ്ങിയതായും പ്രസ്താവിക്കുന്നു.

സോളാർ എനർജി കോർപ്പറേഷനും ആന്ധ്രയിലെ വൈദ്യുതി വിതരണ കമ്പനികളുമായി വൈദ്യുതി വിൽപ്പന കരാറുണ്ടാക്കുന്നതിന് 2021ൽ ഗൗതം അദാനി ആന്ധ്രാപ്രദേശിലെ ഭരണതലത്തിലെ ഒരു ഉന്നതനുമായി കൂടിക്കാഴ്ച നടത്തിയിരുന്നുവെന്നും യുഎസ് പുറത്തുവിട്ട രേഖയിൽ പറയുന്നു. 1,750 കോടി രൂപ (ഏകദേശം 228 ദശലക്ഷം ഡോളർ) കൈക്കൂലി വാഗ്ദാനം ചെയ്തതോടെ, സംസ്ഥാന വൈദ്യുതി വിതരണ കമ്പനികൾ എസ്ഇസിഐയിൽനിന്ന് 7ജിഗാവാട്ട് സൗരോർജ്ജം വാങ്ങാൻ സമ്മതിച്ചതായും രേഖയിൽ പറയുന്നു. 2022 ഫെബ്രുവരിയോടെ, ഒഡീഷ, ജമ്മു കാശ്മീർ, തമിഴ്നാട്, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളിലെ സർക്കാർ വിതരണ കമ്പനികളും സമാനമായി എസ്ഇസിഐ യുമായി വൈദ്യുതി വിൽപ്പന കരാറിൽ ഏർപ്പെട്ടു. നികുതിദായകരുടെ പണത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന വൈദ്യുതി വിതരണ കമ്പനികളെ അദാനി എനർജിയിൽനിന്ന് ഉയർന്ന നിരക്കിൽ സൗരോർജ്ജം വാങ്ങാൻ സമ്മതിപ്പിക്കുന്നതിനാണ് കൈക്കൂലി നൽകിയത്.

### ബിജെപി സർക്കാരുകളുടെ സഹായത്തോടെ അദാനി ഗ്രൂപ്പിന്റെ വൻമുന്നേറ്റം

കഴിഞ്ഞ 20–22 വർഷങ്ങളിലെ അദാനി ഗ്രൂപ്പിന്റെ ഉയർച്ച കണ്ണഞ്ചിപ്പിക്കുന്നതായിരുന്നു. ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ നരേന്ദ്ര മോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ഗൗതം അദാനിയുടെ വ്യവസായം വളർച്ചയുടെ പടവുകൾ കയറിത്തുടങ്ങിയത്. മോദിയുടെ നേതൃത്വത്തിലുള്ള ഗുജറാത്ത് സർക്കാരിൽനിന്ന് ഗൗതം അദാനി തുറമുഖ-പ്രത്യേക സാമ്പത്തിക മേഖല (സെസ്) പദ്ധതികൾക്കായി ഭൂമി കൈക്കലാക്കിയത്-ചതുരശ്ര മീറ്ററിന് 1 രൂപ മുതൽ 32 രൂപവരെ-സംസ്ഥാനത്തെ മറ്റ് കമ്പനികളെ അപേക്ഷിച്ച് വളരെ കുറഞ്ഞ് വിലയ്ക്കായിരുന്നു. കച്ച് ജില്ലയിലെ മുന്ദ്ര ബ്ലോക്കിൽ 15,946.32 ഏക്കറിൽ (6,456 ഹെക്ടർ) വ്യാപിച്ചുകിടക്കുന്ന അദാനി തുറമുഖത്തിനും, രാജ്യത്തെ ഏറ്റവും വലിയ മൾട്ടി-പ്രൊഡക്റ്റ് സെസിനുംവേണ്ടി സംസ്ഥാനം കാർഷികേതര സർക്കാർ ഭൂമി അനുവദിച്ചതിനാൽ, ഇളവുള്ള വിലനിർണ്ണയത്തിനുപുറമെ, ഭൂമി ഏറ്റെടുക്കലിൽ തടസ്സങ്ങളൊന്നും അവർക്ക് നേരിടേണ്ടി വന്നില്ല. 1995ലെ തുറമുഖ നയം അനുസരിക്കാതെ (ഗുജറാത്ത് സംസ്ഥാന സർക്കാർ, മോദി മുഖ്യമന്ത്രിയായിരു കാലത്ത്) അദാനി ഗ്രൂപ്പിന് തങ്ങളുടെ ഓഹരി വിറ്റഴിച്ച് കച്ചിലെ മുന്ദ്രയിൽ ഒരു സ്വകാര്യ തുറമുഖം സ്ഥാപിക്കുന്നതിന് സഹായിച്ചു. അന്നത്തെ ഗുജറാത്ത് സർക്കാർ മുന്ദ്ര തുറമുഖത്തിലെ തങ്ങളുടെ ഓഹരികൾ 26 ശതമാനത്തിൽ നിന്ന് 11 ശതമാനത്തിലേക്കും പിന്നീട് 8.55 ശതമാനത്തിലേക്കും ക്രമേണ കുറച്ചു. പിന്നീട് സംസ്ഥാന സർക്കാർ തങ്ങളുടെ 8.55 ശതമാനം ഓഹരികൾ 197.79 കോടി രൂപയ്ക്ക് അദാനിക്ക് വിറ്റു. മാത്രമല്ല, ഒരു സ്വകാര്യ തുറമുഖം സ്ഥാപിക്കാൻ സംസ്ഥാനത്തിന് താൽപര്യമുണ്ടെങ്കിൽ, തുറമുഖ നയത്തിൽ വിവരിച്ചിരിക്കുന്ന നടപടിക്രമം പിന്തുടരുകയും, മറ്റ് കമ്പനികളിൽനിന്ന് ലേലം ക്ഷണിക്കുകയും ചെയ്യണമായിരുന്നു. എന്നാൽ ലേലം നടത്തിയില്ലെന്ന മാത്രമല്ല, കാലക്രമേണ സർക്കാർ ഓഹരികൾ ക്രമാനുഗതമായി കുറച്ചു കൊണ്ടുവന്ന് ഒന്നുമില്ലാതെയാക്കുകയും ചെയ്തു. ബിജെപി ഭരിക്കുന്ന ഗുജറാത്ത് സർക്കാർ അദാനിയോട് കാണിച്ച പച്ചയായ പ്രീണനമായിരുന്നു ഇത്. ഇത്രയും ഹീനമായ നിയമലംഘനത്തിന് സിഎജി ഗുജറാത്ത് സർക്കാരിനെ വിമർശിച്ചിരുന്നു. പക്ഷേ, ഫലമുണ്ടായില്ല. നരേന്ദ്ര മോദിയും അദ്ദേഹത്തിന്റെ പാർട്ടിയും അതിരുവിട്ട്, നിയമത്തെ മറികടന്നും പിന്തുണയ്ക്കുന്നതിനാൽ അദാനിക്ക് പിന്നീട് ഒരിക്കലും തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല.

2014ൽ കേന്ദ്രത്തിൽ അധികാരത്തിലെത്തിയ ബിജെപി സർക്കാർ അദാനിക്ക് ഒന്നിലധികം വിമാനത്താവളങ്ങൾ അനുവദിക്കാനായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുകയുണ്ടായി. 30 ലക്ഷം കോടിയുടെ കാർഷികവ്യാപാരം അദാനിക്കും മുകേഷ് അംബാനിക്കും കൈമാറാനുള്ള ഗൂഢാലോചന എന്ന് ആരോപണവിധേയമായ പുതിയ കാർഷിക നിയമങ്ങൾ കൊണ്ടുവന്ന മോദി സർക്കാർ. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെയും (ഇഡി), സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷനെയും (സിബിഐ) പ്രതിപക്ഷ നേതാക്കൾക്കെതിരെയും, നിസ്സാര വിഷയങ്ങളിൽപോലും തങ്ങളുമായി യോജിച്ചുപോകാത്ത വ്യക്തികൾക്കെതിരെയും, ദുർബലമായ ന്യായങ്ങൾ ഉന്നയിച്ചുകൊണ്ടും അഴിച്ചുവിടുന്നു. എന്നാൽ, അദാനിക്കെതിരായ ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഈ ഏജൻസികൾക്ക് യാതൊരു താൽപര്യവുമില്ല. അങ്ങനെ, വർഷങ്ങളായി രാജ്യത്തും വിദേശത്തും അനാശാസ്യമായ ഇടപാടുകൾ ധാരാളമുണ്ടായിട്ടും, മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാരിന്റെ പ്രിയപ്പെട്ട ബഹുരാഷ്ട്ര കുത്തകയാണ് അദാനി ഗ്രൂപ്പ്. കൈയേറിയ ആദിവാസി ഭൂമിയിലെ ഖനനം, തുറമുഖ നിർമ്മാണവും നടത്തിപ്പും, വിമാനത്താവളപരിപാലനം, ആയുധനിർമ്മാണം, സിമന്റ് ഉൽപാദനം, വൈദ്യുതി ഉൽപാദനവും വിതരണവും, കൽക്കരി, സൗരോർജ്ജം എന്നിവയുടെ വ്യാപാരം, മാധ്യമ സ്ഥാപനങ്ങൾ നടത്തുക തുടങ്ങി വിവിധ മേഖലകളിൽ ഒന്നിനുപുറകെ ഒന്നായി അവർക്ക് ബിജെപി സർക്കാരിന്റെ സഹായവും കരാറുകളും നിർല്ലോഭം ലഭിക്കുന്നു. 2014ൽനരേന്ദ്രമോദിപ്രധാനമന്ത്രിയായപ്പോൾ അദാനിയുടെ ആസ്തി 2.8 ബില്യൺ ഡോളറായിരുന്നു (2,36,47.86 കോടി രൂപ). നഗ്നമായ പ്രീണനത്തെക്കുറിച്ചുള്ള രാഷ്ട്രീയ വിമർശനങ്ങൾക്കിടയിൽ, 90 ബില്യൺ ഡോളർ (7,47,000 കോടി രൂപ) ആസ്തി നേടിയ ഗൗതം അദാനി, 2022 ഏപ്രിലിൽ ലോകത്തിലെ ഏറ്റവും ധനികനായ രണ്ടാമത്തെ വ്യക്തിയായി. 2023ൽ പ്രധാനമന്ത്രി മോദി മൂന്നാം തവണയും അധികാരത്തിൽ വന്നതോടെ അദാനിയുടെ സമ്പത്ത് കുതിച്ചുയർന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ സമ്പത്ത് ഏകദേശം 9.8 ട്രില്യൺ ഡോളറാണ് (8,27,475.56 കോടി രൂപ). ബിസിനസ്സിനോടുള്ള തുറന്ന മനസ്സും സ്വജനപക്ഷപാതവും തമ്മിലുണ്ടായിരിക്കേണ്ട വ്യക്തമായ വ്യത്യാസം ഇല്ലാതാക്കിക്കൊണ്ട് മോദി സർക്കാർ അദാനി ഗ്രൂപ്പിനെ നിരന്തരം പ്രോത്സാഹിപ്പിച്ചു കൊണ്ടേയിരിക്കുന്നു എന്നത് രഹസ്യമല്ല.

2023ൽ, യുഎസിലെ ഹിൻഡൻബർഗ് റിസർച്ച്, അദാനി ഗ്രൂപ്പിന്റെ അക്കൗണ്ടിംഗ് വെട്ടിപ്പിന്റെയും, മാർക്കറ്റ് കൃത്രിമത്വത്തിന്റെയും ആരോപണങ്ങൾ വിശദീകരിക്കുന്ന ഒരു നിശിതമായ റിപ്പോർട്ട് പുറത്തിറക്കി. പ്രധാനമായും അദാനി ഗ്രൂപ്പിന്റെ ഏഴ് പ്രധാനപ്പെട്ട, ലിസ്റ്റ് ചെയ്ത കമ്പനികളിൽ, കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ഉണ്ടായ ശരാശരി 819% ഓഹരി വില വർദ്ധനവുവഴി ഗൗതം അദാനി 100 ബില്യൺ ഡോളറിലധികം ഈ കാലയളവിൽ കൂട്ടിച്ചേർത്തതായി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. ലിസ്റ്റുചെയ്ത അദാനി സ്ഥാപനങ്ങൾ പിന്നീട് ഗണ്യമായ കടം എടുത്തു. ഇതിനായി, അവരുടെ ഊതിവീർപ്പിച്ച വിലയുള്ള ഓഹരികൾ ഉൾപ്പെടെ വായ്പയ്ക്കായി പണയം വെച്ചത്, ഗ്രൂപ്പിനെ മുഴുവൻ അപകടകരമായ സാമ്പത്തിക സ്ഥിതിയിലാക്കിയിട്ടുണ്ട്. പൊതുജനങ്ങളിൽനിന്ന് പണം തട്ടിയെടുക്കാനും അത് വെളുപ്പിക്കാനും അദാനി ഗ്രൂപ്പ് വിദേശ നിഷ്ക്രിയ കമ്പനികളെ ഉപയോഗിക്കുകയും പതിറ്റാണ്ടുകളായി അക്കൗണ്ടിംഗ് തട്ടിപ്പുകൾ നടത്തുകയും ചെയ്യുന്നു. അതിശയകരമെന്നു പറയട്ടെ, ഇന്ത്യയിലെ മൂലധന വിപണിയുടെ മേൽനോട്ട ഉത്തരവാദിത്തം ഏൽപ്പിച്ചിരിക്കുന്ന സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) ശരിയായ അന്വേഷണമില്ലാതെ അദാനി ഗ്രൂപ്പിനെ കുറ്റവിമോചിതരാക്കി. സെബി ഒരു നിയമപരമായ സ്ഥാപനമാണ്, അതിന്റെ മേധാവിയെ നിയമിക്കുന്നത് പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിലുള്ള ക്യാബിനറ്റിന്റെ അപ്പോയിന്റ്മെന്റ്സ് കമ്മിറ്റിയാണ്. എന്നിട്ടും സെബിയുടെ ഭാഗത്തുനിന്നുണ്ടായ കൃത്യവിലോപം സർക്കാർ അവഗണിച്ചു. ഓഹരിവിലയിലെ കൃത്രിമം, വെളിപ്പെടുത്താത്ത ബന്ധുതാ ഇടപാടുകൾ, പൊതുവിപണിയിൽ നിലനിർത്തേണ്ട മിനിമം ഓഹരി ഉടമസ്ഥതയുടെ പരിധി ലംഘനം എന്നീ ആരോപണങ്ങൾ അന്വേഷിക്കാൻ സെബിയോട് സുപ്രീംകോടതി മാത്രമാണ് ആവശ്യപ്പെട്ടത്. എന്നാൽ ഇടപാടുകളിൽ ക്രമക്കേടൊന്നും കണ്ടെത്തിയിട്ടില്ലെന്ന് സെബി അറിയിച്ചു. കഴിഞ്ഞ ജനുവരിയിൽ, സെബിയുടെ അന്വേഷണം അവസാന വാക്കായിരിക്കുമെന്നും കൂടുതൽ അന്വേഷണങ്ങൾ ആവശ്യമില്ലെന്നും സുപ്രീംകോടതി വിധിച്ചപ്പോൾ അദാനിക്ക് അത് വലിയ ആശ്വാസം നൽകി.

### പ്രധാനമന്ത്രി മോദി വിദേശത്ത് അദാനിക്കുവേണ്ടി ശുപാർശ ചെയ്തതായി ആരോപണം

കഴിഞ്ഞ ഒരു ദശാബ്ദത്തോളമായി ഇന്ത്യക്കുപുറത്തുള്ള അദാനി ഗ്രൂപ്പിന്റെ വളർച്ച ഇന്ത്യയുടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നയതന്ത്ര ശ്രമങ്ങളുമായി ഇഴുകിചേർന്നതാണ്. അദാനിയുടെ പല അന്താരാഷ്ട്ര ഇടപാടുകളും നടന്നത്, ചില രാജ്യങ്ങളിലെ മോദിയുടെ ഔദ്യോഗിക സന്ദർശനത്തിനുശേഷമോ അല്ലെങ്കിൽ രാജ്യതലവൻമാർ ഇന്ത്യ സന്ദർശിച്ചതിനുശേഷമോ ആണ്. 2015ൽ രാജ്യത്തെ ഒരു പ്രമുഖപത്രം 'മോദി പോയ ഇടങ്ങളിലെല്ലാം അദാനി പോകുമെന്ന് ഉറപ്പായിരുന്നു' എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. പ്രധാനമന്ത്രി മോദിയുടെ ഔദ്യോഗിക യാത്രകളിൽ നടത്തിയ നയതന്ത്ര ചർച്ചകൾ ഓസ്ട്രേലിയ, ബംഗ്ലാദേശ്, ഗ്രീസ്, ഇന്തോനേഷ്യ, ഇസ്രയേൽ, കെനിയ, മ്യാൻമർ, നേപ്പാൾ, ശ്രീലങ്ക, ടാൻസാനിയ തുടങ്ങിയ രാജ്യങ്ങളിൽ അദാനി ഗ്രൂപ്പിന് തങ്ങളുടെ അന്താരാഷ്ട്ര ബിസിനസ് വിപുലീകരിക്കാൻ സഹായിച്ചു. കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു പദ്ധതി അദാനിക്ക് നൽകാൻ പ്രധാനമന്ത്രി മോദി തങ്ങളുടെ പ്രസിഡന്റിനുമേൽ സമ്മർദ്ദം ചെലുത്തിയെന്ന് പാർലമെന്ററി കമ്മിറ്റിക്ക് മുമ്പിൽ ഒരു ശ്രീലങ്കൻ ഉദ്യോഗസ്ഥൻ വെളിപ്പെടുത്തി. ഇപ്പോൾ എല്ലാ കരാറുകളും റദ്ദാക്കിയ കെനിയയിൽ, പ്രധാനമന്ത്രി മോദിയാണ് അദാനിയെ പരിചയപ്പെടുത്തിയതെന്ന് സർക്കാർ ഔദ്യോഗികമായി സമ്മതിച്ചു. ബംഗ്ലാദേശിൽ, അദാനി ഗ്രൂപ്പുമായുള്ള വൈദ്യുതി പ്രസരണ കരാർ അന്യായമാണെന്ന് പരക്കെ വിമർശിക്കപ്പെട്ടു. ഇത് ആ രാജ്യത്തും അതിനുള്ള പവർ പ്ലാന്റ് സ്ഥാപിക്കാൻ പോകുന്ന ജാർഖണ്ഡിലും പ്രതിഷേധത്തിന് കാരണമായി.

ഇസ്രയേലുമായുള്ള അദാനിയുടെ പ്രതിരോധ കരാറും പ്രഹസനമാണ്. അദ്ദേഹത്തിന്റെ കമ്പനികൾ ഇന്ത്യയിൽ അത്തരം ആയുധ നിർമ്മാണം നടത്തിയിട്ടില്ല. ഇന്തോനേഷ്യയിൽനിന്ന് ഇറക്കുമതി ചെയ്ത കൽക്കരിയുടെ കണക്കിൽ കൂടുതൽ ഇൻവോയ്സ് ചെയ്ത കേസും കൊടുങ്കാറ്റ് സൃഷ്ടിച്ചെങ്കിലും അന്വേഷണത്തിന് ഉത്തരവിട്ടില്ല. അദാനി ഗ്രൂപ്പിന്റെ പദ്ധതികൾക്ക് ആവശ്യമായ എല്ലാ പിന്തുണയും നൽകാൻ തയ്യാറാണെന്ന് ഈജിപ്ത് പ്രസിഡന്റ് അബ്ദുൽ ഫത്താഹ് എൽസിസി ഉറപ്പിച്ച് പറഞ്ഞിരുന്നു. 2023 ഡിസംബർ 5ന്, കെനിയൻ പ്രസിഡന്റ് വില്യം റൂട്ടോ, പ്രധാനമന്ത്രി മോദിയെ ഭാരതസർക്കാരിന്റെ ആഡംബര അതിഥി മന്ദിരമായ ന്യൂഡൽഹിയിലെ ഹൈദരാബാദ് ഹൗസിൽ കാണുമ്പോൾ ഇരുരാജ്യങ്ങളിലേയും സർക്കാർ ഉദ്യോഗസ്ഥർക്കൊ

(ശേഷം 3–ാം പേജിൽ)

സംഭൽ

# ജുഡിഷ്യറിയും ഭരണസംവിധാനങ്ങളും സംഘപരിവാർ അജണ്ടയുടെ നടത്തിപ്പുകാരാകുന്നു

(1–ാം പേജിൽ നിന്ന്)

ഇടമാണ് സംഭലിലെ മസ്ജിദ്. പൊതുവേ സമാധാനപരമായിതന്നെ സഹവർത്തിച്ചാണ് എല്ലാ മതത്തിലുംപെട്ട ജനങ്ങൾ ഇവിടെ കഴിഞ്ഞുവന്നതും. ഇപ്പോൾ മസ്ജിദിനടിയിൽ ക്ഷേത്രമുണ്ടായിരുന്നോ എന്ന് നിർണ്ണയിക്കാനുള്ള സർവ്വേക്ക് സംഭൽ ജില്ലാ കോടതി ഉത്തരവിട്ടത് ഹരിശങ്കർ ജയിൻ എന്ന അഭിഭാഷകൻ നൽകിയ കേസിലാണ്. അദ്ദേഹത്തിന്റെ മകൻ വിഷ്ണു ശങ്കർ ജയിൻ, മഹന്ത് ഋഷിരാജ് ഗിരി തുടങ്ങിയവരാണ് ഹർജിക്കാർ. ഈ ജയിൻമാരുടെ പേരുകൾ തന്നെയാണ്, അയോധ്യയിലെയും വാരണാസിയിലെ ഗ്യാൻവാപി മസ്ജിദിലെയും മഥുരയിലെ ഷാഹി ഈദ്ഗാഹ് മസ്ജിദിലെയും സമാനമായ കേസുകളിലും ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ അയോധ്യ ഒഴികെയുള്ള കേസുകളൊക്കെ തന്നെ 1991ലെ ആരാധനാലയ നിയമത്തെ (Places of Worship Act–1991) കാറ്റിൽ പറത്തുന്നവയാണ്. ബാബ്റി മസ്ജിദ് തകർത്തതുപോലെയുള്ള ഹീനമായ സംഭവങ്ങൾ രാജ്യത്ത് ആവർത്തിക്കാതിരിക്കാൻ ഇന്ത്യയുടെ പാർലമെന്റ് പാസ്സാക്കിയ നിയമമാണ് ആരാധനാലയ നിയമം. നിലവിൽ ഒരു മതത്തിന്റേതായി നിലകൊള്ളുന്ന ഒരു ആരാധനാലയത്തെ മറ്റൊരു മതത്തിന്റേതാക്കി മാറ്റുന്നതിനെ നിയമത്തിന്റെ 3–ാം വകുപ്പ് തടയുന്നു. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ, അതായത് 1947 ആഗസ്റ്റ് 15ന് ഒരു ആരാധനാലയത്തിന്റെ മതപരമായ സ്വഭാവം എന്തായിരുന്നോ അതുതന്നെ തുടരണം എന്ന് നിയമത്തിന്റെ 4(1)–ാം വകുപ്പ് പറയുന്നു. വകുപ്പ് 4(2) പറയുന്നത്, ഈ തീയതിയിൽ ആരാധനാലയത്തിൽ നിലനിന്ന മതപരമായ സ്വഭാവത്തെ പരിവർത്തനപ്പെടുത്തുന്നത് സംബന്ധിച്ച് രാജ്യത്തെ ഒരു കോടതിയിലും കേസെടുക്കാനോ കേസ് തുടരാനോ പാടില്ലെന്നാണ്. രാജ്യത്തിന്റെ മതേതരത്വം ഏറ്റവും വലിയ വെല്ലുവിളി നേരിട്ട ഒരവസരത്തിൽ, ഭരണഘടനയുടെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് രാജ്യത്തിന്റെ പരമോന്നത നിയമനിർമ്മാണ സഭ പാസ്സാക്കിയ നിയമമാണിത്. നിലവിൽ ഈ നിയമത്തിന്റെതന്നെ സാധുതയെ ചോദ്യംചെയ്തുകൊണ്ടുള്ള ഹർജി സുപ്രീംകോടതിയുടെ പരിഗണനയിലാണ്. എന്നാൽ, ഇതിൽ വിധി വരുന്നതിനുമുമ്പ് തന്നെ രാജ്യത്തെ കോടതികളിൽ ചിലതെങ്കിലും ഈ നിയമത്തെ നഗ്നമായി ലംഘിച്ചുകൊണ്ട് ഇത്തരം കേസുകൾ ഫയലിൽ സ്വീകരിച്ച് വാദം കേൾക്കുന്നതും നടപടികളെടുക്കുന്നതും തികച്ചും ഭരണഘടനാവിരുദ്ധമാണെന്ന മാത്രമല്ല, രാജ്യത്തിന്റെ മതേതര സ്വഭാവത്തിനും, ജനാധിപത്യമനോഭാവത്തിനും കടുത്ത വെല്ലുവിളി ഉയർത്തുന്നതും, അവശേഷിക്കുന്ന സാഹോദര്യത്തെയും സമാധാനത്തെയും തകർക്കുന്നതുമാണ്. കീഴ്ക്കോടതികളിൽ നടക്കുന്ന ഈ കടുത്ത നിയമലംഘനത്തിൽ കർശനമായി ഇടപെടാതെ നിശ്ശബ്ദത പുലർത്തിയ സുപ്രീംകോടതി, ഒടുവിൽ ഡിസംബർ 12ന് ഇത്തരം ഹർജികൾ വിലക്കിയിരിക്കുകയാണ്. സംഭൽ കേസിൽ, ജില്ലാ കോടതിയുടെ സർവ്വേ നടപടികൾ മരവിപ്പിച്ചുവെങ്കിലും, രാജ്യത്തെ പല കോടതികളിലും ഈ സ്വഭാവത്തിലുള്ള കേസുകൾ വർദ്ധിച്ചുവരുമ്പോ ൾ, കേസിലെ ഗുരുതരമായ നിയമലംഘനത്തിനെതിരെ നടപടിയെടുത്ത്, കൃത്യമായ ദിശ കാണിച്ചുകൊടുക്കേണ്ട ഉത്തരവാദിത്തം പരമോന്നത കോടതിയിൽനിന്നും കാണാനായില്ല. പകരം, കേസിലെ പരാതിക്കാരായ സംഭൽ ഷാഹി മസ്ജിദ് കമ്മിറ്റിയോട് അലഹ

(ശേഷം 4–ാം പേജിൽ)

അദാനി തട്ടിപ്പ്

# അദാനി ഗ്രൂപ്പിനെതിരെയുള്ള ആരോപണങ്ങളിൽ സമഗ്രമായ അന്വേഷണത്തിന് കേന്ദ്രസർക്കാർ ഉത്തരവിടണം

(2–ാം പേജിൽ നിന്ന്)

പ്പം, ഒരു അപ്രതീക്ഷിത സന്ദർശകൻ പ്രത്യക്ഷപ്പെട്ടു. അത് ഗൗതം അദാനി ആയിരുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഗൗതം അദാനിയും തമ്മിലുള്ള ബന്ധം രാഷ്ട്രീയ ചർച്ചകളിൽ ആധിപത്യം സ്ഥാപിച്ചതിന് സമാനമായി ഇന്ത്യയുടെ ചരിത്രത്തിൽ മുമ്പൊരിക്കലും ഒരു പ്രധാനമന്ത്രിയും വ്യവസായിയും തമ്മിൽ ഉണ്ടായിട്ടില്ല. ഇവർ രണ്ടുപേരും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ബിസിനസ്സിന്റെ ആഗോള വിപുലീകരണം സുഗമമാക്കുന്നതിനുപുറമെ, അദാനിക്ക് എൽഐസിയിൽനിന്നും എസ്ബിഐയിൽനിന്നും ഉദാരമായ ധനസഹായവും ലഭിച്ചു, വ്യക്തമായും ബിജെപി സർക്കാരിന്റെ, അതായത് പ്രധാനമന്ത്രി മോദിയുടെ പ്രേരണയാലാണത്. കൂടാതെ, അദാനിയുടെ വലിയ ബാങ്ക് വായ്പാ കുടിശ്ശിക ഉദാരമായി എഴുതിത്തള്ളുകയും ചെയ്തു. പൊതുമേഖലാ ബാങ്കുകളിൽ അദാനി ഗ്രൂപ്പ് ഏറ്റെടുത്ത പത്ത് കമ്പനികൾക്കുണ്ടായിരുന്ന 62,000 കോടി രൂപയുടെ നികുതി കുടിശ്ശിക 16,000 കോടി രൂപയായി കുറച്ചതായി കഴിഞ്ഞ ദിവസം ആൾ ഇന്ത്യ ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ ആരോപിച്ചു. സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിരതയ്ക്കും, ദശലക്ഷക്കണക്കിന് ഇന്ത്യക്കാരുടെ സമ്പാദ്യത്തിനും ഉണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ഇത് ആശങ്കകൾ ഉയർത്തിയിട്ടുണ്ട്.

### ഹിൻഡൻബർഗ് ഉയർത്തിയ ആരോപണങ്ങൾ അവഗണിക്കപ്പെട്ടു

സെബി ചെയർപേഴ്സണായിരുന്ന മാധബി പുരി ബുച്ചിനും ഭർത്താവ് ധബൽ ബുച്ചിനും അദാനിയുടെ കമ്പനികളിൽ വൻതോതിൽ ഓഹരിയുണ്ടെന്ന പുതിയ ആരോപണം 2024 ആഗസ്റ്റ് 10ന്, ഹിൻഡൻബർഗ് റിസർച്ചിന്റെ രണ്ടാമത്തെ റിപ്പോർട്ട് ഉയർത്തി. ഇതാകട്ടെ ഊതിപ്പെരുപ്പിച്ച വിലയുള്ള ഓഹരികളുമാണത്രേ. അദാനി ഗ്രൂപ്പിന് വിവിധ ഏജൻസികളിൽനിന്ന് വൻതുക വായ്പ ലഭിക്കാൻ ഈ വിലപ്പെരുപ്പം സഹായിക്കുകയും ചെയ്തു. അദാനി ഗ്രൂപ്പിൽ നിക്ഷേപം നടത്തിയ മാധബി പുരി ബുച്ചിന്റെയും ഭർത്താവിന്റെയും നടപടി വ്യക്തമായ നിയമ ലംഘനമാണ്. രാജ്യത്തിന്റെ സാമ്പത്തിക വിപണിയുടെ നിയന്ത്രണച്ചുമതലയുള്ള സെബിയുടെ ചരിത്രത്തിൽ അതിന്റെ ചെയർപേഴ്സന്റെ വിശ്വാസ്യത ഇത്രയേറെ ചോദ്യം ചെയ്യപ്പെട്ടിട്ടില്ല. ബുച്ച്, അദാനി ഗ്രൂപ്പുമായി സഖ്യത്തിലായിരുന്നതിനാൽ അവർ ക്ലീൻ ചിറ്റ് നൽകി. അതേസമയം, അദാനിക്കെതിരായ അന്വേഷണ റിപ്പോർട്ട് പുറത്തുവരുന്നതിനു മുമ്പുതന്നെ ആരോപണം ഉന്നയിച്ച ഹിൻഡൻബർഗിന് സെബി കാരണം കാണിക്കൽ നോട്ടീസ് നൽകി. അദാനി ഗ്രൂപ്പ് ഓഹരികളിൽ യുഎസ് സെക്യൂരിറ്റീസ് നിയമം ലംഘിച്ച് ഊഹക്കച്ചവടം നടത്താൻ ഒരു നിക്ഷേപകനുമായി ചേർന്ന് പ്രവർത്തിച്ചു എന്നാരോപിച്ചായിരുന്നു ഇത്. ഹിൻഡൻബർഗ് ഈ ആരോപണം പാടെ നിഷേധിച്ചു.

സാമ്പത്തിക കുറ്റകൃത്യവും കർത്തവ്യലംഘനവും നടത്തിയിട്ടും, ആരോപണ പെരുമഴയുണ്ടായിട്ടും, ബിജെപി സർക്കാർ മാധബി പുരി ബുച്ചിനെ സെബി മേധാവി സ്ഥാനത്തുനിന്ന് നീക്കിയില്ല. എല്ലാ അന്വേഷണങ്ങളെയും തടസ്സപ്പെടുത്തുന്നതിനൊപ്പം, പാർലമെന്റിൽ ഈ വിഷയത്തിൽ ചർച്ചകൾ അനുവദിക്കാൻപോലും ബിജെപി സർക്കാർ വിസമ്മതിച്ചു. ബുച്ചും അദാനിയും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടിനെക്കുറിച്ചുള്ള പ്രതിപക്ഷ നേതാക്കളുടെ വിമർശനാത്മക പരാമർശങ്ങൾ രേഖകളിൽനിന്ന് നീക്കംചെയ്യുകയും അവരുടെ നിഗൂഢമായ പ്രവർത്തനങ്ങളെക്കുറിച്ച് എഴുതിയ മാധ്യമപ്രവർത്തകരെ വേട്ടയാടുകയും ചെയ്തു. വ്യക്തമായും, പ്രധാനമന്ത്രി മോദിയും ബിജെപിയും അദാനി ഗ്രൂപ്പ് ഏതെങ്കിലും തെറ്റായ പ്രവൃത്തി ചെയ്തു എന്നംഗീകരിക്കാൻ പ്രകടമായ വിമുഖത കാണിക്കുന്നു. ബിജെപിയുടെ രാഷ്ട്രീയ താൽപര്യങ്ങൾ അദാനിയുടെ കോർപ്പറേറ്റ് താൽപ്പര്യങ്ങളിൽ നിന്ന് വേർപെടുത്താനാവാത്തതാണെന്ന വസ്തുതയ്ക്ക് ഇതെല്ലാം അടിവരയിടുന്നു.

യുഎസ് നീതിന്യായ വകുപ്പിന്റെ ആരോപണങ്ങൾക്ക് ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ട്. യുഎസിന്റെ ഫോറിൻ കറപ്റ്റ് പ്രാക്ടീസസ് ആക്ട്, 1977 (എഫ്സിപിഎ) പ്രകാരം, ബിസിനസ്സ് നേടുന്നതിനോ നിലനിർത്തുതിനോവേണ്ടി വിദേശ ഗവമെന്റ് ഉദ്യോഗസ്ഥർക്ക് പണം കൊടുക്കുന്നത് നിയമവിരുദ്ധമാണ്. നിർണ്ണായക കോർപ്പറേറ്റ് ഭരണരീതികളെക്കുറിച്ച് നിക്ഷേപകരെ തെറ്റിദ്ധരിപ്പിച്ച് പണം സ്വരൂപിക്കുന്നതും ക്രിമിനൽ കുറ്റമാണ്. ഇവിടെ അത് എഫ്സിപിഎ ലംഘനമാണ്. കൂടാതെ, തെറ്റായ വിവരങ്ങൾ നൽകിയും ഇലക്ട്രോണിക് ആശയവിനിമയംപോലുള്ള തെളിവുകൾ നശിപ്പിച്ചും ഫെഡറൽ അന്വേഷണത്തെ തടസ്സപ്പെടുത്തുത് നിയമവിരുദ്ധമാണ്. കമ്പനി വാർഷിക റിപ്പോർട്ടിൽ കൈക്കൂലി നടപടികൾ മറച്ചുവെക്കുന്നതും പ്രത്യേകകുറ്റമാണ്.ഈകുറ്റകൃത്യങ്ങളിലെല്ലാം അദാനി ഗ്രൂപ്പ് പ്രതിസ്ഥാനത്താണെന്നാണ് റിപ്പോർട്ട്. അദാനി ഗ്രൂപ്പിനെതിരെയുള്ള ആരോപണങ്ങളിൽ സമഗ്രമായ അന്വേഷണത്തിന് കേന്ദ്രസർക്കാർ ഉത്തരവിടണം. സെബി മേധാവി ഉൾപ്പെടെ കുറ്റം ചെയ്തവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കണം.

താരതമ്യേന അസ്ഥിരമായ മൂന്നാമൂഴത്തിൽ പ്രധാനമന്ത്രി മോദിയുടെ സർക്കാരിന് അകാലത്തിൽ പാളം തെറ്റാതിരിക്കാൻ ഭരണകക്ഷിക്ക് അതിന്റെ രാഷ്ട്രീയ മൂലധനം ധാരാളം പാഴാക്കേണ്ടിവരുമെന്ന് സംശയമെന്യേ അനുമാനിക്കാം. അതേസമയം അത്ര എളുപ്പത്തിൽ ഒഴിവാക്കാനാകുന്നയാളല്ല അദാനി. തീർത്തും അഴിമതി നിറഞ്ഞ മുതലാളിത്തത്തിന്റെയും അതിന്റെ സേവകരുടെയും വൃത്തികെട്ട മുഖമാണിത്. അവർക്ക് രാജ്യത്തെ ജനങ്ങൾ ഒരു പ്രശ്നമല്ല. അടിച്ചമർത്തപ്പെട്ടവരും അധ്വാനിക്കുന്നവരുമായ ദശലക്ഷക്കണക്കിന് ആളുകളുടെ വർദ്ധിച്ചുവരുന്ന വിലാപങ്ങളും കഷ്ടപ്പാടുകളും അവരുടെ മനസ്സാക്ഷിയിൽ ഒരു പോറലും ഏൽപ്പിക്കുന്നില്ല. പട്ടിണി, വിലക്കയറ്റം, തൊഴിലില്ലായ്മ, വരുമാനമില്ലായ്മ, ആരോഗ്യപരിരക്ഷയുടെ അഭാവം എന്നിവയാൽ ജനങ്ങൾ വലയുന്നുണ്ടാകാം. പക്ഷേ, ഭരണ മുതലാളിവർഗ്ഗവും അവരുടെ അനുസരണയുള്ള രാഷ്ട്രീയ സേവകരും അതൊന്നും യാതൊരു വിധത്തിലും ഗൗനിക്കുന്നില്ല. നിയമത്തിന്റെ പച്ചയായ ലംഘനം, അടിസ്ഥാന ജനാധിപത്യ തത്വങ്ങളെപ്പോലും നഗ്നമായി അട്ടിമറിക്കൽ, അനിയന്ത്രിതമായ കുറ്റകൃത്യങ്ങൾ തുടങ്ങി, ദുരിതമനുഭവിക്കുന്ന നാട്ടുകാരുടെ അവസാന തുള്ളി ചോരയും പിഴിഞ്ഞെടുത്തുകൊണ്ടു പോലും, പരമാവധി ലാഭം കൊയ്യാനായോ അല്ലെങ്കിൽ ഏതു വിധേനയും ലാഭം നേടാനായോ ഭരണ കുത്തകകൾ ശ്രമിക്കുന്നു. അവരുടെ സ്വേച്ഛാധിപത്യ ഭരണം നിലനിൽക്കുന്നുവെന്ന് ഉറപ്പാക്കാൻ അവർ രാഷ്ട്രീയ മാനേജർമാരെ നിയമിക്കുന്നു. ധനത്തോടും അധികാരത്തോടുമുള്ള മോഹത്താൽ അത്തരം മാനേജർമാർ തങ്ങളുടെ യജമാനന്മാരെ ഭയഭക്തിബഹുമാനത്തോടെ പാദസേവ ചെയ്ത് ജീവിക്കുന്നു.

അടിച്ചമർത്തലിന്റെയും രക്തച്ചൊരിച്ചിലിന്റെയും അഴിമതിയുടെയും സ്വേച്ഛാധിപത്യത്തിന്റെയും ഭരണം നീട്ടിക്കൊണ്ടു പോകേണ്ടതിന്റെ ആവശ്യകത ജനങ്ങൾക്കില്ല. ജനങ്ങൾ ശക്തമായ പ്രതിഷേധം ഉയർത്തുകയും, എല്ലാ ഭിന്നതകൾക്കും അതീതമായി, മുതലാളിത്തവിരുദ്ധ പ്രത്യയശാസ്ത്ര–രാഷ്ട്രീയ ലൈനിൽ ഉറച്ചുനിൽക്കുന്ന ശക്തമായ പ്രതിഷേധങ്ങൾ സംഘടിപ്പിക്കുകയും ചെയ്യണം. ഒത്തൊരുമയോടെ, ഭരണകർത്താക്കളുടെമേൽ ശക്തമായ സമ്മർദ്ദം ചെലുത്തുകയും വേണം. ■




വിലക്കയറ്റം തടയുക, സപ്ലൈകോ ഔട്ട്ലെറ്റുകൾ കാര്യക്ഷമമാക്കുക, അവശ്യവസ്തുക്കളുടെ മൊത്ത–ചില്ലറ വ്യാപാരം സർക്കാർ ഏറ്റെടുക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് തൊടുപുഴയിൽ നടന്ന ധർണ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാനകമ്മിറ്റിയംഗം ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു.

# രാജ്യത്തിന്റെ ഐക്യവും നീതിന്യായ സംവിധാനത്തിന്റെ അന്തസ്സും മതേതരസ്വഭാവവും സംരക്ഷിക്കുക

## സംഭൽ

(3-ാം പേജിൽ നിന്ന്)

ബാദ് ഹൈക്കോടതിയെ സമീപിക്കാനും, അതുവരെ സംഭൽ ജില്ലാ കോടതിയോട് ഈ കേസിലെ തുടർനടപടികൾ നിർത്തിവെക്കാനമാണ് സുപ്രീംകോടതി ആവശ്യപ്പെട്ടത്. രാജ്യത്ത് വർഗ്ഗീയ ധ്രുവീകരണം രൂക്ഷമാക്കാൻ വളരെ ബോധപൂർവ്വം വിഭാഗീയശക്തികൾ ശ്രമിക്കുമ്പോൾ, നീതിന്യായവ്യവസ്ഥയും ജനാധിപത്യസംവിധാനവും ഏതു ദിശയിലാണ് മുന്നേറുന്നത് എന്നത് ചിന്തിക്കേണ്ടതുണ്ട്.

### നടപ്പിലാകുന്നത് സംഘപരിവാറിന്റെ തിരക്കഥ

സംഭൽ ഒറ്റപ്പെട്ട സംഭവമല്ല. അയോധ്യയിൽ സംഭവിച്ചത് നമുക്കറിയാം. കാശിയിലെ ഗ്യാൻവാപിയിൽ മറ്റൊരു അയോധ്യ സൃഷ്ടിക്കാൻ അരങ്ങൊരുങ്ങിയിരിക്കുന്നു. ഇവിടെ മസ്ജിദിലെ വുദുഖാന അടച്ചുപൂട്ടി മുദ്രവെക്കാനും പുരാവസ്തുവകുപ്പിന്റെ സർവ്വേ നടത്താനും മുൻ ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചാണ് ഉത്തരവിട്ടത്. അജ്മീർ ദർഗ നേരത്തേ ശിവക്ഷേത്രമായിരുന്നെന്ന് അവകാശപ്പെട്ടുകൊണ്ടുള്ള സമാനമായ കേസ് അജ്മീർ ജില്ലാകോടതി ഫയലിൽ സ്വീകരിച്ച് നോട്ടീസ് അയച്ചിട്ടുണ്ട്. നേരത്തേ സൂചിപ്പിച്ച മഥുര ഷാഹി ഈദ്ഗാഹ് മസ്ജിദ് കേസിൽ, അവിടെ ഭഗവാൻ കൃഷ്ണന്റെ ജന്മഭൂമിയാണെന്നതാണ് ഹിന്ദുത്വശക്തികളുടെ വാദം. ഇത് പുരാവസ്തുവകുപ്പ് പരിശോധിക്കണം എന്നതാണ് അലഹബാദ് ഹൈക്കോടതിയുടെ നിലപാട്. മധ്യപ്രദേശിലെ കമാൽ മൗല മസ്ജിദ്, നേരത്തേ സരസ്വതിക്ഷേത്രമായിരുന്ന ഭോജ്ശാലയായിരുന്നെന്ന കേസിൽ പുരാവസ്തുവകുപ്പിനെക്കൊണ്ട് സർവ്വേ നടത്തിച്ചത് മധ്യപ്രദേശ് ഹൈക്കോടതിയാണ്. ലഖ്നൗ റീലേവാലി മസ്ജിദ്, ലക്ഷ്മൺതില കൈയേറിയതാണെന്ന കേസിൽ പരിശോധനയ്ക്ക് അവിടത്തെ അഡീഷണൽ ജില്ലാ ജഡ്ജിയും ഉത്തരവിട്ടിരിക്കുകയാണ്. ഇത്തരം കേസുകൾ ഇവിടം കൊണ്ട് അവസാനിക്കില്ല എന്നത് ഉറപ്പാണ്. രാജ്യത്ത് നിലനിൽക്കുന്ന നിയമത്തെ വെല്ലുവിളിക്കുന്ന ഇത്തരം കേസുകളെ കോടതികൾ അംഗീകരിക്കുമ്പോൾ, ഇതെല്ലാം ഒരേ ശൈലിയിൽ, കൃത്യമായ തിരക്കഥയോടെ, ആസൂത്രിതമായി അരങ്ങേറുന്നതാണെന്ന് മനസ്സിലാക്കാൻ സാമാന്യബുദ്ധി മതി.

നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഒരു മസ്ജിദ്, ക്ഷേത്രം തകർത്തു നിർമ്മിച്ചതാണെന്ന കെട്ടുകഥ ആദ്യം പടച്ചുണ്ടാക്കുന്നു. തുടർന്ന്, അവിടെ പൂജ നടത്താനുള്ള അനുമതിയ്ക്കായി കോടതിയിൽ കേസ് രജിസ്റ്റർ ചെയ്യുന്നു. കോടതി ഉടനടി സർവ്വേ നടത്താൻ അനുമതി നൽകുന്നു. സർവ്വേ നടത്തുന്നതാകട്ടെ ബിജെപി സർക്കാരിന്റെ കൂട്ടിലെ തത്തകളായ പുരാവസ്തു വകുപ്പോ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോ ആകും. അവർ അധികാരസ്ഥാനങ്ങളെ പ്രീതിപ്പെടുത്തുന്ന റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്നു. ഇതിനിടയിൽ സമൂഹമാധ്യമങ്ങൾ വഴിയും തങ്ങളുടെ ചൊൽപ്പടിയിൽ നിൽക്കുന്ന പരമ്പരാഗതമാധ്യമങ്ങൾവഴിയും ഈ അവകാശവാദത്തെ കൃത്രിമമായി സ്ഥാപിച്ചുകൊണ്ടും വർഗ്ഗീയ വിദ്വേഷം ആളിക്കത്തിച്ചുകൊണ്ടും നിർബാധം പ്രചാരണം നടത്തുന്നു. മേൽപ്പറഞ്ഞ ഓരോ പ്രശ്നബാധിത ഇടങ്ങളിലും ഇതേ തിരക്കഥ തന്നെയല്ലേ അരങ്ങേറുന്നത്? ഗ്യാൻവാപി കേസിനു പിന്നിലുള്ള വിഷ്ണുശങ്കർ ജെയിനിനെപ്പോലെയുള്ള ആളുകൾ തന്നെയാണ് സംഭൽ അടക്കം പലയിടങ്ങളിലും മസ്ജിദിനെതിരെ കേസ് കൊടുത്തിരിക്കുന്നത്. കാര്യങ്ങൾ പകൽ പോലെ വ്യക്തമായിട്ടും, ആരാധനാലയ നിയമത്തിന്റെ നഗ്നമായ ലംഘനമായിട്ടും, യാതൊരു കൂസലുമില്ലാതെ ചില കോടതികളും ജഡ്ജിമാരും ഇത്തരം കേസുകളെ പ്രോത്സാഹിപ്പിക്കുന്ന നടപടികളെടുക്കുന്നു. സംഘപരിവാർ കൂസലെന്യേ മുന്നോട്ട് പോകുമ്പോൾ, കോടതിയുൾപ്പടെയുള്ള ഭരണകൂടം കടമ വിസ്മരിക്കുന്നു.

### നീതിന്യായസംവിധാനത്തിന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കുക

ഇപ്പോൾ സംഭവിക്കുന്ന തരത്തിൽ, കോടതികളെയും ഭരണകൂടത്തെയും ഉപയോഗിച്ച് പള്ളികൾ കൈയടക്കാൻ ശ്രമിക്കുന്നത് അയോധ്യ കേസിലെ അങ്ങേയറ്റം നീതിവിരുദ്ധമായ സുപ്രീം കോടതി വിധിക്കുശേഷമാണ് ശക്തിപ്രാപിച്ചിരിക്കുന്നത്. സ്വതന്ത്രഭാരതം കണ്ട ഏറ്റവും വലിയ ആസൂത്രിത കുറ്റകൃത്യങ്ങളിൽ ഒന്നാണ് അയോധ്യയിലെ ബാബ്റി മസ്ജിദ് തകർത്തത്. അയോധ്യയുമായി ബന്ധപ്പെട്ട് ദശകങ്ങളായി നീണ്ട കേസിലെ സുപ്രീം കോടതി വിധിയുണ്ടാകുന്നത് 2019ലാണ്. പള്ളി തകർത്തത് തെറ്റായിരുന്നുവെങ്കിലും ആ സ്ഥലത്ത് സർക്കാർ മുൻകൈയിൽ ട്രസ്റ്റുണ്ടാക്കി രാമക്ഷേത്രം പണിയണമെന്ന വിചിത്രവിധിയാണ് പരമോന്നത കോടതിയിൽ നിന്നുണ്ടായത്. മസ്ജിദിനു താഴെ ക്ഷേത്രമുണ്ടായിരുന്നു എന്ന് സംശയരഹിതമായി തെളിയിക്കാനുള്ള യാതൊരു തെളിവും ഉണ്ടായിരുന്നില്ല. അന്നത്തെ മുഖ്യന്യായാധിപൻ രഞ്ജൻ ഗൊഗോയിയുടെ നേതൃത്വത്തിലുള്ള ബെഞ്ചായിരുന്നു വിധിയെഴുതിയത്. കേസിലെ നീണ്ട വാദകാലയളവിൽ ആരുംതന്നെ ഉന്നയിക്കാത്ത ന്യായവാദവുമായിട്ടാണ് സുപ്രീംകോടതി വിധി വന്നത്. വിധിയെഴുതിയ ന്യായാധിപന്റെ പേര് അജ്ഞാതമായിരുന്നു. എന്നാൽ ബെഞ്ചിലെ അംഗമായിരുന്ന, അടുത്തിടെ വിരമിച്ച മുഖ്യന്യായാധിപൻ ഡി.വൈ.ചന്ദ്രചൂഡ് 2024 ഒക്ടോബറിൽ വെളിപ്പെടുത്തിയത്, പ്രശ്നപരിഹാരത്തിനായി അദ്ദേഹം ദൈവത്തിനു മുന്നിലിരുന്നു പ്രാർത്ഥിച്ചെന്നും അങ്ങനെ വഴികണ്ടെത്തിയെന്നുമാണ്. വസ്തുതകളോ യുക്തിയോ അല്ല, ദൈവവിളിയായിരുന്നു തന്നെ നയിച്ചതെന്ന് ലജ്ജയേതുമില്ലാതെ അദ്ദേഹം വിളിച്ചുപറയുകയാണുണ്ടായത്. ചന്ദ്രചൂഡ് തന്നെ, 2022 മേയിൽ ഗ്യാൻവ്യാപി മസ്ജിദുമായി ബന്ധപ്പെട്ട കേസിൽ വാക്കാൽ നടത്തിയ ഒരു പരാമർശത്തിന്റെ ബലത്തിലാണ് ഇന്ന് കീഴ്കോടതികൾ സംഭൽ അടക്കമുള്ള കേസുകളിൽ ആരാധനാലയ നിയമത്തെ കാറ്റിൽ പറത്തി സർവ്വേയും അനന്തര നടപടികളും കൈക്കൊള്ളാൻ ധൈര്യം കാണിക്കുന്നത്. ഒരു ആരാധനാലയത്തിന്റെ മതപരമായ സ്വഭാവം മനസ്സിലാക്കാനുള്ള നടപടികളെടുക്കുന്നതിന് 1991ലെ ആരാധനാലയ നിയമം തടസ്സമല്ല എന്ന നിരീക്ഷണമായിരുന്നു ജസ്റ്റിസ് ചന്ദ്രചൂഡ് നടത്തിയത്. ഈ നിരീക്ഷണമാണ് സംഭലിലും മറ്റനേകം ഇടങ്ങളിലും സമാനസ്വഭാവത്തിലുള്ള കേസുകൾ രൂപപ്പെടാനും കോടതികൾ നിയമവിരുദ്ധ നടപടികളുമായി മുന്നോട്ടുപോകാനും ഇടയാക്കുന്നത്. ഇതേ ചന്ദ്രചൂഡ് തന്നെ സ്വകാര്യസ്വത്തുമായി ബന്ധപ്പെട്ട മറ്റൊരു കേസിൽ അന്തരിച്ച ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർക്കെതിരെ നടത്തിയ അനുചിതമായ പരാമർശത്തെ അതേ ബെഞ്ചിലെ സഹന്യായാധിപർ എതിർത്തിരുന്നു. സംഭൽ കേസ് സുപ്രീംകോടതിയുടെ പരിഗണനയ്ക്കു വന്നിട്ടും ആരാധനാലയ നിയമത്തിന്റെ നഗ്നമായ ലംഘനം തടയാനോ, ചന്ദ്രചൂഡിന്റെ നിരുത്തരവാദപരമായ പരാമർശം നീക്കാനോ കോടതി തയ്യാറായില്ല.

നവംബർ 19നു രാവിലെയാണ് കേസ് സംഭൽ ജില്ലാ കോടതിയിൽ ഫയൽ ചെയ്യുന്നത്. അന്നുതന്നെ കേസ് പരിഗണിച്ച്, ആദ്യത്തെ സർവ്വേക്കായി കോടതി ഉത്തരവിടുന്നു. അന്നു വൈകുന്നേരം ജില്ലാ ഭരണകൂടം ആ സർവ്വേ നടത്തുന്നു. ഇത്രയൊക്കെ വേഗത്തിൽ നമ്മുടെ നീതിന്യായ-ഭരണ സംവിധാനങ്ങൾ പ്രവർത്തിക്കുന്നത് അപൂർവ്വവും ഈ വിഷയത്തിൽ അത് ദുരൂഹവുമാണ്. ആരാധനാലയ നിയമത്തിന്റെ സാധുതയെ സംബന്ധിച്ച കേസ് നിലവിൽ സുപ്രീംകോടതി വാദത്തിനെടുത്തിരിക്കുകയാണ്. ബാബ്റി മസ്ജിദ് തകർത്തതിനുശേഷം സമാനസംഭവങ്ങളെ തടയുന്നതിനും ഇന്ത്യയുടെ മതനിരപേക്ഷത ഉയർത്തിപ്പിടിക്കാനും ഏറെ സഹായിച്ച ഈ നിയമത്തെ അതിന്റെ വാക്കിലും അന്തസ്സത്തയിലും ഉൾക്കൊണ്ട് ഉയർത്തിപ്പിടിക്കാൻ പരമോന്നത കോടതി തയ്യാറാകുമോ എന്നാണ് രാജ്യം ഉറ്റുനോക്കുന്നത്. ജസ്റ്റിസ് ചന്ദ്രചൂഡ് കുടത്തിൽനിന്നു തുറന്നുവിട്ട വർഗ്ഗീയശക്തികളുടെ ദുർഭൂതത്തെ തളയ്ക്കേണ്ടത് ഇന്ത്യയുടെ നീതിന്യായവ്യവസ്ഥയുടെ ശ്രേഷ്ഠപാരമ്പര്യത്തിനും രാജ്യത്തിന്റെ അഖണ്ഡതയ്ക്കും അത്യന്താപേക്ഷിതമാണ്.

നിലവിൽ രാജ്യത്തെ പല ന്യായാധിപരും പ്രദർശിപ്പിക്കുന്ന മൂല്യങ്ങൾ ഒട്ടും ശുഭകരമായ ചിത്രമല്ല നമുക്കു തരുന്നത്. ഗ്യാൻവാപിയും സംഭലുമടക്കമുള്ള കേസുകൾ കൈകാര്യം ചെയ്യേണ്ട അലഹബാദ് ഹൈക്കോടതിയിലെ ന്യായാധിപനായ ശേഖർ കുമാർ യാദവ്, വിശ്വഹിന്ദു പരിഷത്തിന്റെ പൊതുചടങ്ങിൽ പങ്കെടുത്തുകൊണ്ട് നടത്തിയ പ്രസംഗം രാജ്യമനഃസാക്ഷിയെ തന്നെ ഞെട്ടിച്ച ഒന്നാണ്. മുസ്ലീം സമുദായത്തിനെതിരെ പച്ചയായ വിദ്വേഷപ്രസംഗം തന്നെയാണ് ഒരു ഭരണഘടനാപദവിയിൽ, അതും നീതിന്യായവ്യവസ്ഥയുടെ ഉത്തുംഗങ്ങളിൽ ഇരിക്കുന്ന വ്യക്തി, ഒരു വർഗ്ഗീയ ഹിന്ദുത്വ സംഘടനയുടെ ചടങ്ങിൽ പങ്കെടുത്തുകൊണ്ട് നടത്തിയത് എന്നത് എന്തു സന്ദേശമാണ് നൽകുന്നത്? ഇതുപോലെയുള്ള വ്യക്തികൾ ന്യായാധിപരാകുമ്പോൾ എന്ത് നിഷ്പക്ഷതയാണ് അവരിൽ നിന്നും പ്രതീക്ഷിക്കേണ്ടത്? ശേഖർ കുമാർ യാദവ് ഒരു ഒറ്റപ്പെട്ട വ്യക്തിയല്ല. ഈ വിഷയത്തിൽ ഇതുവരെ തിരുത്തൽ നടപടികൾ ഉണ്ടായിട്ടുമില്ല. ഇന്ത്യയിലെ ന്യായാധിപരുടെ പശ്ചാത്തലം പരിശോധിച്ചാൽ ഏതാനും കുടുംബങ്ങളിൽ നിന്നു മാത്രം ഉന്നത ന്യായാധിപർ ഉണ്ടാകുന്നു എന്ന ആരോപണത്തിൽ വസ്തുതയുണ്ടെന്നു മനസ്സിലാക്കാൻ സാധിക്കും. സമൂഹത്തിന്റെ ഉന്നതശ്രേണിയിൽ നിന്നു മാത്രമുള്ളവർ ഇങ്ങനെ സ്വയം തിരഞ്ഞെടുക്കപ്പെട്ട് വരുമ്പോൾ, അവർക്ക് ജനങ്ങളോടോ സാമൂഹികയാഥാർത്ഥ്യങ്ങളോടോ യാതൊരു ഉത്തരവാദിത്തവും കാണിക്കേണ്ടതില്ല എന്നു വരുമ്പോൾ, അത് ആപത്കരമായ സൂചനയാണ് ഒരു ജനാധിപത്യസമൂഹത്തിനു നൽകുന്നത്.

ഇലക്ടറൽ ബോണ്ട് കേസ്, സ്വകാര്യതയെ മൗലികാവകാശമാക്കി പ്രഖ്യാപിച്ച വിധി തുടങ്ങി പല നിർണ്ണായകമായ കേസുകളിലും വിധിയെഴുതിയ ജസ്റ്റിസ് ചന്ദ്രചൂഡിൽ നിന്നുതന്നെ ഭരണകൂട താത്പര്യങ്ങൾക്കു വിധേയമായ വിധികളും ഉണ്ടായിട്ടുണ്ട് എന്നത് നമ്മൾ കണക്കിലെടുക്കണം. വർഗ്ഗാധിഷ്ഠിത സമൂഹത്തിൽ ഈ വൈരുദ്ധ്യം അത്ഭുതകരമല്ല. കോടതികളും ആത്യന്തികമായി ഭരണവർഗ്ഗതാത്പര്യം മാത്രം പേറുന്ന സംവിധാനമാണ്. മുതലാളിവർഗ്ഗതാത്പര്യം അനുവദിക്കുന്ന ചില മേഖലകളിൽ പുരോഗമനമെന്നു തോന്നാവുന്ന ഇടപെടലുകൾ നടത്താമെങ്കിലും, ആ താത്പര്യത്തിനു വിരുദ്ധമായ മേഖലകളിൽ അത്തരം ഇടപെടലുകൾ നടത്താൻ നീതിന്യായവ്യവസ്ഥ അശക്തമാണെന്നു മാത്രമല്ല, ചിലപ്പോൾ വർഗ്ഗതാത്പര്യം സംരക്ഷിക്കാൻ ജനാധിപത്യവിരുദ്ധമായ നടപടികളിലേക്കുവരെ അവർ പോകുകയും ചെയ്തേക്കാം. പ്രത്യേകിച്ചും മുതലാളിത്തം കൂടുതൽ പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുന്ന ഇന്നത്തെ സാഹചര്യത്തിൽ.

സമൂഹത്തിലെ വർഗ്ഗീയ വിഭജനങ്ങൾ ആളിക്കത്തിക്കേണ്ടത് മുതലാളിവർഗ്ഗത്തിന്റെ ആവശ്യമാണ്. കമ്പോളപ്രതിസന്ധിയിൽ ആണ്ടുമുങ്ങുന്ന മുതലാളിത്തത്തിന് നിലനിൽപ്പിനായി അധ്വാനിച്ചു ജീവിക്കുന്ന സാധാരണക്കാരുടെ ശ്രദ്ധ തിരിച്ചുവിടുകയും അവരുടെ ഐക്യത്തെ തകർക്കുകയും ചെയ്യേണ്ടതുണ്ട്. പള്ളിയോ ക്ഷേത്രമോ ആണോ ഇന്ത്യയിലെ സാധാരണക്കാരുടെ യഥാർത്ഥ പ്രശ്നം? തൊഴിലില്ലായ്മയും, നാൾക്കുനാൾ രൂക്ഷമാകുന്ന സാമൂഹികവും സാമ്പത്തികവുമായ അസമത്വവും, ദാരിദ്ര്യവും ദുരിതങ്ങളുമല്ലേ മുഖ്യപ്രശ്നം? അതിന് ഉത്തരവാദി, ഇവിടെ നിലനിൽക്കുന്ന നിഷ്ഠുരമായ മുതലാളിത്ത സംവിധാനമാണെന്ന് നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. സാധാരണക്കാരൻ ദുരിതക്കയത്തിൽ മുങ്ങുമ്പോൾ അത് അവഗണിച്ച് അദാനിമാരെ മൂക്കുമുട്ടെ ഊട്ടുന്നതിലാണ് ഭരണകൂടത്തിനു താല്പര്യം. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ജനങ്ങൾ ഒറ്റക്കെട്ടായി രംഗത്തിറങ്ങുന്നത് തടയണമെങ്കിൽ മതത്തിന്റെയും ഭാഷയുടെയുമൊക്കെ പേരിലുള്ള വിഭജനങ്ങൾ ആളിക്കത്തിക്കണം. ഇന്നവർ മുസ്ലീം ആരാധനാലയങ്ങളെ ലക്ഷ്യം വെക്കുന്നുവെങ്കിൽ നാളെ അത് ക്രിസ്ത്യൻ പള്ളികളാകാം. ഒഡീഷയിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും നാമത് കണ്ടു കഴിഞ്ഞു. ചിലയിടങ്ങളിലത് ജാതിയുടെ പേരിലാണ്. നാളെയത് ഭാഷയുടെ പേരിലുമാകാം. ഇത്തരം നീക്കങ്ങൾക്കു പിന്നിലെ ഗൂഢലക്ഷ്യം ജനങ്ങൾ തിരിച്ചറിയണം. മതത്തിന്റെയും ജാതിയുടെയും ഭാഷയുടെയുമൊക്കെ പേരിലുള്ള വിഭജനങ്ങൾക്കതീതമായി, അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ തങ്ങളുടെ ഐക്യം ഊട്ടിയുറപ്പിക്കുകയും തങ്ങളുടെ യഥാർത്ഥ ശത്രു മുതലാളിത്ത വ്യവസ്ഥിതിയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. കാലഘട്ടം നാമോരോരുത്തരോടും ആവശ്യപ്പെടുന്നതിതാണ്. ■

# അതിഭീമമായ വൈദ്യുതി ചാർജ്ജ് വർദ്ധനവ് പിൻവലിക്കുക

(1-ാം പേജിൽ നിന്ന്)

ജ്ജ് വർദ്ധനവ് 12 പൈസയും ഇപ്പോഴേ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷത്തെ വർദ്ധനവ് 2025മാർച്ച് 31വരെയും അടുത്ത വർഷത്തെ വർദ്ധനവ് 2027 മാർച്ച് 31വരെയും ബാധകമായിരിക്കും. ജനജീവിതത്തെ സംബന്ധിച്ചിടത്തോളം അവശ്യവസ്തുവായ വൈദ്യുതിയുടെ ചാർജ്ജ് വർദ്ധനവ് ജീവിതച്ചെലവ് വീണ്ടും കുതിച്ചുയരാൻ ഇടയാക്കും.




കോട്ടയത്ത് നടന്ന പ്രതിഷേധ പരിപാടിയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി ജയ്സൺ ജോസഫ് പ്രസംഗിക്കുന്നു.

നിരക്കുവർദ്ധനവിനെ സംബന്ധിച്ച് ജനഹിതമറിയാൻ അഞ്ചു ജില്ലകളിൽ പൊതുജനപങ്കാളിത്തത്തോടെ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ യോഗങ്ങൾ വിളിച്ചു ചേർത്തിരുന്നു. ഈ യോഗങ്ങളിലെല്ലാം ഉയർന്ന ശക്തമായ പ്രതിഷേധസ്വരങ്ങൾ അശേഷം പരിഗണിക്കപ്പെട്ടില്ല. നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിട്ട് പ്രഖ്യാപിക്കാൻ ഉപതിരഞ്ഞെടുപ്പ് കഴിയുന്നതുവരെ കാത്തിരുന്നു എന്നുമാത്രമല്ല, അടുത്തവർഷം നടക്കാനിരിക്കുന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പും പിന്നാലെ നടക്കാനിരിക്കുന്ന നിയമസഭാതിരഞ്ഞെടുപ്പും കണക്കിലെടുത്ത് അടുത്തവർഷത്തേയ്ക്കുള്ള നിരക്കുവർദ്ധനയും ഇപ്പോഴേ പ്രഖ്യാപിച്ചിരിക്കുന്നു.




മാവേലിക്കരയിൽ നടന്ന പ്രതിഷേധ പരിപാടിയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാസെക്രട്ടറി എസ്.സീതിലാൽ പ്രസംഗിക്കുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കുത്തകാനുകൂല നയങ്ങൾ ജനങ്ങളുടെ ജീവിതദുരിതങ്ങൾ അനുനിമിഷം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അവശ്യനിത്യോപയോഗ സാധനങ്ങൾക്ക് തീവില, നികുതി-ചാർജ്ജുകളുടെ അടിക്കടിയുള്ള വർദ്ധനവ്, സർക്കാർ സേവനങ്ങൾക്കുപോലും ഫീസ്, ചികിത്സാ, വിദ്യാഭ്യാസരംഗത്ത് അടിക്കടിയുണ്ടാകുന്ന ചെലവുവർദ്ധനവ് തുടങ്ങി ജനജീവിതം നിലയില്ലാക്കയത്തിലായിരിക്കുമ്പോഴാണ്, അതൊന്നും തെല്ലും പരിഗണിക്കാതെ വരാനിരിക്കുന്ന വർഷങ്ങൾ കൂടെ കണക്കിലെടുത്തുള്ള ഈ വർദ്ധനവ്. വൈദ്യുതി ബോർഡും താരിഫ് റഗുലേറ്ററി കമ്മീഷനും സംസ്ഥാന സർക്കാരും ഒത്തുചേർന്ന് ജനങ്ങളെ വഞ്ചിച്ചിരിക്കുകയാണ്.




വൈദ്യുതി വകുപ്പ് മന്ത്രിയുടെ കോലം കത്തിച്ചുകൊണ്ട് തൊടുപുഴയിൽ നടന്ന പ്രതിഷേധ പരിപാടിയിൽ വൈദ്യുതി ഉപഭോക്തൃസമിതി പ്രസിഡന്റ് ടി.ജെ.പീറ്റർ പ്രസംഗിക്കുന്നു.

## എന്താണ് ഈ നിരക്കുവർദ്ധനയുടെ കാരണം

വൈദ്യുതി ബോർഡിന്റെ ഭരണസംവിധാനത്തിലെ കെടുകാര്യസ്ഥതയുടെയും അഴിമതിയുടെയും അധികചെലവുകളാണ് ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്നത്. വൈദ്യുതി നിരക്ക് യുക്തിസഹമാകണം എന്നതാണ് സർക്കാരിന്റെ ഭാഷ്യം. ഉൽപ്പാദന-വിതരണച്ചെലവും ലാഭവും ഉപഭോക്താവിൽനിന്ന് ഈടാക്കണം എന്നതാണ് ഇതിന്റെ സാരം. ഇത് ആഗോളവത്ക്കരണത്തിന്റെ ഭാഷയാണ്, സ്വകാര്യവത്ക്കരണത്തിന്റെ ഭാഷയാണ്. ആഗോളവത്ക്കരണത്തെത്തുടർന്ന് വൈദ്യുതി വിപണിവസ്തുവായി മാറിയപ്പോൾ മുതലാണ് ഈ ഭാഷ്യം ഉയർന്നുവന്നിരിക്കുന്നത്.

നിരക്കുവർദ്ധനയിലൂടെ വൈദ്യുതി രംഗത്തെ സ്വകാര്യകുത്തകകളുടെ കൊള്ളലാഭത്തിന് പിണറായി സർക്കാർ കൂട്ടുനിൽക്കുകയാണ്. ഇരുപത്തിയഞ്ചുവർഷത്തേയ്ക്കുള്ള, താരതമ്യേന നിരക്ക് കുറഞ്ഞ ദീർഘകാല പവർ പർച്ചെയ്സ് കരാർ, വൈദ്യുതി ബോർഡും സർക്കാരും സർക്കാരിന്റെ താല്പര്യങ്ങൾക്കൊത്തുനീങ്ങുന്ന താരിഫ് റെഗുലേറ്ററി കമ്മീഷനും ചേർന്ന് റദ്ദാക്കിയിട്ട്, അദാനിക്കുവേണ്ടി നിരക്കിൽ വൻവർദ്ധനവ് വരുത്തി പുതിയ പർച്ചേസ് കരാറിൽ ഏർപ്പെട്ടതുവഴിയുണ്ടാക്കിയ അധികച്ചെലവിന്റെ പേരിലാണ് ഇപ്പോഴത്തെ നിരക്കുവർദ്ധന കൊണ്ടുവന്നിരിക്കുന്നത്. താപവൈദ്യുതിക്കുള്ള ചെലവ് കുറഞ്ഞ ഇന്ധനമായ കൽക്കരിയുടെ ഖനികളാകെ സ്വകാര്യവത്ക്കരിച്ച്, അദാനി അടക്കമുള്ള കുത്തകകൾക്ക് ലാഭമടിക്കുവാൻവേണ്ടി മാത്രം പുതിയ വൈദ്യുതി നിയമങ്ങൾ ആവിഷ്ക്കരിച്ച കേന്ദ്രസർക്കാരും ആ നയങ്ങൾ അതീവ ശുഷ്ക്കാന്തിയോടെ നടപ്പിലാക്കുന്ന പിണറായി സർക്കാരും ഈ കുറ്റകൃത്യത്തിൽ പങ്കാളികളാണ്. അദാനിയുമായി ഉണ്ടാക്കിയിരിക്കുന്നത് ചെറിയ കാലത്തേയ്ക്കുള്ള രണ്ടുകരാറുകൾ മാത്രമാണ് എന്ന് വൈദ്യുതി മന്ത്രി പറഞ്ഞിരിക്കുന്നതിൽനിന്നുതന്നെ അദാനിയുമായുള്ള ധാരണ വ്യക്തമാണ്.




കൊല്ലത്തുനടന്ന പ്രതിഷേധ ധർണയിൽഎസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാസെക്രട്ടറി ഷൈല കെ.ജോൺ പ്രസംഗിക്കുന്നു.

സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനത്തിൽ 30 ശതമാനം മാത്രമാണ് ആഭ്യന്തര ഉൽപ്പാദനം. ബാക്കി 70ശതമാനവും പുറത്തുനിന്ന് വാങ്ങുന്നതാണ്. 2015 മുതൽ 2040വരെയുള്ള കാലയളവിലേയ്ക്കായി മൂന്നു കമ്പനികളുമായി ദീർഘകാല കരാറും ഇതിനായി ഉണ്ടായിരുന്നു. ജിൻഡാൽ പവർ ലിമിറ്റഡുമായി 200 മെഗാവാട്ട് 3.60 രൂപ നിരക്കിലും ജാബുവ പവർ ലിമിറ്റഡുമായി 115 മെഗാവാട്ട് 4.15 രൂപ നിരക്കിലും ബാൽകോ, ഇന്ത്യ തെർമൽ ലിമറ്റഡ്, ജാബുവ(രണ്ടാം കരാർ) എന്നിവയുമായി 100 മെഗാവാട്ടുവീതം 4.29 രൂപയ്ക്കും ഉണ്ടാക്കിയ കരാറുകളാണ് നിലവിലുണ്ടായിരുന്നത്. 2023ൽ ഇതിൽ 465 മെഗാവാട്ടിന്റെ നാലുകരാറുകൾ റദ്ദുചെയ്യപ്പെട്ടു. ഈ കരാറുകൾ റദ്ദുചെയ്തതിനുശേഷമാണ് അദാനിയുമായി കരാർ ഉണ്ടാക്കിയത്. 10.25 മുതൽ14.3 രൂപവരെയാണ് അദാനിയുമായി ഉണ്ടാക്കിയിരിക്കുന്ന കരാറിൽ യൂണിറ്റിന് നിരക്ക്. ജിൻഡാലുമായി ആദ്യമുണ്ടാക്കിയ കരാർ റദ്ദുചെയ്ത് രണ്ടാമത് ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്ന കരാറിൽ യൂണിറ്റൊന്നിന് 9.59 രൂപയാണ് പുതിയ നിരക്ക്.

ഓരോ നിരക്കു വർദ്ധനവിലും സർക്കാരും വൈദ്യുതിബോർഡും റെഗുലേറ്ററി കമ്മീഷനെ കുറ്റം പറഞ്ഞ് തടിയൂരുകയാണ് ചെയ്യുന്നത്. എന്നാൽ റഗുലേറ്ററി കമ്മീഷനിൽ സർക്കാർ നോമിനികൾ മാത്രമാണുള്ളത് എന്നതാണ് യാഥാർത്ഥ്യം. 1998ലാണ് അതുവരെയില്ലാതിരുന്ന ഒരു സമ്പ്രദായം വൈദ്യുതി ബോർഡിന്റെ തലപ്പത്ത് റെഗുലേറ്ററി കമ്മീഷൻ എന്ന പേരിൽ സ്ഥാപിതമായത്. വൈദ്യുതി ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും ലൈസൻസ് ഉടമകൾ, വൈദ്യുതി വിതരണ സ്ഥാപനങ്ങൾ, ഉപഭോക്താക്കൾ, അതോറിറ്റി എന്നിവ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ പരിഹരിക്കാനെന്നപേരിൽ രൂപീകരിക്കപ്പെട്ട നിയമനിർമ്മാണ ജുഡീഷ്യൽ അധികാരങ്ങളുള്ള കമ്മീഷനാണ് റെഗുലേറ്ററി കമ്മീഷൻ. വൈദ്യുതി ബോർഡിനും ഉപഭോക്താക്കൾക്കുമിടയിൽ മറ്റൊരു ഏജൻസി! സ്വകാര്യവത്ക്കരണ നീക്കങ്ങളുടെ തുടക്കമായിരുന്നു റഗുലേറ്ററി കമ്മീഷന്റെ രൂപീകരണം. വാജ്പേയി പ്രധാന മന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ ആക്ട് 1998 അനുസരിച്ച്, ഇ.കെ.നായനാർ മുഖ്യമന്ത്രിയും പിണറായി വിജയൻ വൈദ്യുതി മന്ത്രിയുമായിരുന്ന കാലത്താണ് കേരളത്തിൽ റെഗുലേറ്ററി കമ്മീഷൻ രൂപീകരിച്ചത്. തുടർച്ചയെന്ന നിലയിൽ 2011 ജനുവരിയിൽ വി.എസ്.അച്ചുതാനന്ദൻ മുഖ്യമന്ത്രിയും എ.കെ.ബാലൻ വൈദ്യുതി മന്ത്രിയുമായിരുന്ന സമയത്താണ് വൈദ്യുതി ബോർഡ് കമ്പനിയാക്കുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടക്കുന്നത്. ഇതെല്ലാം സ്വകാര്യവത്ക്കരണത്തെ മുൻനിർത്തി നടപ്പിലാക്കുന്ന നടപടികളാണ്.




എറണാകുളത്ത് ഹൈക്കോടതി ജംഗ്ഷനിൽ നടന്ന പ്രതിഷേധ സംഗമത്തിൽ കെ.എസ്.ഹരികുമാർ പ്രംസഗിക്കുന്നു.

500 യൂണിറ്റ് വൈദ്യുതിക്ക് കേരളത്തിൽ വില 8772 രൂപ, തമിഴ്നാട്ടിൽ 2360 രൂപ, ദില്ലിയിൽ 450രൂപ, പഞ്ചാബിൽ 500 യൂണിറ്റ് സൗജന്യമാണ്. രാജസ്ഥാനിലും തെലുങ്കാനയിലും 200 യൂണിറ്റ് സൗജന്യമാണ്. ജലവൈദ്യുത പദ്ധതികളുടെ കാര്യശേഷി മെച്ചപ്പെടുത്തി ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിച്ച് കുറഞ്ഞ ചെലവിൽ ജനങ്ങൾക്ക് വൈദ്യുതി എത്തിക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. പൊതുമേഖലാസ്ഥാപനങ്ങളിൽനിന്നും സ്വകാര്യസ്ഥാപനങ്ങളിൽനിന്നും കുടിശ്ശികയായിരിക്കുന്ന തുക പിരിച്ചെടുക്കണം. സർക്കാർ വകുപ്പുകളിൽനിന്ന് 141കോടിയും പൊതുമേഖലാസ്ഥാപനങ്ങളിൽനിന്ന് 1768 കോടിയും പിരിഞ്ഞുകിട്ടാനുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് 110.42 കോടിയും സ്വകാര്യസ്ഥാപനങ്ങളിൽനിന്ന് 1096.15 കോടിയും പിരിഞ്ഞുകിട്ടാനുണ്ടെന്ന് നിയമസഭയിൽ 2023ൽ വകുപ്പുമന്ത്രിയാണ് അറിയിച്ചത്.




പാലക്കാട് നടന്ന പ്രതിഷേധ പരിപാടിയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാസെക്രട്ടറി അബ്ദുൾ അസീസ് പ്രസംഗിക്കുന്നു.

എന്നാൽ കിട്ടാക്കടം 45000കോടി എന്നാണ് പ്രതിപക്ഷം ആരോപിക്കുന്നത്. കിട്ടാക്കടം പിരിച്ചെടുക്കാൻ ശ്രമിക്കാതെ ജനങ്ങളുടെമേൽ ചാർജ്ജ് വർദ്ധനവ് അടിച്ചേൽപ്പിക്കുകയാണ് സർക്കാർ ചെയ്തിരിക്കുന്നത്.

(ശേഷം 11-ാം പേജിൽ)

# ട്രേഡ് യൂണിയൻ അവകാശങ്ങൾ സംരക്ഷിക്കാൻ സംഘടിത ചെറുത്തുനിൽപ്പുകൾ കരുത്താർജ്ജിക്കണം

**കായികവും ബൗദ്ധികവുമായ അദ്ധ്വാനശക്തിനൽകി സാമൂഹ്യസമ്പത്ത് സൃഷ്ടിക്കുന്ന തൊഴിലാളികളുടെ ജീവിതം കൂടുതൽ കൂടുതൽ അരക്ഷിതവും ദുരിതപൂർണ്ണവുമായി മാറുകയാണ്. അധികരിച്ചുകൊണ്ടിരിക്കുന്ന ജോലിഭാരവും, കുറഞ്ഞുകൊണ്ടേയിരിക്കുന്ന കൂലിയും, വർദ്ധിക്കുന്ന ജീവിതച്ചെലവും തൊഴിലാളികളുടെ ജീവിതത്തിൽ അശാന്തി സൃഷ്ടിക്കുകയാണ്. ചെയ്ത ജോലിക്ക് കൂലി കിട്ടുമോ, റിട്ടയർമെന്റ് ആയാൽ പെൻഷൻ കിട്ടുമോ, ചെയ്തുകൊണ്ടിരിക്കുന്ന തൊഴിൽ നാളെ ഉണ്ടാകുമോ എന്നിങ്ങനെയുള്ള ആധികൾ ഒരു വ്യാധിപോലെ പടർന്നു കയറുകയാണ്. തൊഴിൽ സമ്മർദത്താൽ പണിയെടുക്കുന്നവൻ ആത്മഹത്യ ചെയ്യുന്നതും പണി ചെയ്തുചെയ്ത് മരിച്ചുവീഴുന്നതുമായ സംഭവങ്ങൾ തുടരുന്നു, ആരെയും ഞെട്ടിപ്പിക്കാത്ത വിധം നാട്ടുനടപ്പാകുന്നു.**

സമീപകാലത്തെ ചില വാർത്തകൾ നോക്കുക. "കൊച്ചിന് ഫീസ്, ഓപ്പറേഷന് കാശ്, ഇതൊക്കെ എവിടെ നിന്ന് കൊടുക്കും? ക്യാൻസർ രോഗിയായ, മാസങ്ങളോളം ശമ്പളം കിട്ടാതായ കെഎസ്ആർടിസി ജീവനക്കാരൻ കാട്ടാക്കടയിൽ കുടുംബത്തോടൊപ്പം പ്രതിഷേധം", "പെൻഷൻ ലഭിക്കാത്തതിൽ മനോവിഷമം, കെഎസ്ആർടിസി ജീവനക്കാരൻ തൂങ്ങിമരിച്ച നിലയിൽ.", "താങ്ങാനാവാത്ത അധിക ജോലിഭാരം കാരണം വിദ്യാഭ്യാസ വകുപ്പിൽ സീനിയർ സൂപ്രണ്ട് ശ്യാംകുമാർ ആത്മഹത്യ ചെയ്തു", "11 മാസമായി ശമ്പളം കിട്ടാത്തതിൽ നരകിച്ച് ട്രാകോ കേബിളിലെ തൊഴിലാളി ആത്മഹത്യ ചെയ്തു", "സർക്കാരാണോ കൊള്ളക്കാരാണോ?കഴിഞ്ഞ എട്ടു വർഷമായി സർക്കാർ ജീവനക്കാരിൽ നിന്ന് പലവിധ കുടിശ്ശിക യിനത്തിൽ പിടിച്ചു വച്ചിരിക്കുന്നത് 64923 കോടി രൂപ." അസംഘടിത മേഖലയിലെ അടിമപ്പണിക്കാരന്റെ കാര്യമല്ല മുകളിൽ സൂചിപ്പിച്ചത്. കേരളത്തിലെ ഏറ്റവും സംഘടിതമായ, ഭരണകക്ഷികളുടെ പോഷക സംഘടനകളായ, പ്രബലരായ നേതാക്കൾ നയിക്കുന്ന, സമരപാരമ്പര്യമുള്ള യൂണിയനുകളുള്ള, എല്ലാ തൊഴിലാളികളും ഏതെങ്കിലുമൊക്കെ യൂണിയനുകളിൽ അംഗത്വമെടുത്തിട്ടുള്ള മേഖലകളിൽ പണിയെടുക്കുന്നവരുടെ അവസ്ഥയാണിത്. ഭരിക്കുന്നത് 'ഇടത്' ജനാധിപത്യമുന്നണി, മുഖ്യമന്ത്രിയാകട്ടെ, 'കമ്മ്യൂണിസ്റ്റ്' പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) നേതാവ് പിണറായി വിജയൻ.

കാരൂരിന്റെ 'ഭൃത്യവാത്സല്യം' എന്ന പ്രസിദ്ധമായ കഥയുടെ ആരംഭം ഇങ്ങനെയാണ്..., "എടാ, ഇന്നൊന്നുമില്ല. നാളെയാകട്ടെ. ഇടങ്ങഴി നെല്ല് തരാമെന്ന് വെച്ചാൽ അറയുടെ താക്കോൽ പിള്ളാര് എവിടെയോ ഇട്ടു. നോക്കിയിട്ട് കണ്ടില്ലെന്ന് പറയുന്നത് കേട്ടു. ഇതിനായിട്ട് രൂപ മാറിയാൽ അത് മുഴുവൻ ചെലവായി പോകും. നിനക്ക് കൂലി നാളെ തരാം."

"തമ്പുരാനെ ഇന്ന് അടിയങ്ങൾക്ക് ഒന്നുമില്ല. പഴന്തുള്ള കിടപ്പാണ്. ഇത്ര വെള്ളം അനത്തി കൊടുക്കുവാൻ ഒരു പിടി അരിയെങ്കിലും."

"ഇന്ന് എങ്ങനെയെങ്കിലും ഒരു ദിവസം കഴിക്കെടാ. പ്പൊ നിൽക്കണ്ട. "തമ്പുരാന് വേലചെയ്ത് നടുവൊടിഞ്ഞ കൊച്ചാത്തൻ കൂലി ചോദിച്ചതിനെ തുടർന്നുള്ള സംഭാഷണമാണ് മുകളിൽ കൊടുത്തത്. ഒരു നൂറ്റാണ്ട് മുമ്പുള്ള തൊഴിലാളിയുടെ അനുഭവ ചിത്രമാണ് കാരൂർ വരച്ചിടുന്നത്.

ഒരു നൂറ്റാണ്ടിനിപ്പുറം മറ്റൊരു തമ്പുരാൻ പറയുന്നത് അറിയുക. മാസങ്ങളോളം ശമ്പളം മുടങ്ങിയതിനെത്തുടർന്ന് കെഎസ്ആർടിസി ജീവനക്കാർ സഹികെട്ട് ഒരു ദിവസം പണിമുടക്കിയപ്പോൾ അന്ന് ഗതാഗത മന്ത്രിയായിരുന്ന ആന്റണി രാജു രോഷാകുലനായി. "കെഎസ്ആർടിസി വരുമാനത്തെ പ്രതിസന്ധിയിലാക്കുന്ന വിധത്തിലുള്ള സമരത്തിലേക്ക് പോകുന്നതിന്റെ ലക്ഷ്യം കെഎസ്ആർടിസി തകർക്കുകയല്ലേ," എന്നാണ് മന്ത്രി ചോദിച്ചത്.

## കേരളീയരുടെ ജീവിത നിലവാരം ഉയർന്നത് സമര സജ്ജരായ തൊഴിലാളികൾ കാരണം

കേരളത്തിലെ തൊഴിലാളികൾക്ക് താരതമ്യേന മെച്ചപ്പെട്ടൊരു തൊഴിൽസാഹചര്യം ഒരുകാലത്ത് നിലവിലുണ്ടായിരുന്നു എന്നത് നിസ്തർക്കമാണ്. അവ പരിശോധിക്കുന്ന,ത് ഇന്നത്തെ അവസ്ഥയെ താരതമ്യപ്പെടുത്താനും എന്തൊരു പതനത്തിലാണ് നാം എത്തിച്ചേർന്നിരിക്കുന്നതെന്നു മനസിലാക്കാനും ഉതകും.തൊഴിലാളിയുടെ അവകാശങ്ങൾ അന്ന് പൂർണമായി ലഭിച്ചിരുന്നുവെന്നോ അവർക്ക് ആവലാതികളൊന്നും ഇല്ലായിരുന്നുവെന്നോ അർത്ഥമാക്കുന്നില്ല. മാന്യമായ ജീവിതത്തിനു വേണ്ട അനവധിയായ ആവശ്യങ്ങൾ അവശേഷിക്കുന്നുണ്ടായിരുന്നു എന്നതും വസ്തുതയാണ്.

നവോത്ഥാനം പകർന്നു നൽകിയ പുതിയ വെളിച്ചം അടിമ ബോധം വെടിഞ്ഞ് സംഘടിതരാവാനും പോരാടാനും കേരളത്തിലെ തൊഴിലാളികളെ പ്രേരിപ്പിച്ചു. പാടത്തും പണിശാലകളിലും രാവന്തിയോളം പണിയെടുത്താലും അത്താഴപ്പട്ടിണി മാറ്റാൻ ഗതിയില്ലാതെപോയ തൊഴിലാളികൾ, ജീവൻ നൽകി പൊരുതി അവകാശങ്ങൾ നേടി. ശക്തമായ തൊഴിലാളി യൂണിയനുകൾ ഉയർന്നുവന്നു. 'പാടത്ത് ജോലിയെങ്കിൽ വരമ്പത്ത് കൂലി' എന്നത് അലംഘനീയമായ അവകാശമായി മാറി. സോവിയറ്റ് യൂണിയനിലെ തൊഴിലാളിവർഗ്ഗ ഭരണകൂടം തൊഴിലാളികൾക്ക് പ്രദാനം ചെയ്ത ആനുകൂല്യങ്ങളുടെ മാതൃകയിൽ ഡിമാന്റുകൾ ഒന്നൊന്നായി തൊഴിലാളികൾ നേടിയെടുത്തു. തൊഴിൽ അവകാശങ്ങളുടെയും കൂലിയുടെയും കാര്യത്തിൽ മാതൃകയായി കേരളം മാറി. തൊഴിലാളികളുടെ വരുമാനം സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിച്ചു. വിദ്യാഭ്യാസത്തിലും ആരോഗ്യകാര്യങ്ങളിലുമുള്ള മികവ് ജനങ്ങളുടെ ജീവിത നിലവാരത്തിലും പ്രതിഫലിച്ചു. അത് പരോക്ഷമായി സർക്കാരിന്റെ റവന്യൂ വരുമാനത്തിലും വർദ്ധനവുണ്ടാക്കി.

കരുത്തരായ, ആത്മാർത്ഥതയുള്ള, അഴിമതിക്ക് വിധേയരാവാത്ത നേതൃത്വങ്ങൾ നയിച്ച ശക്തമായ ട്രേഡ് യൂണിയനുകൾ സംസ്ഥാനത്തുണ്ടായിരുന്നു. കെഎസ്ആർടിസി, കെഎസ്ഇബി, വാട്ടർ അതോറിറ്റി തുടങ്ങിയ സംസ്ഥാനത്തെ പ്രമുഖ പൊതുമേഖല സ്ഥാപനങ്ങളിൽ പ്രക്ഷോഭണങ്ങളിലൂടെ നിരവധി തൊഴിൽ അവകാശങ്ങളും ആനുകൂല്യങ്ങളും കണക്കു പറഞ്ഞ് സ്ഥാപിച്ചെടുത്തു. സ്ഥാപനങ്ങളെ തകർക്കുന്ന അഴിമതികളെയും കരാറുകളെയും അവർ ജാഗ്രതയോടെ ചെറുത്തു. സമൂഹത്തിന്റെ ആകമാന സാമ്പത്തിക പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുവാനുള്ള ഉപാധി എന്ന നിലയിൽ ആ സ്ഥാപനങ്ങൾ സർക്കാർ സഹായത്തോടെ പുഷ്ടിപ്പെട്ടു. നഷ്ടക്കണക്കുകൾ കേൾക്കാനില്ലായിരുന്നു. സ്ഥാപനത്തിന്റെ ലാഭം എന്നതിലുപരി, ആ സംവിധാനങ്ങൾ സൃഷ്ടിക്കുന്ന സാമൂഹിക നേട്ടങ്ങളായിരുന്നു കണക്കിലെടുത്തിരുന്നത്. അധികാരികൾക്ക് തൊഴിലാളികളെ, അവരുടെ സംഘടനകളെ, നേതൃത്വത്തെ കണക്കിലെടുക്കാതെ മുന്നോട്ടു പോകാനാവില്ലായിരുന്നു. അവിഹിതമായ ഇടപാടുകൾ നടത്താനാവില്ലായിരുന്നു.

കെഎസ്ആർടിസിയിൽ കണ്ടക്ടറാവാൻ അവസരം കിട്ടിയാൽ, സർക്കാർ ജീവനക്കാരും അധ്യാപകരുംപോലും ആ ജോലി രാജിവച്ചു പോകുമായിരുന്നു. ഇതേ മാതൃകയിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വരുമാനം നിശ്ചയിക്കപ്പെട്ടു. മിനിമം ഒരു മാസത്തെ ബോണസ്, കൂടാതെ ഉൽപാദനത്തെയും ലാഭത്തെയും അടിസ്ഥാനപ്പെടുത്തി, മൂന്നും നാലും മാസത്തെ ശമ്പളം ബോണസ് കിട്ടുന്ന പൊതുമേഖല സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. അതുപയോഗിച്ച് തൊഴിലാളികൾ കടം വീട്ടുകയും കുട്ടികൾക്ക് ആഭരണം വാങ്ങുകയും ഉല്ലാസയാത്ര നടത്തുകയും ബന്ധുക്കൾക്ക് പുതുവസ്ത്രങ്ങൾ നൽകുകയും വീട് പുതുക്കുകയുമൊക്കെ ചെയ്തിരുന്നു. ചികിത്സയ്ക്കും കുട്ടികളുടെ വിദ്യാഭ്യാസത്തിനും വായ്പയെടുത്ത് മുടിയേണ്ടി വന്നില്ല. റിട്ടയർ ചെയ്താൽ പെൻഷനും അപ്പോഴേക്കും കുട്ടികൾക്ക് തൊഴിലും കിട്ടുമായിരുന്നു.

ബാങ്കുകളിലും ശക്തമായ യൂണിയനുകളുടെ നേതൃത്വത്തിൽ തൊഴിലാളികളുടെ അവകാശങ്ങളും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മാതൃകാപരമായി നിലനിർത്തി. രാഷ്ട്രീയത്തിനതീതമായി, സംഘടിതമായ നിലപാടെടുത്ത് വിലപേശൽ ശക്തി നിലനിർത്തി. അത് സംരക്ഷിക്കാനും ശക്തമായ പണിമുടക്കുകൾ നടത്തേണ്ടി വന്നെങ്കിലും അതിന്റെ പേരിൽ ഒരു ബാങ്കും നശിച്ചുപോയില്ല. മറിച്ച് ബ്രാഞ്ചുകളും നിയമനങ്ങളും വർദ്ധിക്കുകയായിരുന്നു. സർക്കാർ സർവ്വീസിലെയും അധ്യാപകരുടെയും അവസ്ഥയും മെച്ചപ്പെട്ടതായിരുന്നു. 1970 കൾ വരെ പുതിയ അവകാശങ്ങൾ പൊരുതി നേടിക്കൊണ്ടിരുന്നു. അഞ്ചുവർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണവും കേന്ദ്രനിരക്കിൽ ക്ഷാമബത്തയും ഒരു മാസത്തെ ശമ്പള നിരക്കിൽ ബോണസുമൊക്കെ നേടിയെടുത്തു. സ്വകാര്യ മേഖലയിലും ഏറെക്കുറെ സമാനമായ തൊഴിലവകാശങ്ങളും ആനുകൂല്യങ്ങളും നിലനിന്നു. അവ സംരക്ഷിച്ച നിലനിർത്തുന്നതിൽ യൂണിയനുകളും തൊഴിലാളികളും ജാഗ്രത പുലർത്തി. ഏതെങ്കിലുമൊരു ആനുകൂല്യം പിൻവലിക്കുന്നതിനെപ്പറ്റി സർക്കാരോ മാനേജ്മെന്റോ മുതലാളിമാരോ ചിന്തിക്കാൻ പോലും ഭയന്നു. ഏതൊരു സ്ഥാപനത്തിലെയും തൊഴിലാളിക്ക് നേരെ അന്യായം പ്രവർത്തിച്ചാൽ ആ സ്ഥാപനത്തിലെ മാത്രമല്ല ഇതരമേഖലകളിലെയും തൊഴിലാളികളും വർഗ്ഗബോധത്തോടെ സംരക്ഷണ കവചം തീർത്ത് സമരത്തിനിറങ്ങും. 'പിരിച്ചുവിട്ട വരെ തിരിച്ചെടുക്കുക' എന്ന ബാനറിൻ കീഴിൽ അത്തരത്തിലുള്ള പ്രക്ഷോഭണങ്ങൾ കാരണം തൊഴിലാളികളെ ചുമ്മാതങ്ങ് പുറത്താക്കാനാവില്ല എന്ന സ്ഥിതി വന്നു. 'സർവ്വ രാജ്യ തൊഴിലാളികളെ സംഘടിക്കുവിൻ' എന്ന കാൾ മാർക്സിന്റെ ആഹ്വാനവും' 'സംഘടനകൊണ്ട് ശക്തരാകുവിൻ' എന്ന ശ്രീനാരായണഗുരുവിന്റെ പ്രബോധനങ്ങളും ഏറ്റെടുത്തുകൊണ്ട് തൊഴിലാളിവർഗ്ഗം അടിയുറച്ച നിലകൊണ്ടകാലമായിരുന്നു അത്.

## ആഗോളവൽക്കരണ കാലത്തെ മുതലാളിത്ത തന്ത്രങ്ങളും തൊഴിലാളി സംഘടനകളുടെ കീഴടങ്ങലും

അധ്വാനിച്ച് ജീവിതം നയിക്കുന്നവരുടെയും കേരളത്തിന്റെയാകെയും കാര്യത്തിലുണ്ടായ അധോഗതിക്ക് കാരണമെന്താണ്? ഒരു നൂറ്റാണ്ടിനു മുമ്പത്തെ അവസ്ഥയിലേക്ക് മടങ്ങുന്നതിന്റെ ഉത്തരവാദികൾ ആരാണ്? തൊഴിലാളികൾ അസംഘടിത സ്വഭാവത്തിൽ ചിതറിപ്പോകുകയും ഒറ്റപ്പെട്ടവനെപ്പോലെ നിസ്സഹായരും നിരായുധരുമായി മാറി, മുതലാളിമാരുടെയും മാനേജ്മെന്റിന്റെയും സർക്കാരിന്റെയും ആക്രമണത്തിനുമുന്നിൽ നിൽക്കേണ്ടിവന്നതിന്റെ കാരണമെന്താണ്?

തൊഴിലാളികളുടെ സംഘടിത വിലപേശൽ ശക്തി ക്ഷയിച്ചു പോയി എന്നതാണ് കാരണം. ആഗോളവൽക്കരണം ലോകമെങ്ങുമുള്ള അധ്വാനിക്കുന്ന ജനതയുടെ മേൽ അഴിച്ചുവിട്ട ബഹുമുഖ ആക്രമണങ്ങളിൽ ഒന്നാണ് തൊഴിലാളി സംഘടനകളെ ഷണ്ഡീകരിക്കുക എന്നത്.

1980കളോടെ, തൊഴിലവകാശങ്ങളും ആനുകൂല്യങ്ങളും തിരികെ പിടിക്കാനുള്ള മുതലാളിവർഗ്ഗത്തിന്റെ ശ്രമം വിജയം കണ്ടുതുടങ്ങി. സോവിയറ്റ് യൂണിയനിൽ സഖാവ് സ്റ്റാലിന്റെ മരണശേഷം അധികാരത്തിലെത്തിയ തിരുത്തൽവാദ നേതൃത്വത്തിൻ കീഴിൽ സോഷ്യലിസത്തിന്റെ അന്തഃസത്ത ചോർത്തിക്കളയാൻ ദശാബ്ദങ്ങളായി നടത്തിയ പരിശ്രമങ്ങൾ അന്തിമഘട്ടത്തിലേക്ക് കടന്ന കാലമായിരുന്നു അത്. ഒപ്പത്തിനൊപ്പം മറുവശത്ത്, മിൽട്ടൺ ഫ്രീഡ്മാൻ എന്ന സാമ്പത്തിക ശാസ്ത്രജ്ഞന്റെ ആശയങ്ങളുടെ പിൻബലത്തിൽ, സാമ്രാജ്യത്വശക്തികളുടെ നേതൃത്വത്തിൽ തൊഴിലാളി വർഗ്ഗത്തിനെതിരെ വർദ്ധിത വീര്യത്തോടെ നടത്തിയ തീവ്രമുതലാളിത്ത സാമ്പത്തിക നയങ്ങളുടെ ആക്രമണവും അരങ്ങേറി. ഗാട്ടുകരാറിലൂടെ ആഗോളവൽക്കരണ, ഉദാരവൽക്കരണ, സ്വകാര്യവൽക്കരണ നയങ്ങളുടെ മൂർത്തരൂപം പ്രത്യക്ഷപ്പെട്ടു.

(ശേഷം 7–ാം പേജിൽ)

# കപട ഇടതുപക്ഷം തൊഴിലാളികളുടെ പോരാട്ടവീര്യം ചോർത്തുകയും മൂലധനസേവ നടത്തുകയും ചെയ്യുന്നു

(6–ാം പേജിൽ നിന്ന്)

1980കളുടെ തുടക്കത്തിൽ ഈ സ്വഭാവത്തോടെയുള്ള നയങ്ങൾ നടപ്പിലാക്കാൻ കേരളത്തിലെ സർക്കാർ ശ്രമം തുടങ്ങിയെങ്കിലും തൊഴിലാളികൾ സംഘടിതമായി അവയെ പരാജയപ്പെടുത്തി.

അക്കാലത്തെ ഒരു വാർത്ത നോക്കുക "ലീവ് സറണ്ടർ തുക അനുവദിക്കുന്നത് രണ്ടുമാസത്തേക്ക് മാറ്റി. എല്ലാ സർവ്വീസ് സംഘടനകളുടെയും നേതൃത്വത്തിൽ ജീവനക്കാരുടെ മിന്നൽ പണിമുടക്ക്. സെക്രട്ടേറിയറ്റ് അടക്കമുള്ള ഓഫീസുകൾ സ്തംഭിച്ചു. സമരത്തെ തുടർന്ന് സർക്കാർ തീരുമാനം പിൻവലിച്ചു." 1983 ഫെബ്രുവരി ഒന്നിലെ പത്രവാർത്തയാണിത്. മുഖ്യമന്ത്രി കെ. കരുണാകരൻ, 'പോത്തിനോട് ചോദിച്ചിട്ടാണോ നുകം വയ്ക്കുന്നത്' എന്ന് ചോദിച്ച ഏകാധിപതി. തൊഴിലാളിവിരുദ്ധ നീക്കം ഉത്തരവായി പുറത്തിറങ്ങിയ അന്നുതന്നെ തൊഴിലാളികളുടെ സമര സമ്മർദ്ദത്താൽ പിൻവലിക്കേണ്ടിവന്ന ഉജ്ജ്വല സന്ദർഭം. സമാനമായ രീതിയിൽ സർക്കാരിന്റെ പരിശ്രമങ്ങൾ ഇതര മേഖലകളിലും ആരംഭിച്ചുവെങ്കിലും തൊഴിലാളികൾ അവയെ ചെറുത്തു പരാജയപ്പെടുത്തി.

പക്ഷേ, പിന്നീടങ്ങോട്ട് നാം കാണുന്നത് സമഗ്രവും ഗൂഢാലോചനാപരവും ആസൂത്രിതവുമായ തൊഴിലാളിവിരുദ്ധ ആക്രമണ നീക്കങ്ങളാണ്. മുതലാളിത്തത്തിന്റെ ഉപശാലകളായ വലിയ ഗവേഷണ സ്ഥാപനങ്ങളും അക്കാദമിക് പണ്ഡിതന്മാരുമൊക്കെ ചേർന്ന് സർവ്വമുഖങ്ങളിലുമുള്ള ആക്രമണമാണ് അഴിച്ചുവിട്ടത്. സാമൂഹിക മന:ശാസ്ത്രത്തിന്റെ ഉപാധികളും അവരുപയോഗിച്ചു. തൊഴിലാളികളെ പൊതുജനങ്ങളുടെ മുന്നിൽ താറടിച്ചു കാണിക്കുന്ന ശക്തമായ പ്രചാരവേല ആരംഭിച്ചു. പൊതുമേഖല സ്ഥാപനങ്ങൾ തരംതാണതെന്നും അവിടുത്തെ തൊഴിലാളികൾ പണിയെടുക്കാതെ അമിതശമ്പളം കൈപ്പറ്റുന്നവരാണെന്നും സർക്കാർ ജീവനക്കാർ അലസന്മാരും കൈക്കൂലിക്കാരുമാണെന്നും സർക്കാർ വരുമാനം മുഴുവൻ തിന്നുമുടിക്കുന്നവരാണെന്നും ബാങ്ക് ജീവനക്കാർ അമിതശമ്പളം പറ്റുന്ന എലൈറ്റ് ഉദ്യോഗസ്ഥന്മാരാണെന്നും ചുമട്ടുതൊഴിലാളികൾ പിടിച്ചുപറിക്കാരാണെന്നുമൊക്കെയുള്ള പ്രചാരവേലകൾ കൊട്ടുമ്പിരികൊണ്ട് നടത്തി. പ്രമുഖ പത്രമാധ്യമങ്ങൾ അവരുടെ മുതലാളിത്തപക്ഷ സ്വഭാവം വെളിപ്പെടുത്തി. ശമ്പളവർദ്ധനവുപോലെയുള്ള ഡിമാന്റുകൾ ഉയർത്തി നടത്തുന്ന സമരങ്ങൾക്ക് പൊതുജന പിന്തുണ ലഭിക്കുന്നത് തടയുക, സർക്കാർ ആ സമരങ്ങളെ അടിച്ചമർത്തിയാലും പൊതുജന രോഷം ഉണ്ടാകാതിരിക്കുക എന്നൊക്കെയായിരുന്നു ലക്ഷ്യം.

## സംഘടനാ നേതൃത്വങ്ങളുടെ അപചയവും പോരാട്ടവീര്യത്തിന്റെ ചോർച്ചയും

മുതലാളിത്തത്തിന്റെ ഈ ലക്ഷ്യത്തെ മുൻകൂട്ടിയോ പിന്നാലെയോ തടയാൻ, ആൾബലമുള്ള പ്രമുഖ തൊഴിലാളി യൂണിയനുകൾ ബോധപൂർവ്വമോ കഴിവുകേടുകൊണ്ടോ പരാജയപ്പെട്ടു എന്നതാണ് കീഴടങ്ങലിന്റെ ആദ്യ ചുവടുവെപ്പുകളായി നാം മനസ്സിലാക്കേണ്ടത്.

പിന്നീട്, പല കാരണങ്ങൾ പറഞ്ഞ് പ്ലാന്റുകളും ഫാക്ടറികളും സ്ഥാപനങ്ങളും അടച്ചിടുമെന്നും ദൂരെ മാറ്റി സ്ഥാപിക്കുമെന്നും അധിക ജോലിഭാരം ഏൽപ്പിക്കുമെന്നും ഉൽപാദന ലക്ഷ്യം കൂട്ടുമെന്നും മാനേജ്മെന്റും സർക്കാരും മുതലാളിമാരും ഭീഷണിപ്പെടുത്തിത്തുടങ്ങി. നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന സാമ്പത്തിക അവകാശങ്ങൾ വെട്ടിക്കുറക്കാനുള്ള തയ്യാറെടുപ്പിന് മുന്നോടിയായി തൊഴിലാളികളെ ഭയചകിതരാക്കുക എന്നതായിരുന്നു ലക്ഷ്യം. അതിനോടകംതന്നെ തൊഴിലാളി നേതൃത്വങ്ങളെ കൈയിലെടുക്കാനുള്ള തന്ത്രങ്ങൾ ആരംഭിച്ചിട്ടുണ്ടായിരുന്നു. നേതാക്കളെ തൊഴിലാളികളിൽനിന്ന് വേറിട്ട അഭിജാത വർഗ്ഗമായി കാണുകയും അവർക്ക്, പ്രത്യേകിച്ച് ഭരണാനുകൂല സംഘടനകളിൽപെട്ട നേതാക്കന്മാർക്ക് നിയമനങ്ങളിലും സ്ഥലംമാറ്റങ്ങളിലും പ്രത്യേക അധികാരങ്ങൾ നൽകി. തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന്റെയും ഉയർന്ന ആദർശങ്ങളുടെയും അടിസ്ഥാനത്തിലും സ്വന്തം ബോധ്യത്തിന്റെ അടിസ്ഥാനത്തിലും തൊഴിലാളി സംഘടനകളെ കണ്ടെത്തുകയും അതിൽ അംഗത്വമെടുത്ത് ഉറച്ചുനിൽക്കുകയും ചെയ്യുക എന്നതിന്റെ സ്ഥാനത്ത് അതതു കാലത്തെ ഭരണകക്ഷി സംഘടനകളെ സ്വീകരിക്കുന്ന അവസരവാദം തൊഴിലാളികളിൽ ചെലുത്തുക എന്നതാണ് ഈ അധികാരലബ്ധി വഴി സംഭവിച്ചത്. സ്വന്തക്കാരെയും വേണ്ടപ്പെട്ടവരെയും സ്ഥാപനങ്ങളിൽ പിൻവാതിലിലൂടെ തിരുകികയറ്റാനും അവർക്കായി. വ്യാപകമായിക്കൊണ്ടിരുന്ന കരാർവൽക്കരണത്തെ ചെറുത്തു പരാജയപ്പെടുത്താൻ യൂണിയനുകൾ തുനിയാത്തതിന്റെ ഒരു കാരണം ഇതാണ്. സ്ഥാപനങ്ങളിൽ നടക്കുന്ന പർച്ചേസുകളിൽ വിഹിതം കൈപ്പറ്റി മാനേജ്മെന്റിന്റെ അഴിമതികളോടൊപ്പം ചേരാനുള്ള അവസരവും കൈവന്നു. സ്ഥാപനങ്ങളെ തകർക്കുന്ന വിധത്തിൽ, സമാന മേഖലകളിലെ സ്വകാര്യ മുതലാളിമാർക്ക് നേട്ടം ഉണ്ടാക്കുന്ന കരാറുകൾക്ക് മാനേജ്മെന്റ് തുനിഞ്ഞാൽ അവയെ തടയാനുള്ള ധാർമിക ശക്തിയും അതോടെ ഇല്ലാതായി.

അവകാശങ്ങൾസംഘടിതമായിപൊരുതി നേടുക എന്നതിന്റെ സ്ഥാനത്ത്, ഭരണകക്ഷിയിൽ സ്വാധീനമുള്ള വമ്പൻ നേതാക്കന്മാരിൽ വ്യക്തിപരമായി പ്രതീക്ഷയർപ്പിച്ച് പോവുക എന്ന രീതി വന്നു. ഡിമാന്റുകൾ നേടിയെടുക്കുംവരെ സമരം എന്ന നിലയിൽ നിന്ന് പേരിനുവേണ്ടിയുള്ള, ഓജസറ്റ, ചടങ്ങ്, രേഖപ്പെടുത്തൽ സമരങ്ങൾ എന്ന സ്വഭാവത്തിലേക്കുവന്നു. ഈ ശൈലിയിൽ ദീർഘകാലം തൊഴിലാളി സംഘടനാപ്രവർത്തനം തുടർന്നതോടെ, സമരവീര്യം ക്രമേണ ചോർന്ന്, തങ്ങൾക്കുനേരെ വരുന്ന ആക്രമണങ്ങളെ മനസിലാക്കാനോ ചെറുക്കുവാനുമോ ഉള്ള ശേഷി തൊഴിലാളികൾക്ക് നഷ്ടപ്പെട്ടു. വർഗ്ഗബോധവും രാഷ്ട്രീയ പ്രബുദ്ധതയും ആർജിച്ച തൊഴിലാളികളാണ് സമരോർജ്ജമുള്ള തൊഴിലാളികൾ. രാഷ്ട്രീയ ദിശയില്ലാതെ കേവലം സാമ്പത്തിക ഡിമാന്റുകൾ മാത്രം മുൻനിർത്തിയുള്ള സമര പ്രവർത്തനങ്ങൾ തൊഴിലാളികളിൽ അവസരവാദത്തിന്റെ വിത്തുകളിടുമെന്നും അവരെ മുതലാളിത്തത്തിന് യഥേഷ്ടം തട്ടിക്കളിക്കാമെന്നും മനസ്സിലാക്കണം. മുതലാളിമാർക്ക് അനുകൂലമായി തൊഴിലാളികളെ മൃഗീയ ചൂഷണത്തിന് വിധേയരാക്കാൻ പോന്ന രാഷ്ട്രീയ ആക്രമങ്ങൾ പത്തിവിരിക്കുന്നത് കാണാനുള്ള രാഷ്ട്രീയപ്രബുദ്ധതനഷ്ടപ്പെട്ടവരായി തൊഴിലാളി വർഗ്ഗം മാറി. അവരെ നയിച്ച നേതാക്കന്മാർ ചേരിമാറി മുതലാളിമാരോടൊപ്പം ചേർന്നതും അവർക്ക് മനസ്സിലാകാതെ പോയി.

## ഡി–യൂണിയനൈസേഷൻ പദ്ധതി

കൂട്ടായ വിലപേശലിന്റെ ഉപകരണമാണ് ട്രേഡ് യൂണിയൻ. ട്രേഡ് യൂണിയന്റെ സ്വാധീനത്തിൽനിന്ന് തൊഴിലാളികളെ അകറ്റാനായി ആവിഷ്കരിക്കുന്ന തന്ത്രങ്ങളെയാണ് ഡി–യൂണിയനൈസേഷൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ശരിയായ ട്രേഡ് യൂണിയൻ തൊഴിലാളികളുടെ രക്ഷാകവചമാണ്. അതിനാൽതന്നെ ആ കവചം അറുത്തു മാറ്റിയാൽ തൊഴിലാളികൾ നിരായുധരാണ്, ഒറ്റപ്പെട്ടവരാണ്. ഒറ്റപ്പെട്ടവനെ വളഞ്ഞിട്ട് ആക്രമിക്കുക എന്നതാണല്ലോ മൃഗീയമായ വേട്ടയാടൽ രീതി.

മേൽപ്പറഞ്ഞ വിധത്തിൽ, നേതൃത്വത്തെ അഴിമതിക്കാരാക്കിയും ധാർമികബലം ചോർത്തിക്കളഞ്ഞും തൊഴിലാളികൾക്കിടയിൽ അവരുടെ വിലയിടിക്കുക, അവരുടെ ആഹ്വാനങ്ങൾക്ക് വിലയില്ലാതാക്കുക, കൂടുതൽ മെച്ചപ്പെട്ട കൂലിക്കും ആനുകൂല്യങ്ങൾക്കും, മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾക്കുംവേണ്ടി വിലപേശാൻ യൂണിയനുകൾക്കുള്ള ശേഷി ദുർബലപ്പെടുത്തുക, യൂണിയനുകളുടെ ഇടപെടലുകളില്ലാതെ തൊഴിലാളികളെ ബാധിക്കുന്ന വിഷയങ്ങളിൽ മാനേജ്മെന്റ് തീരുമാനിക്കുന്നത് നടപ്പിലാക്കുന്ന അവസ്ഥ സൃഷ്ടിക്കുക, യൂണിയൻ അംഗത്വമില്ലാത്ത താൽക്കാലിക തൊഴിലാളികളെക്കൊണ്ട് സ്ഥാപനം നിറയ്ക്കുക തുടങ്ങിയ തന്ത്രങ്ങളാണ് ഇതിനുവേണ്ടി ആവിഷ്കരിക്കുന്നത്. തൊഴിലാളികൾക്കുവേണ്ടി സത്യസന്ധമായി നിലകൊള്ളുന്ന യൂണിയനുകൾ ഉണ്ടെങ്കിൽ, അവരെ വിലപേശൽ പ്രക്രിയയിൽനിന്ന് പുറത്താക്കാൻ ഉതകുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ച് റഫറണ്ടം നടത്തുക, ഏറാൻമൂളികളായ സംഘടനകളെ നിലനിർത്താൻ വേണ്ടി മാനേജ്മെന്റുതന്നെ തന്ത്രങ്ങൾ ഒരുക്കുക എന്നതും ഡി- യൂണിയനൈസേഷന്റെ ഭാഗമാണ്.

## നേടിയതെല്ലാം തൊഴിലാളിവർഗ്ഗ പ്രബുദ്ധതയോടെ പോരാടിയതിനാൽ മാത്രം

ജന്മിത്ത ഘട്ടത്തിൽ പാടവരമ്പുകൾക്കുള്ളിലും ഒറ്റപ്പെട്ട ഇടങ്ങളിലും ഗ്രാമാതിർത്തിക്കുള്ളിലും തളയ്ക്കപ്പെട്ട മനുഷ്യരെ മുതലാളിത്തം മോചിപ്പിക്കുകയും നഗരങ്ങളിൽ വലിയ ഫാക്ടറികളിൽ ഒന്നിപ്പിക്കുകയും ചെയ്തു. തോളോടുതോൾ ചേർന്ന് പണിയെടുത്ത തൊഴിലാളികൾ, തങ്ങളനുഭവിക്കുന്ന മുതലാളിത്ത ചൂഷണത്തിനും അടിച്ചമർത്തലിനുമെതിരെ കൂട്ടായ്മ സൃഷ്ടിച്ചു. ട്രേഡ് യൂണിയനുകൾ ഉണ്ടായി. പണിമുടക്ക് എന്ന സമരായുധം കണ്ടെത്തി. പണിയെടുത്ത് നടുവൊടിഞ്ഞു മരിക്കുന്നതിനേക്കാൾ നല്ലത്, പൊരുതി മരിക്കുന്നതാണെന്ന് അവർ കരുതി. സ്വന്തം പ്രശ്നവും സ്വന്തം തൊഴിലിടത്തെ പ്രശ്നവും മാത്രമല്ല, ഏതൊരിടത്തെയും തൊഴിലാളികളുടെ പ്രശ്നം തങ്ങളുടെ സ്വന്തം പ്രശ്നമായി കരുതി പ്രക്ഷോഭരംഗത്തെത്തി. ഉയർന്നുവന്ന ആ സമര സാഹോദര്യത്തിനുമുന്നിൽ മുതലാളിവർഗ്ഗത്തിന് അടിയറവ് പറയേണ്ടിവന്നു. തൊഴിലാളിവർഗ്ഗത്തിന്റെ മോചന പ്രത്യയശാസ്ത്രമായ മാർക്സിസം-ലെനിനിസം അവരെ നയിച്ചു. അങ്ങനെയാണ്, ഇരുപതാം നൂറ്റാണ്ടിൽ തൊഴിലാളികളുടെ മുന്നേറ്റത്തിന്റെയും തൊഴിലാളിവർഗ്ഗ ഭരണകൂടങ്ങളുടെയും യുഗം പിറക്കുന്നത്. കൂട്ടായ്മയിൽ അധിഷ്ഠിതമായ വർഗ്ഗബോധവും തൊഴിലാളിവർഗ്ഗ സംസ്കാരവും തൊഴിലാളിവർഗ്ഗ പ്രബുദ്ധത സൃഷ്ടിക്കുന്ന പ്രത്യയശാസ്ത്രവും: ഇവയാണ് തൊഴിലാളിവർഗ്ഗത്തിന്റെ ചാലകശക്തി. ചൂഷണമനുഭവിക്കുന്ന, അധ്വാനിക്കുന്ന എല്ലാ ജനങ്ങളുടെയും മോചനത്തിന്റെ ഇന്ധനമാണത്.

## കൂട്ടായ്മയെ ചിതറിപ്പിക്കുന്ന മുതലാളിത്ത തന്ത്രം

ഇക്കാര്യം നന്നായി മനസ്സിലാക്കിയ ആധുനിക മുതലാളിവർഗ്ഗം, തൊഴിലാളികളെ ആശയപരമായും സംഘടനാപരമായും ചിതറിപ്പിക്കുന്ന തന്ത്രമാണ് എടുക്കുന്നത്. തൊഴിലാളിവർഗ്ഗ പ്രത്യയശാസ്ത്ര ത്തിനുള്ളിലേക്ക് മുതലാളിത്ത ആശയങ്ങൾ സോഷ്യൽ ഡെമോക്രസിയുടെ, ആധുനിക തിരുത്തൽവാദത്തിന്റെ രൂപത്തിൽ കടത്തിവിട്ടു. വർഗ്ഗസമരത്തിന് പകരം വർഗ്ഗസഹകരണം സംഘടനകളുടെ അടിസ്ഥാന പ്രമാണമായി മാറി. 'ചുമരില്ലാതെ ചിത്രം എഴുതുന്നത് എങ്ങനെ', ' ഇന്നത്തെ കാലത്ത് സമരം ചെയ്തിട്ട് എന്താ കാര്യം' എന്നിങ്ങനെയുള്ള ആശയക്കുഴപ്പങ്ങൾ തൊഴിലാളികൾക്കിടയിൽ പ്രചരിപ്പിച്ചു. തൊഴിലാളികളിൽ, മതത്തിന്റെയും ജാതിയുടെയും പ്രദേശത്തിന്റെയും പേരിൽ ഭിന്നിപ്പ് സൃഷ്ടിച്ചു. ജാതി, മത അടിസ്ഥാനത്തിൽ തൊഴിലാളി യൂണിയനുകൾ സൃഷ്ടിക്കപ്പെട്ടു. തൊഴിലിടങ്ങളിൽതന്നെ,സ്ഥിരതൊഴിലാളികളെന്നും താൽക്കാലിക തൊഴിലാളികളെന്നും പെൻഷൻ ഉള്ളവരും ഇല്ലാത്തവരുമെന്നുമുള്ള ഭിന്നിപ്പ് സൃഷ്ടിച്ചു. നൂറുകണക്കിന്, ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന ഫാക്ടറികൾക്ക് പകരം ചെറിയ യൂണിറ്റുകൾ പലയിടങ്ങളിലാക്കി സ്ഥാപിച്ചു. ഒരു ഉൽപ്പന്നത്തിനുവേണ്ട സകല പ്രവൃത്തികളും ഒരു കമ്പനിയിൽ ചെയ്യുന്നതിന് പകരം ഓരോ ചെറിയ ഘടകങ്ങളും ചെയ്യുന്ന പ്രത്യേക കമ്പനികൾക്ക് പുറംകരാർ നൽകുന്ന സമ്പ്രദായമായി. പ്രധാന കമ്പനി വെറും അസംബ്ലി യൂണിറ്റുകളായി മാറി. ഐടി യുഗത്തിൽ തൊഴിലാളിക്ക് അവനവന്റെ വീടുകളിൽ ഉടമകളുടെ നിതാന്ത നിരീക്ഷണത്തിൽ ഏകാന്ത തടങ്കലിൽ എന്നവണ്ണം പണിയെടുക്കുന്ന 'വർക്ക് ഫ്രം ഹോം' എന്ന സ്ഥിതിയിലേക്ക് വന്നു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ വരവോടെ തൊഴിലാളികളുടെ വൻപടയെ സൂപ്പർ കമ്പ്യൂട്ടറുകൾ വഴി നയിക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വന്നു. തൊഴിലാളികൾക്ക് തങ്ങളുടെ മുതലാളി ആരാണെന്നും ആരോടാണ് തങ്ങളുടെ ആവലാതികൾ പറയേണ്ടതെന്നുപോലും അറിയാതെ, ഒരേ സംവിധാനത്തിന് കീഴിൽ പണിയെടുക്കുന്നവർ പരസ്പരം കാണാതെ, യാതൊരു തൊഴിൽ അവകാശങ്ങളുമില്ലാതെ ചൂഷണത്തിന്റെ പാരമ്യത്തിൽപ്പെട്ടു പോകുന്ന സ്ഥിതി വന്നു. അങ്ങനെ തൊഴിലാളികളുടെ കൂട്ടായ്മയെ ചിതറിപ്പിച്ച് ഒറ്റപ്പെടുത്തലിന്റെ പാരമ്യത്തിൽ എത്തിയിരിക്കുന്നു. ലാഭാർത്തി പെരുത്ത മുതലാളിത്തത്തിന്റെ മുന്നിൽ ആക്രമണത്തിന് വിധേയനായി ഒറ്റപ്പെട്ട് നിൽക്കുന്ന തൊഴിലാളിയുടെ വർത്തമാനകാല ദൃശ്യമാണ് നാം കാണുന്നത്. മുതലാളിത്ത സമ്പദ്വ്യവസ്ഥ എക്കാലവും ഉണ്ടായിരുന്നി

(ശേഷം 8–ാം പേജിൽ)

# ബിജെപിയുടെ ബുൾഡോസർ രാഷ്ട്രീയത്തിന് സുപ്രീംകോടതിയുടെ വിലക്ക്

മുസ്ലീംന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ ഭവനങ്ങളും കെട്ടിടങ്ങളും ജീവനോപാധികളും, തൊടുന്യായങ്ങളുയർത്തി പൊളിച്ചുകളയുവാൻ ബിജെപി നയിക്കുന്ന ഹിന്ദുവർഗ്ഗീയ സർക്കാരുകളുടെ കൈയിലെ ഉപകരണമായി ബുൾഡോസറുകൾ മാറിയിരിക്കുകയാണ്. 2022 മെയ് മാസത്തിൽ, ഉത്തർപ്രദേശിലെ പ്രയാഗ് രാജ് സിറ്റി അധികാരികൾ(പഴയ അലാഹാബാദ് നഗരം) രാഷ്ട്രീയ പ്രവർത്തകനായ ജാവേദ് മുഹമ്മദിന്റെ ഭവനം അനധികൃതനിർമ്മിതിയാണ് എന്ന ആരോപണം ഉയർത്തി ഇടിച്ചുനിരത്തി. ഈ ആരോപണം വീട്ടുകാർ നിഷേധിക്കുന്നു, സർക്കാരിനുനേരെ ജാവേദ് മുഹമ്മദ് ഉയർത്തുന്ന അതിനിശിതമായ വിമർശനമാണ് ഭവനം ഇടിച്ചുനിരത്തലിന്റെ യഥാർത്ഥകാരണം എന്ന് പ്രദേശവാസികൾ സാക്ഷ്യപ്പെടുത്തുന്നു. അക്രമികളെയും മാഫിയകളെയും തകർക്കുവാനാണ് ബുൾഡോസർ എന്നാണ് കാവിയിൽ പുതച്ചു നിൽക്കുന്ന യോഗി ആദിത്യനാഥിന്റെ പ്രഖ്യാപനം. യഥാർത്ഥത്തിൽ ബുൾഡോസറുകൾ തകർക്കുന്നത് രാജ്യത്തിന്റെ ക്രമസമാധാനവും നിയമസംവിധാനവുമാണ്. മുസ്ലീം ന്യൂനപക്ഷവിഭാഗത്തിനുനേരെ ബിജെപി പയറ്റുന്ന, വർഗ്ഗീയതയുടെയും വിദ്വേഷത്തിന്റെയും രാഷ്ട്രീയം ഉറപ്പിച്ചെടുക്കാനാണ് ‘ബുൾഡോസർ രാഷ്ട്രീയം’ ഉപയോഗിക്കുന്നത്. ബലംപ്രയോഗിച്ച് വീടുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ പൊളിക്കുന്നത് യാതൊരു മുന്നറിയിപ്പുമില്ലാതെയാണ്. രാജ്യത്തിനകത്തും പുറത്തും ഇതിനെതിരെ പ്രതിഷേധങ്ങൾ ഉയർന്നു, ഈ പൊളിച്ചടുക്കൽ അങ്ങേയറ്റം നിയമവിരുദ്ധമാണെന്നും ബുൾഡോസർ ഉരുളുന്നത് നിയമസംഹിതയുടെ ആത്മാവിനു മേലാണെന്നും വിമർശനങ്ങൾ ഉയർന്നു.

ബുൾഡോസർ രാഷ്ട്രീയവും അതിലൂടെ സൃഷ്ടിക്കപ്പെടുന്ന വർഗ്ഗീയധ്രുവീകരണവും യോഗി ആദിത്യനാഥിനും ശിവരാജ് സിങ് ചൗഹാനുംമറ്റും തിരഞ്ഞെടുപ്പിൽ മുതൽക്കൂട്ടായേക്കുമെന്ന കണക്കുകൂട്ടലിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും മറ്റ് നേതാക്കളും ഈ വിമർശനങ്ങളിൽനിന്നും പ്രതിഷേധങ്ങളിൽനിന്നും ധിക്കാരപൂർവം മുഖം തിരിക്കുകയാണ്. "ബുൾഡോസറുകൾ മാഫിയകളുടെമേലും അനധികൃത കെട്ടിടങ്ങൾക്കുമേലും ഉരുളുമ്പോൾ നട്ടുനനച്ച് വളർത്തിയവർക്ക് വേദന തോന്നുക സ്വാഭാവികമാണ്" എന്നാണ് നരേന്ദ്രമോദി 2021 ഡിസംബറിൽ പറഞ്ഞത്. ബുൾഡോസറുകൾ ഉത്തർപ്രദേശിന് പുറത്തേയ്ക്കും ഉരുണ്ടുതുടങ്ങിയതാണ് അതിനുശേഷം കാണുന്നത്. മധ്യപ്രദേശിലും ഡൽഹിയിലും വർഗ്ഗീയ സംഘർഷങ്ങളെത്തുടർന്ന് മുസ്ലീം മതത്തിൽപ്പെട്ടവരുടെ കടകളും വീടുകളും മറ്റ് ചെറുകിട സംരംഭങ്ങളും ഇടിച്ചുനിരത്തി. യോഗി ആദിത്യനാഥിന്റെ അണികൾ തിരഞ്ഞെടുപ്പുറാലിയിൽ കളിപ്പാട്ട ബുൾഡോസറുകളുമായാണ് പങ്കെടുത്തത്. 2022ലെ തിരഞ്ഞെടുപ്പ് കാലയളവിൽ ഉത്തരപ്രദേശിലെ പല നഗരങ്ങളിലും ബുൾഡോസറുകൾ നിലയുറപ്പിച്ചിരുന്നു. തിരഞ്ഞെടുപ്പിനുശേഷം നടന്ന വിജയാഘോഷറാലിയിൽ ഈ ബുൾഡോസറുകൾ നിയമസഭാ മന്ദിരത്തിനു മുന്നിൽ അണിനിരന്നിരുന്നു. കഴിഞ്ഞ ജൂൺമാസത്തിൽ ലക്നൗവിലെ അക്ബർ നഗറിൽ തകർക്കപ്പെട്ടത് 1800ഓളം കെട്ടിടങ്ങളാണ്. അതിൽ 1169ഉം വീടുകളായിരുന്നു, 101 കെട്ടിടസമുച്ചയങ്ങളും! കഴിഞ്ഞ ആഗസ്റ്റിൽ, ചത്തർപൂർ നഗരത്തിലെ മസ്താൻ സാഹിബ് കോളനിയിൽ ഹാജി ഷഹസാദ് അലിയുടെ കെട്ടിടം ബുൾഡോസർ ഉപയോഗിച്ച് ഇടിച്ചുനിരത്തിയത് മുഹമ്മദ് നബിയെയും ഇസ്ലാമിനെയുംകുറിച്ച് ദുഷിച്ച് സംസാരിച്ച രാംഗിരി മഹാരാജിനെതിരെ നടന്ന പ്രതിഷേധത്തിൽ പങ്കെടുത്തതിന്റെ പേരിലാണ്. രണ്ടുവർഷത്തിനുള്ളിൽ 1,50,000 വീടുകൾ ഇടിച്ചുനിരത്തുകവഴി ഏതാണ്ട് 7,38,000 ആളുകൾ ഭവനരഹിതരായി എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. വിദ്വേഷത്തിന്റെയും വിഭാഗീയതയുടെയും രാഷ്ട്രീയത്തിന് ബലംപകർന്നുകൊണ്ട്, രാജ്യത്തിന്റെ ചിരപ്രതിഷ്ഠിതമായ നിയമസംവിധാനത്തിന്റെമേലാണ് ബിജെപി സർക്കാരുകളുടെ ഈ ബുൾഡോസർ രാജ് ഉരുണ്ടുനീങ്ങുന്നത്.

കുറ്റാരോപിതനാണെങ്കിൽപ്പോലും ഒരുവന്റെ സ്വത്തിനുമേൽ കടന്നുകയറാനോ നശിപ്പിക്കാനോ രാജ്യത്തെ ഒരു നിയമവും അനുശാസിക്കുന്നില്ല. ഇടിച്ചുനിരത്തുന്ന കെട്ടിടങ്ങൾ അനധികൃത നിർമ്മിതിയെന്നോ സർക്കാർ ഭൂമിയെന്നോ ആരോപിക്കുന്നതിന്റെ കാരണമിതാണ്. ഭവനരഹിതരായവരും ഇരകളും ദീർഘകാലമായി നീതിക്കുവേണ്ടി മുറവിളികൂട്ടി കോടതികളുടെ വാതിലിൽ മുട്ടുകയാണ്. മുൻചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ്, ജസ്റ്റിസ് ജെ.ബി.പർദ്ദിവാല, മനോജ് മിശ്ര എന്നിവരടങ്ങുന്ന സുപ്രീംകോടതിയുടെ ബഞ്ച് ഇടപെട്ട് ഒടുവിൽ ബുൾഡോസർ രാജിനെതിരെ വിധി പറഞ്ഞിരിക്കുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 300 എ പ്രകാരം സ്വത്തിനുമേൽ പൗരനുള്ള അവകാശത്തിനുനേരെയുള്ള കടന്നുകയറ്റമാണ് ബുൾഡോസർ രാജ് എന്ന് വിധിന്യായം വ്യക്തമാക്കുന്നു. ഈ വിധി വന്നിരിക്കുന്നത് ജസ്റ്റിസ് ചന്ദ്രചൂഡ് വിരമിക്കുന്നതിന്റെ തലേദിവസമാണ്. ഏത് കെട്ടിടമായാലും പൊളിക്കുന്നതിനുമുമ്പ് നിർബന്ധമായും ആറ് നിബന്ധനകൾപൂർത്തീകരിച്ചിരിക്കണമെന്നും സുപ്രീംകോടതി അനുശാസിക്കുന്നു. ഏകപക്ഷീയമായ ബുൾഡോസർ നീതിയെ നിശിതമായി വിമർശിച്ച സുപ്രീംകോടതി, ജനങ്ങളുടെ വസ്തുവകകൾ നശിപ്പിച്ച്, ഭീഷണിപ്പെടുത്തി അവരുടെ പ്രതിഷേധശബ്ദങ്ങളെ അടിച്ചമർത്താനാകില്ല എന്നും ചൂണ്ടിക്കാട്ടി. അത് നിയമവിരുദ്ധമാണ്, ജനങ്ങളുടെ മൗലിക അവകാശം ഹനിക്കുന്നതാണ്, അത് അംഗീകരിക്കാനാവില്ല എന്നും കോടതി അഭിപ്രായപ്പെട്ടു. സർക്കാർ നിയമത്തിന്റെ വഴികളാണ് പിന്തുടരേണ്ടത്; കെട്ടിടം പൊളിക്കുന്നതിനുമുമ്പ് വ്യക്തികൾക്ക് അവരുടെ അഭിപ്രായം പറയാനുള്ള അവസരം അനുവദിക്കാനും അവരെ കേൾക്കാനുമുള്ള ബാധ്യതയും സർക്കാരിനുണ്ട്.

അധികാര ദുർവിനിയോഗത്തിന് തടയിടുന്ന സുപ്രധാനമായ വിധിയാണ് സുപ്രീംകോടതിയുടേത്. ഭരണഘടന ഒരു പൗരന് വാഗ്ദാനം ചെയ്യുന്ന മൗലിക അവകാശങ്ങൾ ഏകപക്ഷീയമായി കവർന്നെടുക്കാൻ സർക്കാരിന് അവകാശമില്ല എന്ന വ്യക്തമായ സന്ദേശമാണ് ഈ വിധിയിലൂടെ സുപ്രീംകോടതി നൽകുന്നത്. വിചാരണയില്ലാതെ വ്യക്തികൾക്ക് ശിക്ഷവിധിക്കുന്നത് സ്വാഭാവിക നീതിയുടെ ലംഘനമാണ്. ബുൾഡോസർ നീതി ഇന്ത്യയിലെ നിയമവാഴ്ചയ്ക്ക് അംഗീകരിക്കാനാകില്ല, ഒരു പരിഷ്കൃതവ്യവസ്ഥയിലോ നിയമനീതി സംവിധാനങ്ങളിലോ കേട്ടുകേൾവിയില്ലാത്തതാണ് ഈ ബുൾഡോസർ നീതി. ജനങ്ങളുടെ വസ്തുവകകളോ, ഭവനങ്ങളോ തകർക്കപ്പെട്ടേക്കാമെന്ന് ഭയപ്പെടുത്തി അവരുടെ പ്രതിഷേധങ്ങളെ ഗളച്ഛേദം ചെയ്യാനാകില്ല. പൗരന്റെ ഏറ്റവും സുരക്ഷിതമായ ഇടം പാർപ്പിടമാണ്. നിയമവിരുദ്ധമായി ജനങ്ങളുടെ സ്വത്തുവകകൾ കൈയേറുന്നത് കോടതിക്ക് അംഗീകരിക്കാനാകില്ല എന്നും പതിനഞ്ചുപേജുവരുന്ന വിധിന്യായത്തിൽ കോടതി ചൂണ്ടിക്കാണിക്കുന്നു.

സുപ്രീംകോടതിയുടെ ഈ വിധി നിലനിൽക്കെ കഴിഞ്ഞ നവംബർ18ന് യോഗി ആദിത്യനാഥ്, ഝാർഖണ്ഡിൽ പറഞ്ഞത്, ബിജെപി അധികാരത്തിൽവന്നാൽ ശത്രുക്കളെ കാത്തിരിക്കുന്നത് ബുൾഡോസർ ആണ് എന്നാണ്. മാത്രവുമല്ല തന്റെ അനുയായികൾ മൂന്ന് ബുൾഡോസറുമായി നിൽക്കുന്നതിന്റെ ചിത്രവും കാണിച്ചു. രണ്ടുബുൾഡോസറുകളിൽ കാവിക്കൊടിയേന്തിയാണ് പ്രവർത്തകർ അണിനിരന്നത്. ബിജെപി ഉയർത്തുന്ന വർഗ്ഗീയ രാഷ്ട്രീയത്തിനും അധികാര ദുർവിനിയോഗത്തിനും ദുരാഗ്രഹങ്ങൾക്കും എതിരാണെങ്കിൽ കോടതി വിധികൾപോലും ധിക്കരിക്കപ്പെടുകയും ലംഘിക്കപ്പെടുകയും ചെയ്യും എന്നാണ് ഇത് കാണിക്കുന്നത്. നിയമത്തിനും മേലെയാണ് തങ്ങളെന്ന് കരുതിവശായിരിക്കുന്ന ഫാസിസ്റ്റ് സ്വേച്ഛാധിപതികളിൽനിന്ന് ഇതിൽ കൂടുതൽ എന്ത് പ്രതീക്ഷിക്കാൻ. ■

# തൊഴിലാളിവർഗ്ഗ മുന്നേറ്റം സാമൂഹ്യപുരോഗതിയുടെ ചാലകശക്തി

*(7–ാം പേജിൽ നിന്ന്)*

ല്ല എന്നും എക്കാലത്തേക്കും അത് നിലനിൽക്കില്ല എന്നുമാണ് സാമൂഹിക വികാസത്തിന്റെ അലംഘനീയമായ നിയമം സാക്ഷ്യപ്പെടുത്തുന്നത്. മുതലാളി ത്തവികാസം അടിപടലം മുരടിച്ച്, ആസകലം പ്രതിസന്ധികളിൽ പെട്ട് ഉലയുകയാണ്. തൊഴിലാളികളെയും നാടിന്റെയും സമ്പത്ത് ആകെ യും പ്രകൃതിയെയും ചൂഷണം ചെയ്തിട്ടും മേൽഗതി കിട്ടുന്നില്ല. മുതലാളി വർഗ്ഗത്തിന്റെ കരുത്താർജിച്ച് കൊഴുത്ത കുത്തക കോർപ്പറേറ്റ് മുതലാളിമാർ തങ്ങളുടെ തന്നെ വർഗ്ഗത്തിലെ ദുർബലരെ വിഴുങ്ങുകയാണ്. ചെറിയ മീനുകളെ വലിയ മീനുകൾ വിഴുങ്ങുന്നു. അങ്ങനെ നരഭോജികളുടെ സ്വഭാവത്തിൽ എത്തിയിരിക്കുകയാണ് മുതലാളിത്തം.

## തൊഴിലാളികളുടെ മുന്നേറ്റം ചരിത്രത്തിന്റെ അനിവാര്യത

ഈ ഒരു ചരിത്ര സാഹചര്യത്തിൽ തൊഴിലാളികളുടെ കടമ എന്താണ്? സമൂഹത്തിൽ സ്വന്തം സ്ഥാനവും ശക്തിയും എന്താണെന്ന് തിരിച്ചറിയുക എന്നതാണ് സർവ്വപ്രധാനം. സമ്പത്താകെ സൃഷ്ടിക്കുന്നവരെന്ന നിലയിൽ താൻ ഉൾപ്പെടുന്ന സമൂഹത്തിന്റെ ഭാഗധേയം സ്ഥാപിച്ചെടുക്കേണ്ടുന്നവ നാണെന്ന് ബോധ്യമുണ്ടാവണം. അതു കൂട്ടായ്മയുടെ സംസ്കാരത്തിലൂടെ തൊഴിലാളിവർഗ ബോധത്തിലൂടെ നേടേണ്ടതാണ്. മുതലാളിവർഗ്ഗ ഭരണകൂടത്തിന്റെ സ്ഥാനത്ത് തൊഴിലാളികളുടെ ഭരണകൂടം സ്ഥാപിക്കുക എന്ന രാഷ്ട്രീയ ദിശാബോധത്തിന്റെ ഉള്ളടക്കമുള്ള ട്രേഡ് യൂണിയൻ പ്രവർത്തനമാണ് ആവശ്യകത. അവകാശ പ്രക്ഷോഭണങ്ങളിലൂടെ ട്രേഡ് യൂണിയനുകൾ കമ്മ്യൂണിസത്തിന്റെ പാഠശാലകൾ ആയി മാറും. തൊഴിലാളിവർഗ്ഗ മോചന പ്രത്യയശാസ്ത്രമായ മാർക്സിസം-ലെനിനിസത്തിൽ ആധാരപ്പെടുത്തിയ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ മാത്രമേ ആത്യന്തിക ലക്ഷ്യം സാക്ഷാത്കരിക്കാനാവൂ എന്ന അടിയുറച്ച ധാരണ ഉണ്ടാകണം. എല്ലാം നഷ്ടപ്പെട്ടുവെന്ന പ്രതീതിയെ മറികടന്ന് മുന്നേറാൻ അപ്പോഴേ സാധിക്കു.

നഷ്ടപ്പെട്ടവ തിരിച്ചുപിടിക്കാനും പൊരുതി മുന്നേറാനുമുള്ള കരുത്തും സാമൂഹിക സ്ഥാനവും തൊഴിലാളികൾക്കുണ്ട്. പ്രബല യൂണിയനോ, അധികാരത്തിലുള്ള പാർട്ടിയുടെയൂണിയനോ,പ്രമുഖനേതാവ് നയിക്കുന്ന യൂണിയനോ മാറ്റം കൊണ്ടുവരും എന്നുകരുതി കാത്തിരിക്കാൻ തൊഴിലാളികൾക്കാകുമോ? സ്വന്തം പ്രവൃത്തിയും പ്രവർത്തനമില്ലായ്മയുംകൊണ്ട് സ്വയം വെളിപ്പെടുത്തിയവരെ ഇനിയും വിശ്വസിക്കാമോ? തൊഴിലാളിവർഗ്ഗത്തിന്റെ മോചനലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന, തൊഴിലാളികളെ വഞ്ചിക്കാത്ത കറകളഞ്ഞ ആത്മാർത്ഥതയുള്ള തൊഴിലാളി സംഘടനയുണ്ടെങ്കിൽ അതെത്ര ചെറുതാണെങ്കിലും അതിനെ തിരിച്ചറിയുകയും ഒത്തുചേർന്ന് പ്രവർത്തിച്ച് ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് തൊഴിലാളികളുടെ ഇന്നത്തെ കർത്തവ്യം.

ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ദാർശനികൻ സഖാവ് ശിബ്ദാസ് ഘോഷ് ദീർഘകാലം താൻ പ്രസിഡണ്ടായിരുന്ന എഐയുടിയുസിയെ ഒരു വിപ്ലവ ട്രേഡ് യൂണിയനായി വളർത്തിയെടുത്തത് മേൽപ്പറഞ്ഞ ആശയത്തിന്റെ അടിസ്ഥാനത്തിലായിരുന്നു.സഖാവ് ശിബ്ദാസ് ഘോഷ് തൊഴിലാളികളോട് പറഞ്ഞു: "തൊഴിലാളികളാണ് സംസ്കൃതിയുടെ സൃഷ്ടാക്കൾ. ആ സംസ്കൃതി പേറ്റുനോവിലാണ്. അതിന്റെ പിറവിക്കു വഴിയൊരുക്കാൻ നിങ്ങളോട് യാചിക്കുകയാണ്. നിങ്ങളുടെ സ്വന്തം മോചനം മാത്രമല്ല, മുഴുവൻ മാനവരാശിയുടേയും സ്വാതന്ത്ര്യവും മോചനവും നിങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്." ആക്രമണങ്ങളുടെ മുന്നിൽ ആത്മഹത്യയല്ല വേണ്ടത്. ജീവൻ വെടിഞ്ഞും അവകാശ പോരാട്ടങ്ങളിൽ പങ്കെടുക്കുക എന്ന പൂർവ്വസൂരികൾ കാട്ടിയ പാതയാണ് മോചനത്തിന്റെ പാത. ■

# ട്രംപ് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടത് ആശങ്കയേറ്റുന്നു

**2024ലെ അമേരിക്കൻ തിരഞ്ഞെടുപ്പ് കഴിഞ്ഞതോടെ ഡൊണാൾഡ് ട്രംപിന് വൈറ്റ് ഹൗസിലേയ്ക്ക് തിരിച്ചുവരാൻ വഴിയൊരുങ്ങിയിരിക്കുകയാണ്. പെന്റഗണിന്റെ അക്രമോത്സുകമായ വിദേശനയത്തെക്കുറിച്ച് ലോകമെമ്പാടുമുള്ള ജനങ്ങൾക്കുള്ള ആശങ്കകൾ വർദ്ധിപ്പിക്കുന്നതാണ് തിരഞ്ഞെടുപ്പ് ഫലം.**



അമേരിക്കൻ ജനതയെ ഗ്രസിച്ചിരിക്കുന്ന യഥാർത്ഥ ജീവിത പ്രശ്നങ്ങളെല്ലാംതന്നെ -വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, പിരിച്ചുവിടലുകൾ, കുറഞ്ഞ വേതനം, വർദ്ധിച്ചുവരുന്ന കടബാധ്യതകൾ, വിലക്കയറ്റം, താങ്ങാനാകുന്ന ആരോഗ്യപരിപാലന സംവിധാനങ്ങളുടെയും വീടുകളുടെയും അഭാവം, കാലാവസ്ഥാ ദുരന്തങ്ങളുടെ വർദ്ധന, പാവങ്ങൾക്കെതിരെയുള്ള പോലീസ് അതിക്രമങ്ങൾ, വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ, സാമൂഹ്യജീവിതം താറുമാറാക്കുന്ന സാംസ്കാരിക ജീർണത ഇവയെല്ലാം പിന്നാമ്പുറത്തേയ്ക്ക് തള്ളപ്പെട്ടിരിക്കുകയായിരുന്നു. പകരം കൃത്രിമമായി ഉണ്ടാക്കിയെടുത്ത പ്രശ്നങ്ങളെ കുറിച്ചായിരുന്നു കമല ഹാരിസിന്റെയും ഡൊണാൾഡ് ട്രംപിന്റെയും ആസൂത്രിത വാദപ്രതിവാദങ്ങൾ. ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥിയായ കമല ഹാരിസിനെ തോൽപ്പിച്ച്, റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയായ ഡൊണാൾഡ് ട്രംപ് നാലു വർഷത്തെ ഇടവേളയ്ക്കുശേഷം വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

## ദ്വികക്ഷി സമ്പ്രദായം

ദീർഘകാലമായിഅമേരിക്കയിൽ ദ്വികക്ഷി പ്രസിഡൻഷ്യൽ സമ്പ്രദായമാണ് നിലനിൽക്കുന്നത്. അമേരിക്കൻ ജനതയെ ചൂഷണം ചെയ്യുകയും ലോകമെമ്പാടുമുള്ള രാജ്യങ്ങളെ തങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ അധീശത്വത്തിൽ കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്യുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ വിശ്വസ്ത സേവകരാണ് ഈ രണ്ടുപാർട്ടികളും, റിപ്പബ്ലിക്കൻ പാർട്ടിയും ഡെമോക്രാറ്റിക് പാർട്ടിയും. ഈ രണ്ടുമാനേജർമാരിൽ ആരെ തിരഞ്ഞെടുക്കണമെന്നതുമാത്രമാണ് ജനങ്ങൾക്കുള്ള അവസരം. ഭരണവർഗ്ഗത്തിന്റെ വലിയ പ്രചാരണവും ആസൂത്രിതമായ വാദപ്രതിവാദങ്ങളും ഒക്കെ കാണാം. എന്നാൽ സാധാരണ ജനങ്ങളെ ബാധിക്കുന്ന യാതൊരു വിഷയവും അത്തരം ചർച്ചകളിൽ വരാതിരിക്കാൻ രണ്ടു കൂട്ടരും അസാമാന്യ വിരുതോടെ ശ്രമിക്കും. ജനങ്ങളുടെ ജീവൽ പ്രശ്നങ്ങൾ ചർച്ചചെയ്യാനോ, പരിഹരിക്കാനോ അല്ല, മറിച്ച് അതിൽ നിന്ന് ശ്രദ്ധ തിരിക്കുക എന്നതാണ് ഈ പ്രചാരണത്തി ന്റെയൊക്കെ പ്രധാന ഉദ്ദേശം. ഈ തിരഞ്ഞെടുപ്പിലും കാര്യങ്ങൾ വിഭിന്നമല്ല. ഈ കാര്യങ്ങൾ മുൻനിർത്തിവേണം ഡൊണാൾഡ് ട്രംപിന്റെ തിരിച്ചുവരവ് നാം പരിശോധിക്കേണ്ടത്.

## ട്രംപിന്റെ ഒന്നാം ഭരണകാലം

യാതൊരു തത്വദീക്ഷയുമില്ലാത്ത, സൂത്രശാലിയായ ബിസിനസ്സുകാരനാണ് ഡൊണാൾഡ് ട്രംപ് എന്നത് ആദ്യം പ്രസിഡണ്ടായിരുന്ന കാലയളവിൽ (2016-2020) വ്യക്തമായതാണ്. ഒരു റിയാലിറ്റി ടിവി താരമായിരുന്ന അയാൾക്ക് ആളുകളുടെ വികാരങ്ങളെ ഇളക്കിവിടാനും, ജനങ്ങളുടെ ജീവിതത്തിലെ സാമ്പത്തിക അരക്ഷിതാവസ്ഥയും സങ്കടങ്ങളും മുതലെടുക്കാനും വിരുതനാണ് എന്നതും ഇക്കാലയളവിൽ തെളിഞ്ഞതാണ്. അമേരിക്കയിലെ വെള്ളക്കാരുടെ തൊഴിൽ കവർന്നെടുക്കുന്നത് കുടിയേറിവരുന്നവരാണ് എന്നുപറഞ്ഞുകൊണ്ട് വംശീയ വിദ്വേഷം ഇളക്കിവിടുന്നു. കുടിയേറ്റക്കാരുടെ സാമൂഹ്യസുരക്ഷാ പദ്ധതികൾക്ക് ചെലവഴിക്കുന്ന പണം വെള്ളക്കാരുടേതുതന്നെയാണെന്നുപറഞ്ഞ് ഈ വിദ്വേഷം ആളിക്കത്തിക്കും. മെക്സിക്കൻ കുടിയേറ്റം തടയാനായി യുഎസിനും മെക്സിക്കോയ്ക്കും ഇടയിൽ മെക്സിക്കോയുടെ ചെലവിൽ വലിയൊരു മതിൽ കെട്ടിയുയർത്താൻ ട്രംപ് ശ്രമിച്ചിരുന്നു. രേഖകളില്ലാത്ത കുടിയേറ്റക്കാരെല്ലാം നാടുകടത്തപ്പെടേണ്ടവരാണെന്ന് ട്രംപ് ആഹ്വാനം ചെയ്തു. ട്രംപിന്റെ കുടിയേറ്റ വിരുദ്ധ പ്രചാരണത്തിൽ വീണുപോയ ഒരു വിഭാഗം അമേരിക്കൻ പൗരന്മാർ കുടിയേറ്റക്കാരെ വെറുപ്പോടെ കാണാൻ തുടങ്ങിയിരിക്കുന്നു. കുടിയേറ്റ ക്കാരാണ് തങ്ങളുടെ നാട്ടിൽ തൊഴിലില്ലായ്മയുണ്ടാക്കുന്നതെന്ന പ്രചാരണത്തിൽ വീണുപോയ അമേരിക്കക്കാർക്ക് ട്രംപിന്റെ വാക്കുകൾ എരിതീയിൽ എണ്ണയൊഴിക്കുന്നതുപോലെയായി.

വിദേശത്തൊഴിലാളികൾക്ക് യുഎസിൽ അവസരം നൽകുന്ന എച്ച്‌വൺബി വിസയ്ക്കെതിരെയുള്ള ട്രംപിന്റെ പ്രചാരണം ഇന്ത്യാക്കാരടക്കമുള്ള വിദേശികൾക്കെതിരെ വെറുപ്പിന്റെ അന്തരീക്ഷം സൃഷ്ടിച്ചു. മുസ്ലീങ്ങളെല്ലാം ഭീകരവാദികളാണെന്നും അവർ യുഎസിൽ കയറുന്നത് നിരോധിക്കണമെന്നും ട്രംപ് പറയും. അമേരിക്കയിലെ വെള്ളക്കാരെ നയിക്കേണ്ടതുണ്ട്, അമേരിക്ക മറ്റുരാജ്യങ്ങൾക്ക് ഇറക്കുമതി ചുങ്കം ഏർപ്പെടുത്തണം എന്നിങ്ങനെ പലതരം വിദ്വേഷ പ്രചാരണങ്ങളാണ് നടത്തുന്നത്. ജനങ്ങളെ ബാധിക്കുന്ന ഒരു വിഷയവും അയാളുടെ പരിഗണനയിലില്ല. നുണകളും അർദ്ധസത്യങ്ങളും നിറഞ്ഞ പ്രചാരണം സമൂഹത്തിന്റെ താഴേക്കിടയിലുള്ള പട്ടിണിയും തൊഴിലില്ലായ്മയുംകൊണ്ട് ഉഴലുന്ന ജനവിഭാഗത്തെ പെട്ടെന്ന് സ്വാധീനിക്കുന്നു. പലസ്തീനിലെ സാധാരണ മനുഷ്യർക്കെതിരെ ഇസ്രയേൽ നടത്തുന്ന വംശീയ ഉന്മൂലനയുദ്ധത്തെ ബൈഡൻ പിന്തുണച്ചതിനും യഥാർത്ഥത്തിൽ വില കൊടുത്തത് അമേരിക്കയിലെ ഈ പാവങ്ങളാണ്. അത്തരം നയങ്ങളോട് അവർക്കുള്ള പ്രതിഷേധംകൂടി ഈ തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചിട്ടുണ്ട്.

ട്രംപ് കാലത്തിന്റെ മറ്റൊരു നീക്കിയിരുപ്പ് ജനാധിപത്യ മര്യാദകളോടുള്ള തികഞ്ഞ പുച്ഛമാണ്. 2020ലെ തിരഞ്ഞെടുപ്പ് ഫലം അംഗീകരിക്കാൻപോലും ട്രംപ് കൂട്ടാക്കിയിട്ടില്ല. വോട്ടുതട്ടിപ്പിനെക്കുറിച്ചുള്ള ട്രംപിന്റെ അവകാശവാദം സാധാരണക്കാർക്ക് തിരഞ്ഞെടുപ്പ് പ്രക്രിയയിൽ വിശ്വാസം നഷ്ടപ്പെടാൻ ഇടയാക്കിയിട്ടുണ്ട്. എന്നാൽ ട്രംപിന്റെ രണ്ടാം വരവ് ഉയർത്തുന്ന ആശങ്കകൾ ഇതിനെക്കാളും വലുതാണ്.

ട്രംപിന് പിന്തുണ നൽകിയവരിൽ ഏറ്റവും പ്രമുഖൻ ഇലോൺ മസ്കാണ്. ലോകത്തിലെ ഏറ്റവും വലിയ ധനികരിലൊരാളും അമേരിക്കയിലെ ടെക്നോ കാപ്പിറ്റലിസ്റ്റുകളുടെയും ശതകോടീശ്വരൻമാരുടെയും കണ്ണിലുണ്ണിയുമാണ് ഇലോൺ മസ്ക്. താൻ അധികാരത്തിലേറിയാൽ കോർപ്പറേറ്റ് നികുതി കുറയ്ക്കും എന്ന് ട്രംപ് പറഞ്ഞതാണ് ഇലോൺ മസ്കിന്റെ പിന്തുണയ്ക്ക് കാരണം. ട്രംപിനെ പിന്തുണയ്ക്കുന്നവരിൽ വെറും 26പേരുടെ ആകെ സമ്പാദ്യം 146 ബില്യൺ ഡോളറാണ് (ഏകദേശം 1.2ലക്ഷം കോടി രൂപ). ഇവരെല്ലാം കൂടി 160 മില്യൺ ഡോളറാണ് (1400 കോടിരൂപ) സംഭാവന നൽകിയിരിക്കുന്നത്. ഇരുവശത്തേയ്ക്കും മറിയാവുന്ന സ്റ്റേറ്റുകളിൽ വോട്ടർമാരുടെ രജിസ്ട്രേഷൻ വർദ്ധിപ്പിക്കുന്നതിനായി മസ്ക് തന്നെ ഒരു മില്യൺ ഡോളർ സമ്മാനം പ്രഖ്യാപിച്ചിരുന്നു.

വൻ ബിസിനസ്സുകാരും തങ്ങൾക്കനുകൂലമായി നയരൂപീകരണം നടത്തുന്നതിന് രാഷ്ട്രീയക്കാരെയും നേതാക്കളെയും പണം കൊടുത്ത് കൈയിലാക്കാറുണ്ട് എന്ന് നമുക്കറിയാം. ഇലോൺ മസ്ക് ഇവിടെ ഒരു പടികൂടെ കടന്ന്, തന്റെ സമ്പാദ്യവും സ്വാധീനവും ഉപയോഗിച്ച് തിരഞ്ഞെടുപ്പ് നിയമങ്ങളെല്ലാം അട്ടിമറിച്ചുകൊണ്ട്, തന്റെ തന്നെ സ്ഥാനാർത്ഥിയെ വിജയിപ്പിച്ചെടുക്കുകയാണ് ചെയ്തിരിക്കുന്നത്. പ്രചാരണത്തിനുവേണ്ടി ചെലവഴിച്ച തുകയെല്ലാം അമേരിക്ക കണ്ടതിൽ വച്ചേറ്റവും വംശവെറി നിറഞ്ഞ, സ്ത്രീവിരുദ്ധവും തൊഴിലാളി വിരുദ്ധവുമായ, അപരവിദ്വേഷം വളർത്തുന്ന ഒരു പ്രചാരണത്തിനുവേണ്ടിയായിരുന്നു. കുടിയേറ്റക്കാരെല്ലാം ബലാത്സംഗികളും ക്രിമിനലുകളുമാണെന്ന് പ്രചരിപ്പിക്കുന്ന പരസ്യങ്ങൾ അമേരിക്കൻ ജനതയ്ക്കുമേൽ ചൊരിഞ്ഞു.

തിരഞ്ഞെടുപ്പ് ഫലം നിർണയിക്കുന്നതിൽ കമ്പ്യൂട്ടർ അൽഗോരിതങ്ങൾ നിർണായകപങ്കാണ് വഹിച്ചത്. ആളുകൾ പരസ്പരം ബന്ധപ്പെടാൻ ഉപയോഗിക്കുന്ന സോഷ്യൽ മീഡിയകളായ X(പഴയ ട്വിറ്റർ) ടിക്ടോക്, ഫെയ്സ് ബുക്ക് എന്നിവ ആളുകളെ സ്വാധീനിക്കാനും അവർ എന്ത് കാണുന്നു, എങ്ങനെ ചിന്തിക്കുന്നു, ആർക്ക് വോട്ടുചെയ്യുന്നു എന്നവരെ നിർണയിക്കാൻ കഴിവുള്ള സോഷ്യൽ എഞ്ചിനീയറിംഗ് ഉപകരണങ്ങളായി പരിണമിച്ചിരിക്കുകയാണ്. ഏതെങ്കിലും ഒരു പോസ്റ്റ് വൈറലാകുന്നെങ്കിൽ അതിനർത്ഥം കൂടുതൽ ആളുകൾ അത് കാണണമെന്ന് അൽഗോരിതം തീരുമാനിച്ചു എന്നാണ്. രാഷ്ട്രീയ ചർച്ചകളും അതിന്റെ ദിശയും തീരുമാനിക്കുന്ന ഈ അദൃശ്യശക്തികളെക്കുറിച്ച് സോഷ്യൽ മീഡിയ ഉപയോഗിക്കുന്നവർ ബോധവാന്മാരല്ല.

ട്രംപിന്റെ രാഷ്ട്രീയ പ്രചാരണത്തിന്റെ കാതൽത്തന്നെ സ്വത്വരാഷ്ട്രീയമായിരുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന ഭിന്നതകളെ രാഷ്ട്രീയമായി മുതലെടുക്കുകയാണ് അയാൾ ചെയ്തത്. വംശീയ വിദ്വേഷം വളർത്താനും സാമൂഹ്യ അസ്ഥിരതയിലേയ്ക്ക് നയിക്കാനും അത് ഇടയാക്കും എന്നതിലും സംശയമില്ല. എന്നുമാത്രവുമല്ല, ഇങ്ങനെ ഗൂഢാലോചനാ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുകയും തീവ്രവലതുപക്ഷ പ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് ഭാവിയിൽ ഇത്തരം പ്രചാരണങ്ങൾ രാഷ്ട്രീയത്തിൽ ഉപയോഗിക്കാൻ കൂടുതൽ അപകടകാരികളായ ഗ്രൂപ്പുകൾക്ക് ധൈര്യം നൽകും.

## ഒരേ അജണ്ടയുമായി രണ്ടാം തവണയും വരുമ്പോൾ

വെളുത്ത വർഗ്ഗത്തിന്റെ അപ്രമാദിത്വവും കുടിയേറ്റക്കാർക്ക് എതിരെയുള്ള വിഷം ചീറ്റലും കൈമുതലാക്കി, കാലാവസ്ഥാ വ്യതിയാനത്തെ പൂർണമായി തള്ളിക്കളഞ്ഞ്, ദേശീയതയുടെ മൂടുപടമണിഞ്ഞ അമേരിക്കൻ അധീശത്വ മനോഭാവവുമായി ട്രംപ് പുനരവതരിക്കുമ്പോൾ അത് എല്ലാത്തരം പിന്തിരിപ്പൻ ശക്തികൾക്കും മൗലികവാദികൾക്കും ചൂഷകർക്കും ഒന്നിക്കാനുള്ള അവസരം കൂടെയാണ്. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയും പണപ്പെരുപ്പവും കുടിയേറ്റക്കാരുടെ തലയിൽ കെട്ടിവച്ചുകൊണ്ടും ധനക്കമ്മി മുഴുവൻ ബൈഡന്റെ വിദേശനയം കാരണമെന്ന് ആരോപിച്ചുകൊണ്ടും ട്രംപ്, ആളുകളുടെ മനസ്സിൽ ആഴത്തിലുള്ള സാമ്പത്തിക അരക്ഷിതാവസ്ഥയെ മുതലെടുക്കുകയായിരുന്നു. സമൂഹത്തിലെ ഭിന്നതകളെ വർദ്ധിപ്പിക്കാനും അത് തനിക്കനുകൂലമാക്കി മാറ്റാനും ട്രംപിന് സാധിച്ചു. ട്രംപിന്റെ രണ്ടാം ഭരണം ഈ പ്രശ്നങ്ങളെല്ലാം രൂക്ഷമാക്കും എന്നതിൽ സംശയം വേണ്ട. ജനാധിപത്യ സ്ഥാപനങ്ങളെ ദുർബലമാക്കിയും സമൂഹത്തിലെ വൈജാത്യങ്ങളെ ശത്രുതയാക്കിമാറ്റിയും ട്രംപ് തന്റെ സ്ഥാനമുറപ്പിക്കും.

ട്രംപിന്റെ 'അമേരിക്ക ഫസ്റ്റ്' എന്നത് വെറുമൊരു പ്രചാരണ മുദ്രാവാക്യം മാത്രമല്ല, മുതലാളിത്ത ചൂഷണം തീവ്രമാക്കാനും വംശീയ കലാപങ്ങളിലൂടെയും ഫാസിസത്തിലൂടെയും അധികാരമുറപ്പിക്കാനും ഭരണമുതലാളിവർഗ്ഗത്തിന് നൽകുന്ന സിഗ്നൽ കൂടിയാണത്. ഗർഭഛിദ്രത്തിന് മുകളിൽ കൂടുതൽ ഫെഡറൽ നിയന്ത്രണങ്ങൾ രണ്ടാം ഭരണകാലത്ത് കൊണ്ടുവരാൻ സാധ്യതയുണ്ട്. ട്രംപിന്റെ ഇക്കാര്യത്തിലുള്ള യാഥാസ്ഥിതിക അജണ്ടകൾ സ്ത്രീകൾക്ക് സ്വന്തം ശരീരത്തിലുള്ള അവകാശങ്ങളിന്മേലും തൊഴിലവകാശത്തിനും ആരോഗ്യസംവിധാനങ്ങൾ ഉപയോഗിക്കാനുമുള്ള അവസരങ്ങളിലും കടന്നുകയറും.

## അമേരിക്ക ഫസ്റ്റ്: സങ്കുചിത ദേശഭക്തി ആളിക്കത്തിക്കാനുള്ള ശ്രമം

'അമേരിക്ക ഫസ്റ്റ്' എന്ന പരസ്യവാക്യം ട്രംപിന്റെ യഥാർത്ഥ ലക്ഷ്യങ്ങൾ തുറന്നുകാണിക്കുന്നുണ്ട്. രാജ്യത്തിനകത്ത് നിയന്ത്രണങ്ങളില്ലാത്ത മുതലാളിത്ത ചൂഷണവും പുറത്ത് അതിരുകളില്ലാത്ത സാമ്രാജ്യത്വ അധിനിവേശവും. അമേരിക്കൻ സമൂഹത്തെ പലതായി വിഭജിക്കുന്ന വർഗ്ഗ വ്യത്യാസങ്ങൾ മറച്ചുപിടിക്കാൻകൂടെയാണ് ഈ ദേശീയതാവായാടിത്തം. ഇത് തൊഴിലാളികളെ തൊഴിലാളികൾക്കെതിരെ തിരിക്കുന്നു. സ്ഥിരതാമസക്കാരെ കുടിയേറ്റ ക്കാർക്കെതിരെ, വെള്ളക്കാരെ കറുത്തവനും തവിട്ടുനിറക്കാർക്കുമെതിരെ തിരിക്കുന്നു. അതേസമയം ഒരുപിടിവരുന്ന ഭരണവർഗ്ഗത്തിന്റെ ചൂഷണം യാതൊരു തടസ്സവുമില്ലാതെ തുടരാൻ അനുവദിക്കുകയും ചെയ്യും. ഇന്ത്യയിൽ മോദിയുടെ 'മേക്ക് ഇൻ ഇന്ത്യ' എന്ന പരസ്യത്തിന് സമാനമാണ് ട്രംപിന്റെ 'അമേരിക്ക ഫസ്റ്റ്.' എങ്ങനെയെങ്കിലും ദേശീയ താഭ്രാന്ത് ഇളക്കിവിട്ട് ജനങ്ങളെ വിഡ്ഢികളാക്കാനുള്ള ഭരണമുതലാളിവർഗ്ഗത്തിന്റെ കൈവിട്ട കളി. വ്യവസ്ഥാപിതമായ അസ

(ശേഷം 10–ാം പേജിൽ)

# ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കാൻ പ്രബുദ്ധമായ ജനകീയ സമരപ്രസ്ഥാനം പടുത്തുയർത്തുക

**ജ**നഹിതത്തിനെതിരായി ഭരണപക്ഷം കൈക്കൊള്ളുന്ന നടപടികൾക്കെതിരെ ജനങ്ങളെ അണിനിരത്തേണ്ട ഉത്തരവാദിത്തം ജനാധിപത്യത്തിൽ പ്രതിപക്ഷത്തിനുള്ളതാണ്. എന്നാൽ, ഇരുകൂട്ടരും ഒരേ നയങ്ങളുടെ നടത്തിപ്പുകാരായാൽ ജനതാൽപര്യം അവഗണിക്കപ്പെടും. ഇന്ത്യൻ ജനത ഇന്ന് ഇത്തരം ഒരു ഗതികേടിലാണ്. ജനസംഖ്യയിൽ ഒന്നോ രണ്ടോ ശതമാനം വരുന്ന അതിസമ്പന്നരുടെ താൽപര്യം പേറുന്ന പാർലമെന്ററി പാർട്ടികൾ, തിരഞ്ഞെടുപ്പുവേളയിൽ കപട മുദ്രവാക്യങ്ങൾ ഉയർത്തി ജനങ്ങളെ കബളിപ്പിക്കുകയും അധികാരത്തിലെത്തുമ്പോൾ അവരെ പാടേ മറന്നുകളയുകയുമാണ്.

വോട്ടുരാഷ്ട്രീയം പറയുന്ന ഇത്തരം പാർട്ടികളുടെ ചെയ്തികൾ കണ്ട്, രാഷ്ട്രീയത്തെ അടച്ചാക്ഷേപിക്കുകയും നിഷ്ക്രിയരാകുകയും ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ആത്മഹത്യാപരമാണെന്നും ഇതിലൂടെ ജനശത്രുക്കൾ തന്നെയാണ് ശക്തിപ്പെടുന്നതെന്നും ജനങ്ങളുടെ ഒരു ബദൽ ശക്തി വളർത്തിയെടുക്കുകയാണ് പോംവഴിയെന്നും അവർ മനസ്സിലാക്കുന്നില്ല.

ജനകീയ മുന്നേറ്റത്തിന്റെ അടിത്തറ ജനാധിപത്യപ്രബുദ്ധതയാണ്. ശരിയായ രാഷ്ട്രീയ വിശകലനത്തിന് ജനങ്ങൾ പ്രാപ്തി നേടണം. സമൂഹത്തിനുവേണ്ടി പണിയെടുക്കുന്ന തൊഴിലാളികൾ ചൂഷണത്തിനും അടിച്ചമർത്തലിനും ഇരയാകുന്നുവെന്നും അധ്വാനത്തിന്റെ സദ്ഫലങ്ങൾ മുഴുവൻ ആ ചെറിയ ശതമാനം വരുന്ന മുതലാളിമാർ തട്ടിയെടുക്കുകയാണെന്നുമുള്ള യാഥാർത്ഥ്യത്തിനുനേരെ നമുക്ക് കണ്ണടയ്ക്കാനാകില്ല. രാജ്യത്തിന്റെ സമ്പത്തിന്റെ സിംഹഭാഗവും കൈയടക്കിയിരിക്കുന്ന ഈ വിഭാഗത്തിന്റെ കാര്യസ്ഥരായി രാഷ്ട്രീയപാർട്ടികൾ മാറിയിരിക്കുന്നതുകൊണ്ടാണ്, ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾ അവഗണിക്കപ്പെടുന്നത്; അവർ പട്ടിണിയിലും തൊഴിലില്ലായ്മയിലും സാംസ്കാരികജീർണതയിലും നട്ടംതിരിയുന്നത്.

അതിവിപുലമായ ജനകീയ മുന്നേറ്റം വളർത്തിയെടുത്തുകൊണ്ടേ ഈ സ്ഥിതിക്ക് മാറ്റമുണ്ടാക്കാൻ കഴിയൂ. വർഗ്ഗ-ബഹുജനപ്രസ്ഥാനങ്ങളോടൊപ്പം ജനകീയ ചെറുത്തുനിൽപ്പുകളും ശക്തിപ്പെടണം. ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങളും മൂല്യങ്ങളും സംരക്ഷിക്കാൻ പോലും ഇത്തരമൊരു പോരാട്ടം ഇന്ന് അനിവാര്യമായിരിക്കുന്നു.




വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ജനകീയ പ്രതിരോധ സമിതി പത്തനംതിട്ടയിൽ നടത്തിയ സംഗമം ജ്യോതി കൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും പദാവലികൾ ഉരുവിട്ടുകൊണ്ടാണ് ഇക്കാലമത്രയും ജനങ്ങൾക്കെതിരെ അധികാരികൾ പ്രവർത്തിച്ചത്. ഇന്ന് ആ പദങ്ങൾ പോലും അനാവശ്യമെന്ന സ്ഥിതിയിലെത്തിയിരിക്കുന്നു. മൂലധനശക്തികൾക്കുവേണ്ടി പരസ്യമായി നിലകൊള്ളാൻ അധികാരികൾക്ക് യാതൊരു മടിയുമില്ല. ആഗോളീകരണ നയങ്ങളുടെ ആഗമനം സർവ്വരംഗങ്ങളിലും മൂലധനത്തിന്റെ അപ്രമാദിത്വം സ്ഥാപിച്ചിരിക്കുകയാണ്.

പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കപ്പെടുന്നു. തൊഴിലാളികൾ അടിമപ്പണിക്ക് നിർബന്ധിതരാകുന്നു. ട്രേഡ് യൂണിയനുകൾ നോക്കുകുത്തികളായിമാറുന്നു. സേവനരംഗങ്ങളും പ്രവർത്തനങ്ങളും അസ്തമിക്കുകയാണ്. എല്ലാ നികുതികളും ചാർജ്ജുകളും ഉയരുന്നു. വിലക്കയറ്റം നിയന്ത്രിക്കാനാകുന്നില്ല. രോഗം വന്നാൽ ചികിത്സിക്കാനോ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം നൽകാനോ ഭൂരിപക്ഷത്തിനും കഴിയുന്നില്ല. വിജ്ഞാനവും വിനോദവുമൊക്കെ സാധാരണക്കാർക്ക് അപ്രാപ്യമാകുകയാണ്.

കേരളത്തിൽ, ഇടതുപക്ഷമെന്ന് അവകാശപ്പെടുന്നവർക്ക് സംഭവിച്ച അപചയം നാനാതരത്തിൽ ജനജീവിതത്തിൽ പ്രത്യാഘാതം ഉണ്ടാക്കുകയാണ്. സമ്പന്നരുടെ വികസനത്തെ നാടിന്റെ വികസനമായി അവതരിപ്പിച്ച് അവർ ജനങ്ങളെ വഞ്ചിക്കുന്നു. വികസന പദ്ധതികളുടെ പേരിൽ അനേകരെ കുടിയൊഴിപ്പിക്കുന്നു. പരിസ്ഥിതിക്കുമേൽ അപരിഹാര്യമായ ഹാനിവരുത്തുന്നു. കേന്ദ്രനയങ്ങൾ തന്ത്രപൂർവ്വം ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കുന്നു. ജനങ്ങളുടെ പ്രതിഷേധത്തെ അമർച്ച ചെയ്യുന്നു. ജനങ്ങളുടെ ഐക്യത്തെയും ജനാധിപത്യ അന്തരീക്ഷത്തെയും തകർക്കാൻ ശ്രമിക്കുന്നു.

വിദ്യാഭ്യാസം സമ്പന്നരുടെ കുത്തകയാക്കുന്ന, വിദ്യാഭ്യാസത്തിന്റെ ജനാധിപത്യ ഉള്ളടക്കവും നടത്തിപ്പും തകർക്കുന്ന ദേശീയ വിദ്യാഭ്യാസനയം തന്ത്രപൂർവം നടപ്പിലാക്കുകയാണ് സംസ്ഥാനത്ത്. വൈദ്യുതി രംഗത്ത് സ്വകാര്യവൽക്കരണം മുന്നേറുന്നു. ദേശീയപാതകൾ ചുങ്കപ്പാതകളാക്കുന്നു. വിനാശകരമായ കെ.റെയിൽ പദ്ധതി പോലും നടപ്പിലാക്കുമെന്ന് വാശിപിടിക്കുന്നു. സർവ്വ രംഗങ്ങളിലും അദാനിമാരെ ആനയിക്കുകയാണ്.

തൊഴിലില്ലായ്മ വ്യാപകമാകുന്നതോടെ യുവാക്കൾ അധാർമികമായ ജീവിതപാതയിൽ അടിഞ്ഞു കൂടുന്നു. പലതരം മാഫിയകൾ സമൂഹത്തിൽ പിടിമുറുക്കി കഴിഞ്ഞു. അക്രമവും അസഹിഷ്ണുതയും പടരുകയാണ്. ക്യാമ്പസുകൾ അക്രമി സംഘങ്ങളുടെ വിഹാരരംഗമാണ്. തിരഞ്ഞെടുപ്പുവേളകളിൽ പോലും രാഷ്ട്രീയം ചർച്ചചെയ്യുകയോ സാമൂഹ്യ കർത്തവ്യങ്ങൾ ഓർമ്മിപ്പിക്കുകയോ ചെയ്യുന്നില്ല. മദ്യത്തെ പ്രത്യക്ഷമായും രാസലഹരിയെ പരോക്ഷമായും പ്രോത്സാപ്പിക്കുകയാണ്. വയോജനങ്ങളെ അധികപ്പറ്റായി കാണുന്ന രീതി വളർന്നുവരുന്നു.

സമൂഹത്തിന്റെ അരാഷ്ട്രീയവൽക്കരണത്തോടൊപ്പം വർഗീയവൽക്കരണം കൂടിയാകുമ്പോൾ ഇരുൾ പരക്കുകയാണ്. ഉയർന്ന മൂല്യങ്ങൾ പ്രദാനം ചെയ്യേണ്ട വിദ്യാഭ്യാസം, സ്പർദ്ധ വളർത്തുന്ന ആശയങ്ങൾ വിളമ്പുന്നു. ജാതി, മതം, പ്രദേശം,

(ശേഷം 11–ാം പേജിൽ)

## വംശവെറിയും സ്ത്രീവിരുദ്ധതയും അപരവിദ്വേഷവും മുഖമുദ്രയാക്കിയ തിരഞ്ഞെടുപ്പ്

(9–ാം പേജിൽ നിന്ന്)

മത്വവും യഥാർത്ഥ വേതനത്തിൽവന്ന ഇടിവും പരിഹരിക്കുന്നതിനുപകരം അത് കുടിയേറ്റക്കാരിലും ന്യൂനപക്ഷങ്ങളിലും ഇടതുപക്ഷ പ്രക്ഷോഭകാരികളിലും കുറ്റം ചാർത്തുന്നു. അങ്ങനെ ചെയ്യുന്നതുവഴി സമൂഹത്തിൽ ഭയത്തിന്റെയും പരസ്പരവിദ്വേഷത്തിന്റെയും വിത്തുകൾ വിതക്കുന്നു. ഫാസിസത്തിന്റെ ജീവരക്തമാണ് ഇത് രണ്ടും.

### ഫാസിസം മുതലാളിത്തത്തിന് അനിവാര്യം

ഫാസിസം മുതലാളിത്ത പ്രതിസന്ധിയുടെ ആവിഷ്കാരമാണ്. മുതലാളിത്തത്തിന്റെ പരമ്പരാഗതമായ പാർലമെന്ററി ജനാധിപത്യത്തിലൂടെ തങ്ങളുടെ അധീശത്വം തുടരാൻ സാധിക്കാത്ത ഘട്ടത്തിൽ വരാനിരിക്കുന്ന വിപ്ലവത്തിന് തടയിടാനും തങ്ങളുടെ മേധാവിത്വം തുടരാനുമായി അത് ഫാസിസത്തിൽ അഭയം തേടുന്നു. എതിരഭിപ്രായങ്ങളെ ഇല്ലാതാക്കാൻ ഏത് മാർഗ്ഗമുപയോഗിക്കാനും അതിന് മടിയില്ല. പോലീസിനെ കൂടുതൽ അക്രമണോത്സുകമാക്കിയും 'ബ്ലാക് ലിവ്സ് മാറ്റർ' പോലുള്ള പ്രസ്ഥാനങ്ങളെ പൈശാചികവത്ക്കരിച്ചും 2021ൽ കാപിറ്റോൾ ഹില്ലിൽ കണ്ടതുപോലെ തുറന്ന ഏറ്റുമുട്ടലിന് തയ്യാറായും തനിക്ക് ഏതറ്റംവരെയും പോകാൻ സാധിക്കുമെന്ന് ട്രംപ് തെളിയിച്ചതാണ്.

ട്രംപിന്റെ രണ്ടാം വരവ് ഇതിന്റെയെല്ലാം കൂടുതൽ തീവ്രമായ മുഖമായിരിക്കും. തന്നോട് കൂറില്ലാത്തവരെയെല്ലാം ഫെഡറൽ ബ്യൂറോക്രസിയിൽനിന്ന് നീക്കം ചെയ്യുമെന്നും എക്സിക്യൂട്ടീവിനെ ശക്തിപ്പെടുത്തുമെന്നും രാഷ്ട്രീയ എതിരാളികൾക്കും ന്യൂനപക്ഷങ്ങൾക്കും എതിരായുള്ള നടപടികളെ ഔദ്യോഗികമാക്കുമെന്നും തന്റെ പ്രചാരണത്തിൽത്തന്നെ ട്രംപ് വ്യക്തമാക്കിയിട്ടുണ്ട്. അയാളുടെ ലക്ഷ്യം വളരെ വ്യക്തമാണ്, മുതലാളിവർഗ്ഗത്തിന്റെ സമ്പൂർ ണ ആധിപത്യത്തിന് തടസ്സം നിൽക്കുന്ന അവശേഷിക്കുന്ന ജനാധിപത്യ സംവിധാനങ്ങൾപോലും ഇല്ലാതെയാക്കണം.

**വീണ്ടും ട്രംപ്**

അദ്ധ്വാനിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ നടപടികളുടെ പ്രത്യാഘാതം വളരെ രൂക്ഷമായിരിക്കും. ക്രമസമാധാനം സംരക്ഷിക്കാനെന്ന പേരിൽ തൊഴിലവകാശങ്ങളും പരിസ്ഥിതി സംരക്ഷണനയങ്ങളും സാമൂഹ്യസുരക്ഷാ സംവിധാനങ്ങളും എടുത്തുകളയുകയാണ് ട്രംപിന്റെ ലക്ഷ്യം. അതേസമയം കോർപ്പറേറ്റ് താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാവില്ല. അമേരിക്കയിൽ നിലനിൽക്കുന്ന സാമ്പത്തിക അസമത്വം രൂക്ഷമാക്കുക എന്നതാകും ഇതിന്റെയെല്ലാം ഫലം. ഇങ്ങനെ ഉരുക്കുമുഷ്ടി ഉപയോഗിച്ചുള്ള ഭരണവും മുതലാളിത്ത ചൂഷണവും ഒന്നിച്ചുചേരുന്നതാണ് അമേരിക്കൻ സാഹചര്യത്തിൽ ഫാസിസം.

ട്രംപിന്റെ വംശീയവെറി നിറഞ്ഞ പ്രചാരണത്തിന്റെ തിക്തഫലങ്ങൾ ജനങ്ങൾ അനുഭവിച്ചുതുടങ്ങിയിട്ടുണ്ട്. അമേരിക്കയിലെ കറുത്തവർഗ്ഗക്കാർക്കുമേൽ വെള്ളക്കാർ നടത്തുന്ന ആക്രമണങ്ങൾ ഒരു തുടർക്കഥയാണ്. യുഎസിൽ വംശീയ ഭ്രാന്തിന് ദീർഘമായ ഒരു ചരിത്രമുണ്ട്. അടിമസമ്പ്രദായവും വ്യവസ്ഥാപിതമായ വംശീയ നിയമങ്ങളും അവിടെ ഉണ്ടായിരുന്നു. അതിന്റെ കയ്പേറിയ ഓർമ്മകൾ പേറുന്ന സമൂഹമാണത്. ട്രംപിന്റെ പ്രചാരണം ഈ മുറിവിൽ മുളകുതേക്കുന്നതിന് സമാനമാണ്. ക്രമസമാധാനം പുനഃസ്ഥാപിക്കും എന്ന നാട്യത്തിൽ അയാൾ എല്ലാ പിന്തിരിപ്പൻ ശക്തികളെയും തന്റെ പിന്നിൽ അണിനിരത്താൻ ഇത്തരം പ്രചാരണങ്ങൾ ഉപയോഗിക്കുന്നു. അതേസമയം തൊഴിലാളി ചൂഷണം യാതൊരു ദാക്ഷിണ്യവുമില്ലാതെ തുടരുകയും ചെയ്യുന്നു. ജോർജ്ജ് ഫ്ലോയിഡ് എന്ന കറുത്തവർഗ്ഗക്കാരനെ ഡെറിക് ഷാവിൻ എന്ന വെള്ളക്കാരൻ പോലീസ് ഓഫീസർ മിനിയപോളീസിലെ പൊതുനിരത്തിൽ കഴുത്തുഞെരിച്ച് കൊന്നതിനെത്തുടർന്നാണ് കറുത്തവന്റെ ജീവനും വിലയുണ്ട്, ബ്ലാക് ലിവ്സ് മാറ്റർ പ്രക്ഷോഭം ആരംഭിക്കുന്നത്. ഇന്നിപ്പോൾ ട്രംപിന്റെ വാക്കുകളാൽ പ്രചോദിതരായി കുപ്രസിദ്ധമായ ക്ലൂ ക്ലക്സ് ക്ലാനിന്റെ മാതൃകയിൽ വംശവെറി പൂണ്ട വെള്ളക്കാരുടെ സായുധ സംഘങ്ങൾ തലപൊക്കിത്തുടങ്ങിയിരിക്കുന്നു. ഇടതുപ്രസ്ഥാനങ്ങൾ അടിച്ചമർത്തലിനിരയാകുന്നു. നഗരങ്ങളും ഗ്രാമങ്ങളും തമ്മിൽ, ബഹുസ്വരതയും വെള്ളക്കാരന്റെ അധീശത്വവും തമ്മിൽ, തൊഴിലാളി ഐക്യവും മുതലാളിത്തത്തിന്റെ വിഭജിച്ച് ഭരിക്കൽ തന്ത്രവും തമ്മിൽ പലവിധ പോർമുഖങ്ങൾ തുറന്നിരിക്കുകയാണ്. ഒരു ആഭ്യന്തരകലഹത്തിനുള്ള സാധ്യത വിദൂരമല്ല. ജീർണിച്ച് മൃതപ്രായമായ മുതലാളിത്തത്തിന്റെ, ജനങ്ങളെ ഭിന്നിപ്പിക്കുന്ന നയങ്ങളുടെ യുക്തിപരമായ പരിസമാപ്തി ഇത്തരം ആഭ്യന്തരകലഹങ്ങളും യുദ്ധങ്ങളുമാണ്.

എന്നാൽ ഭരണവർഗ്ഗമെന്നത് എല്ലായ്പ്പോഴും ഒറ്റക്കെട്ടല്ല. മുതലാളി വർഗ്ഗത്തിലെ ഒരു വിഭാഗത്തിന് ട്രംപിസത്തോട് വിയോജിപ്പ് കാണും. അത്തരം വൈരുദ്ധ്യങ്ങൾ നിലനിൽക്കെത്തന്നെ ഇവരെല്ലാം

(ശേഷം 11–ാം പേജിൽ)

# ജനാധിപത്യ സമരവേദികൾ മനുഷ്യനെ സ്ഫുടംചെയ്യുന്ന പാഠശാലകൾ

(10–ാം പേജിൽ നിന്ന്)

ഭാഷ തുടങ്ങി എന്തും സംഘർഷ സാധ്യതകളായി എളുപ്പം പരിണമിക്കുന്നു. അശ്ലീലതയും ആഭാസത്തരങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുന്നു. കുറ്റവാളികൾ ശിക്ഷാഭയം ഇല്ലാതെ സ്വൈരവിഹാരം നടത്തുന്നു. സ്ത്രീകളും കുഞ്ഞുങ്ങളും ആക്രമിക്കപ്പെടുക മാത്രമല്ല, സ്ത്രീകളുടെ പദവി ചവിട്ടി താഴ്ത്തുകയും ചെയ്യുന്നു.

ജനാധിപത്യ അവകാശങ്ങൾ കവർന്നെടുക്കപ്പെടുന്നതും മാനുഷിക മൂല്യങ്ങൾ ചവിട്ടിയരക്കപ്പെടുന്നതും യാദൃശ്ചികമായല്ല, അനീതിയെ ചോദ്യം ചെയ്യാൻ കെൽപ്പുള്ള ഒരു ജനതയെ, അടിച്ചമർത്തി ഭരിക്കുന്നവർ ഭയക്കുന്നതുകൊണ്ടാണ്. ഒരുപിടി സമ്പന്നർക്കുവേണ്ടി ഒരു ജനതയാകെ വേട്ടയാടപ്പെടുന്ന ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കാനുള്ള, ആസൂത്രിതവും നിശ്ചയദാർഢ്യത്തോടെയുള്ളതും പ്രബുദ്ധവുമായ മുന്നേറ്റമാണിന്നാവശ്യം. ജനദ്രോഹനയങ്ങൾക്കെതിരായ ജനങ്ങളുടെ ചെറുത്തുനിൽപ്പുകൾ,ജനാധിപത്യ അവകാശങ്ങൾക്കുവേണ്ടിയുള്ള ജനകീയ പ്രസ്ഥാനങ്ങൾ ശക്തിപ്പെട്ടേ മതിയാകൂ.

കക്ഷിരാഷ്ട്രീയത്തിനും ജാതി-മത സങ്കുചിതത്വങ്ങൾക്കും അതീതമായി, 1992ൽ രൂപംകൊണ്ട കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതി നടത്തുന്ന പ്രവർത്തനങ്ങൾ ജനാധിപത്യ വിശ്വാസികൾക്കാകെ പ്രതീക്ഷ നൽകുന്നതാണ്. വിലക്കയറ്റത്തിനെതിരായി പ്രതിഷേധം സംഘടിപ്പിച്ചുകൊണ്ട് പ്രവർത്തനമാരംഭിച്ച പ്രതിരോധസമിതി അവശ്യസാധനങ്ങളുടെ സംഭരണവും വിതരണവും സർക്കാർ ഏറ്റെടുക്കണമെന്ന ശരിയായ മുദ്രാവാക്യം മുന്നോട്ടുവച്ചു. ഡിപിഇപി എന്ന വിധ്വംസക പദ്ധതിക്കെതിരെ കേരളത്തിൽ എല്ലാ ജില്ലകളിലും വിദ്യാഭ്യാസ സ്നേഹികളെ അണിനിരത്തി, ആത്മഹത്യയിലഭയം തേടിയ വയനാട്ടിലെ കർഷകരെ ആത്മാഭിമാനത്തോടെ പൊരുതുവാൻ പരിശീലിപ്പിച്ചു. മദ്യവിപത്തിനെതിരെ മദ്യവിരുദ്ധ ജനകീയ സമരസമിതിക്ക് രൂപം നൽകി. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾക്കെതിരെ, പുരുഷന്മാർകൂടി പങ്കാളികളായ സ്ത്രീ സുരക്ഷാ സമിതി രൂപീകരിച്ചു. മൂലമ്പള്ളി, വിഴിഞ്ഞം തുടങ്ങി നിരവധി സ്ഥലങ്ങളിൽ കുടിയിറക്കപ്പെട്ടവരോടൊപ്പം നിലകൊണ്ടു. ദേശീയപാതകൾ സ്വകാര്യവൽക്കരിക്കുന്നതിനെതിരെ സംസ്ഥാന വ്യാപകമായ സമരത്തിന് തുടക്കം കുറിച്ചു. ചെങ്ങറയിലെ അതിസാധാരണക്കാരുടെ ചെറുത്തുനിൽപ്പിന് ശക്തി പകർന്നു. ആഗോളീകരണ നയങ്ങൾക്കെതിരായ, സർക്കാർ ജീവനക്കാരുടെയും ചെറുകിട കച്ചവടക്കാരുടെയുമൊക്കെ സമരങ്ങൾക്ക് കരുത്തേകി. വിളപ്പിൽശാലയെമാലിന്യ കുമ്പാരമാക്കുന്നതിനെതിരെ പ്രദേശവാസികൾ നടത്തിയ ധീരോദാത്തമായ ചെറുത്തുനിൽപ്പിൽ സജീവ പങ്കാളിയായി. കെഎസ്ആർടിസി, കെഎസ്ഇബി പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി വിപുലമായ ആശയ പ്രചാരണം നടത്തി. തീരം തകർക്കുന്ന, തീരവാസികളെ വഴിയാധാരമാക്കുന്ന കരിമണൽ ഖനനത്തിനെതിരെ കൊല്ലം, ആലപ്പുഴ തീരങ്ങളിൽ സുദീർഘമായ ചെറുത്തുനിൽപ്പ് വളർത്തിയെടുത്തു. വിനാശകരമായ കെറെയിൽ സിൽവർ ലൈൻ പദ്ധതി പിൻവലിപ്പിക്കാൻ പോന്നവണ്ണം സംസ്ഥാന വ്യാപകമായ സമരത്തിന് തുടക്കം കുറിച്ചു.

ശാസ്ത്ര-സാങ്കേതിക രംഗത്തെ വികാസം പ്രകൃതി ദുരന്തങ്ങളെ കുറിച്ച് കൃത്യമായ മുന്നറിയിപ്പ് നൽകാനും ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാനും മനുഷ്യരെ പ്രാപ്തരാക്കിയിട്ടുണ്ടെങ്കിലും അധികാരികളുടെ ജനവിരുദ്ധ സ്വഭാവംമൂലം ഇന്നും ആയിരങ്ങൾ ഇതിന് ഇരയായിക്കൊണ്ടിരിക്കുന്നു. ആഘാതങ്ങൾക്ക് ആക്കം വർദ്ധിപ്പിക്കുംവിധം പരിസ്ഥിതിക്കുമേൽ കനത്ത പ്രഹരമേൽപ്പിക്കുന്ന നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു. മാലിന്യ നിർമാർജനത്തിൽ കാണിക്കുന്ന അനാസ്ഥ മുതൽ ക്വാറി മാഫിയകൾക്ക് ഒത്താശ ചെയ്യുന്നതുവരെ ഇത് പ്രകടമാണ്. പരിസ്ഥിതിക്ക് വിനാശം വരുത്തുന്ന പദ്ധതികൾ ഒരു പഠനംപോലും നടത്താതെ അടിച്ചേൽപ്പിക്കാനും ഇവർക്ക് മടിയില്ല. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച്ആഴത്തിൽ ധാരണയാർജിച്ചുകൊണ്ട് ജനങ്ങളെ അണിനിരത്താനുള്ള ശ്രമങ്ങൾ അടിയന്തരാവശ്യകതയായി മാറിയിരിക്കുന്നു. വയനാട്ടിലും ഇടുക്കിയിലും മറ്റും പ്രകൃതിക്ഷോഭങ്ങൾക്ക് ഇരയാകുന്നവരെ സഹായിക്കാനും അവരുടെ മാന്യമായ പുനരധിവാസത്തിനായി ശബ്ദമുയർത്താനും ഇരകളുടെ പ്രതിഷേധങ്ങൾ വളർത്തിയെടുക്കാനുംപ്രതിരോധസമിതി നടത്തുന്ന ശ്രമങ്ങൾ മാതൃകാപരമാണ്.

മനുഷ്യാവകാശ ലംഘനങ്ങൾക്കും കരിനിയമങ്ങൾക്കുമെതിരെ ഉയർന്ന ജനാധിപത്യ പ്രബുദ്ധത സൃഷ്ടിച്ചുകൊണ്ടുള്ള പ്രചാരണ പ്രവർത്തനങ്ങൾ പ്രതിരോധസമിതി നടത്തുന്നു. വർഗീയശക്തികൾ തലപൊക്കുകയും മതേതരത്വം ആക്രമിക്കപ്പെടുകയും ചെയ്ത സന്ദർഭങ്ങളിൽ, പ്രതിരോധ സമിതി മതേതരസൗഹാർദത്തിന്റെയും ജനമൈത്രിയുടെയും ആശയങ്ങളുമായി പ്രതിരോധം തീർത്തു. കലാലയ രാഷ്ട്രീയം അക്രമത്തിന് വഴിമാറുമ്പോൾ രാഷ്ട്രീയത്തിന്റെ മഹത്വമോതിക്കൊണ്ട് യുവതലമുറയ്ക്ക് വഴി കാണിക്കാൻ പ്രതിരോധ സമിതി മുന്നോട്ടുവരുന്നു. കലാലയങ്ങളെ കഴമ്പുറ്റ സംവാദങ്ങളുടെ വേദിയാക്കാൻ പ്രതിരോധ സമിതി ആഹ്വാനം ചെയ്യുന്നു.

സമരങ്ങൾ സങ്കുചിതനേട്ടങ്ങൾ ലക്ഷ്യം വെച്ചുള്ള സമരാഭാസങ്ങളായി അധ:പതിച്ചിരിക്കുന്ന ഈ കാലയളവിൽ സമൂഹ നന്മ മാത്രം ലാക്കാക്കിയുള്ള, ജനങ്ങളുടെഐക്യത്തെ മുറുകെപ്പിടിച്ചു കൊണ്ടുള്ള പ്രതിരോധസമിതിയുടെ പോരാട്ടം ഒരു പുതിയ സമര സംസ്കാരത്തിന് ജന്മം നൽകിയിട്ടുണ്ട്. സാമൂഹ്യമാറ്റം ആഗ്രഹിക്കുന്ന ഏതൊരാൾക്കും പ്രതീക്ഷ നൽകുന്ന ഈ പോരാട്ടങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് നമുക്ക് വീറുറ്റ ജനകീയസമര പ്രസ്ഥാനത്തിന് കരുത്തുപകരാം. ■




വൈദ്യുതി ചാർജ്ജ് വർദ്ധനവിനെതിരെ ജനകീയ പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ അമ്പലപ്പുഴയിൽ നടന്ന പ്രതിഷേധ പ്രകടനം




കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ തിരുവനന്തപുരം ജില്ലാ കൺവൻഷൻ ജോസഫ് സി.മാത്യു ഉദ്ഘാടനം ചെയ്യുന്നു.

## വീണ്ടും ട്രംപ്

(10–ാം പേജിൽ നിന്ന്)

ഒറ്റക്കെട്ടായിരിക്കുകയും ചെയ്യും. തൊഴിലാളിവർഗ്ഗം ഇത്തരം തന്ത്രങ്ങൾക്കെതിരെ ജാഗരൂകരാകേണ്ടതുണ്ട്. ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുന്നത് തൊഴിലാളികളുടെ താൽപര്യത്തിന് നല്ലതല്ല. വംശത്തിനും ദേശീയതയ്ക്കും തൊലിനിറത്തിനുമെല്ലാം അതീതമായി മുതലാളിത്ത വ്യവസ്ഥയ്ക്കെതിരെ തൊഴിലാളികളെ ഒന്നിപ്പിക്കുക എന്നതാണ് ചെയ്യാനുള്ളത്.

ട്രംപിന്റെ അമേരിക്ക ഫസ്റ്റ് എന്ന അജണ്ട രാജ്യത്തിനകത്തെ അടിച്ചമർത്തൽ മാത്രമല്ല, അമേരിക്കൻ മേധാവിത്വം ഉറപ്പിച്ചെടുക്കാനുള്ള ആക്രമണോത്സുകമായ വിദേശ നയവും ഇതിന്റെ ഭാഗമാണ്. യുഎസ് മുതലാളിത്തത്തിന്റെ സാമ്രാജ്യത്വ മോഹങ്ങൾക്കനുസൃതമായി അത് ചൈനയുമായി വഴക്കിന് ചെല്ലുന്നു. യുക്രൈനുമായുള്ള ശീതയുദ്ധം രൂക്ഷമാക്കുന്നു, മറ്റ് രാജ്യങ്ങളിലെ അധിനിവേശവും പിടിച്ചെടുക്കലും തുടരുന്നു. പലസ്തീൻ മുതൽ വെനിസ്വേലവരെ ലോകമെമ്പാടുമുള്ള മർദ്ദിത ജനങ്ങളുടെ മനസ്സിൽ യുഎസിനെ ഒരു ദുഷ്ടരാജ്യമാക്കി മാറ്റിയ അമേരിക്കൻ നയങ്ങൾ കൂടുതൽ വർദ്ധിത വീര്യത്തോടെ ട്രംപ് തുടരും. ഈ സാമ്രാജ്യത്വ ആക്രണസ്വഭാവം അതിന്റെ കരുത്തിനെയല്ല, മറിച്ച് ദൗർബല്യത്തെയാണ് കാണിക്കുന്നത്. ട്രംപിന്റെ ആക്രോശങ്ങൾ അമേരിക്കൻ സാമ്രാജ്യത്വത്തെ രക്ഷിക്കാൻ പോകുന്നില്ല, മറിച്ച് അതിനുള്ളിലെ വൈരുദ്ധ്യങ്ങൾ കൂടുതൽ ആഴമുള്ളതാക്കാനും അതുവഴി ആത്യന്തികമായി സാമ്രാജ്യത്വത്തിന്റെ തന്നെ അടിത്തറയിളക്കാനും മാത്രമാണ് വഴിവയ്ക്കുക.

ട്രംപിനെ എങ്ങനെയെങ്കിലും ചെറുക്കുകയെന്നതിലുപരി, ട്രംപുമാർക്ക് ജന്മം നൽകുന്ന മുതലാളിത്ത വ്യവസ്ഥിതിക്ക് പകരമായി ഒരു വിപ്ലവ ബദൽ കെട്ടിപ്പടുക്കുകയെന്നതാണ് ഇന്ന് ജനങ്ങളുടെ കടമ. തിരഞ്ഞെടുപ്പിലൂടെ മാത്രം ഫാസിസത്തെ പരാജയപ്പെടുത്താൻ സാധിക്കില്ല. ഉയർന്ന സാംസ്കാരിക നൈതിക നിലവാരം പുലർത്തുന്ന, ഉയർന്ന രാഷ്ട്രീയബോധം പുലർത്തുന്ന തൊഴിലാളിവർഗ്ഗ സംഘടന കെട്ടിപ്പടുത്തുകൊണ്ടേ അത് സാധിക്കുകയുള്ളൂ. ജനങ്ങളുടെ മുമ്പിലുള്ള പാത വളരെ ദുഷ്കരമാണ്. എന്നാൽ ഇത്തരം പ്രതിസന്ധിഘട്ടങ്ങളിൽനിന്നാണ്, ആത്മനിഷ്ഠവും വസ്തുനിഷ്ഠവുമായ സാഹചര്യങ്ങൾ ഒത്തുവരുമ്പോൾ സമൂഹത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ സാധ്യമാവുക എന്ന് മാർക്സിസ്റ്റുകൾക്കറിയാം. സമത്വത്തിലും സാഹോദര്യത്തിലും സാമൂഹികതയിലും അടിസ്ഥാനമാക്കിയുള്ള ഒരു പുതുസമൂഹം കെട്ടിപ്പടുക്കണമെങ്കിൽ, ചൂഷണത്തിനും അടിച്ചമർത്തലിനും വംശീയകലാപങ്ങൾക്കും പിന്നിലുള്ള സാമ്രാജ്യത്വ തന്ത്രങ്ങളെ പരാജയപ്പെടുത്തിയേ മതിയാകൂ. ■

## വൈദ്യുതി ചാർജ്ജ്

(5–ാം പേജിൽ നിന്ന്)

ബ്രഹ്മപുരം, നല്ലളം, കായംകുളം തുടങ്ങി ഒരു യൂണിറ്റ് വൈദ്യുതിപോലും ഉൽപ്പാദിപ്പിക്കാത്ത, വർഷാവർഷം ബോർഡിന് കോടിക്കണക്കിന് രൂപയുടെ ബാധ്യത വരുത്തിവച്ചുകൊണ്ടിരിക്കുന്ന താപവൈദ്യുതനിലയങ്ങളും കേരളത്തിൽ ഉണ്ട്. 499 കോടിരൂപ ചെലവഴിച്ച് 1997ൽ കമ്മീഷൻ ചെയ്ത കൊച്ചിയിലെ ബ്രഹ്മപുരം ഡീസൽ നിലയം ഏതാണ്ട് ഡികമ്മീഷന്റെ വക്കിലാണ്. നല്ലളത്തിന്റെയും സ്ഥിതി വ്യത്യസ്തമല്ല. 1999ൽ കമ്മീഷൻ ചെയ്ത കായംകുളം താപനിലയം 2021ൽ അനിശ്ചികാലത്തേയ്ക്ക് അടച്ചു. ശീതീകരിച്ച നാഫ്തയാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. നാഫ്തയുടെ വിലവർദ്ധനവുമൂലം വൈദ്യുതിയുടെ നിരക്കും ഉയർന്നാണിരുന്നത്. ഏതാണ്ട് പത്തുവർഷത്തോളം വൈദ്യുതി ബോർഡ് എൻടിപിസിയിൽനിന്ന് വൈദ്യുതി വാങ്ങിയില്ല. കരാർ അനുസരിച്ച് വാങ്ങിയാലും വാങ്ങിയില്ലെങ്കിലും ഫിക്സഡ് ചാർജ്ജ് നൽകണം. കോടിക്കണക്കിന് രൂപചെലവഴിച്ച് നിരവധിയാളുകളെ കുടിയിറക്കി സ്ഥാപിക്കപ്പെട്ട ഈ നിലയങ്ങൾ ഉപയോഗശൂന്യമായിരിക്കുന്നുഎന്നുമാത്രമല്ലബാധ്യതയുമായിരിക്കുന്നു.

പത്തനംതിട്ട ജില്ലയിലെ മണിയാർ ചെറുകിട വൈദ്യുതപദ്ധതിയുടെ കരാർ 25 വർഷത്തേയ്ക്കുകൂടെ സ്വകാര്യകമ്പനിക്ക് നീട്ടിനൽകാനും സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. 1994ൽ കമ്മീഷൻ ചെയ്ത പദ്ധതി, കരാർ പ്രകാരം 30വർഷത്തിനുശേഷം വൈദ്യുതി ബോർഡിന് കൈമാറേണ്ടതാണ്. എന്നാൽ വ്യവസായവും വികസനവും വരണമെങ്കിൽ ഇത്തരം വിട്ടുവീഴ്ചകൾ വേണമെന്ന മുഖ്യമന്ത്രിയുടെ സമ്മർദ്ദത്തെത്തുടർന്നാണ് കരാർ നീട്ടിനൽകിയിരിക്കുന്നത് എന്നതാണ് റിപ്പോർട്ടുകൾ. ഈ നടപടികളെല്ലാം കാണിക്കുന്നത് ജനങ്ങളുടെ കാര്യത്തിൽ അശേഷം കരുതൽ സർക്കാരിനില്ല എന്നാണ്.

ജനങ്ങളോട് ബാദ്ധ്യതപ്പെട്ടിരിക്കുന്ന സ്ഥാപനമാണ് വൈദ്യുതി ബോർഡ്. ജനങ്ങളുടെ നികുതിപ്പണംകൊണ്ടും പൊതുവിഭവങ്ങൾകൊണ്ടുംസൃഷ്ടിച്ചെടുത്തതാണ് ബോർഡിന്റെ അടിസ്ഥാന ഘടന മുഴുവനും. ലാഭ നഷ്ടക്കണക്കിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ട സ്ഥാപനവുമല്ല അത്. വൈദ്യുതി ചാർജ്ജ് വർദ്ധനവിനെതിരെയും വൈദ്യുതി രംഗത്തിന്റെ സ്വകാര്യവത്ക്കരണം ലക്ഷ്യമിട്ടുള്ള നടപടികൾക്കെതിരെയും ശക്തമായ പ്രതിഷേധവുമായി ജനങ്ങൾ തെരുവിൽ അണിനിരക്കുകയേ നിവൃത്തിയുള്ളൂ. ■

## ആശാ വർക്കർമാരുടെ സംസ്ഥാന കൺവൻഷൻ



കൺവൻഷൻ സ്കീംവർക്കേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ അഖിലേന്ത്യാ പ്രസിഡന്റ് ടി.സി.രമ ഉദ്ഘാടനം ചെയ്യുന്നു. താഴെ സദസ്സ്



**കേ**രള ആശാ ഹെൽത്ത് വർക്കേഴ്സ് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ ആശാവർക്കർമാരുടെ സംസ്ഥാന കൺവൻഷൻ തിരുവനന്തപുരത്ത് സ്കീംവർക്കേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ അഖിലേന്ത്യാ പ്രസിഡന്റ് ടി.സി.രമ ഉദ്ഘാടനം ചെയ്തു. തുച്ഛമായ ഓണറേറിയത്തിനുവേണ്ടി ഇരുപത്തിനാലുമണിക്കൂറും ജോലി ചെയ്യേണ്ട സ്ഥിതിയിലാണ് ആശാവർക്കർമാരെന്നും അതുതന്നെ കൃത്യമായ ലഭിക്കുന്നില്ലെന്നും സംഘടിതരായി നിന്നുകൊണ്ടുമാത്രമേ അവകാശങ്ങൾ നേടിയെടുക്കാനാകുവെന്നും ടി.സി.രമ പറഞ്ഞു. സംസ്ഥാന പ്രസിഡന്റ് വി.കെ. സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എം.എ.ബിന്ദു, ഷൈല കെ.ജോൺ, സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.മിനി, കെ.പി.റോസമ്മ, പി.സി.ഷൈനി, സി. മിനി, ജി.രേണുക, ബിനി സുദർശൻ, ലളിതമ്മ ജോയ്, കെ.ജെ.ഷീല, ട്വിങ്കിൾ പ്രഭാകരൻ, എ.സബൂറ, എഐയുടിയുസി സംസ്ഥാന വൈസ്പ്രസിഡന്റ് കെ.എസ്.ഹരികുമാർ എന്നിവർ പ്രസംഗിച്ചു. ■

## ട്രെയിൻ യാത്രാദുരിതത്തിന് പരിഹാരംതേടി സർഗ്ഗസമര സംഗമം







എഐഡിവൈഒ ആലപ്പുഴ ജില്ലാ പ്രസിഡന്റ് കെ.ബിമൽജി പ്രസംഗിക്കുന്നു. (വലത്) നാടകം, സംഘചിത്രരചന ചില ദൃശ്യങ്ങൾ

**യാ**ത്രാദുരിതം പരിഹരിക്കുക, ഇന്ത്യൻ റെയിൽവേ സ്വകാര്യവൽക്കരിക്കരുത് തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ (എഐഡിവൈഒ)ആലപ്പുഴ റെയിൽവേ സ്റ്റേഷനുമുന്നിൽ ചിത്രകാരന്മാരും കവികളും ഗായകരും നാടക പ്രവർത്തകരും അണിനിരന്ന "സർഗ്ഗസമര സംഗമം" നടത്തി. പ്രമുഖ ചിത്രകാരൻ കെ.എസ്.വിജയൻ ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ ജില്ലാ പ്രസിഡന്റ് കെ.ബിമൽജി അധ്യക്ഷത വഹിച്ച യോഗത്തിൽ, പ്രശസ്ത ചിത്രകാരനുംസാംസ്കാരിക പ്രവർത്തകനുമായ ആർ.പാർത്ഥസാരഥി വർമ്മ അഭിവാദ്യ പ്രസംഗം നടത്തി. സംഘ ചിത്രരചനയിൽ കെ.എസ്.വിജയൻ, ആർ. പാർത്ഥസാരഥി വർമ്മ, സുമ നടേശൻ, സി.ഹണി, അനീഷ് തകഴി, പി.കെ.പ്രഭാഷ് എന്നിവർ പങ്കെടുത്തു.

സംഗീത അധ്യാപികയും ഗായികയുമായ ഗായത്രി സാമിനാഥൻ, സുമേഷ് മാവേലിക്കര, ശാലിനി ജി.എസ്, പ്രീതിലത, ചേതന എന്നിവർ ഗാനങ്ങൾ അവതരിപ്പിച്ചു. എഐഡിവൈഒ നാടകസംഘം അവതരിപ്പിച്ച തെരുവുനാടകം 'ചലിക്കുന്ന നരകം' അരങ്ങേറി. സമാപന സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് മുഖ്യ പ്രസംഗം നടത്തി. ജില്ലാ സെക്രട്ടറി ടി.ഷിജിൻ, ജില്ലാ ട്രഷറർ എസ്.ഉണ്ണിമോൻ, ജോയിന്റ് സെക്രട്ടറി അനീഷ് തകഴി, കെ.എ.വിനോദ്, വി.പി.വിശാഖ് എന്നിവർ പ്രസംഗിച്ചു. ■

## കുമാരനാശാൻ ചരമശതാബ്ദി...



എഐഎംഎസ്എസ് കോഴിക്കോട് സംഘടിപ്പിച്ച കുമാരനാശാൻ ചരമ ശതാബ്ദി ആചരണ സമ്മേളനം ഉഷ ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.



കുറ്റ്യാടിയിൽ മഹാകവി കുമാരനാശാൻ ചരമ ശതാബ്ദി ആചരണ സമ്മേളനം സാഹിത്യ നിരൂപകൻ ഡോ.കെ.വി.സജയ് ഉദ്ഘാടനം ചെയ്യുന്നു.



മഹാകവി കുമാരനാശാൻ ചരമ ശതാബ്ദി ആചരണത്തോടനുബന്ധിച്ച് തിരൂർ തുഞ്ചൻ പറമ്പിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി നടന്ന ക്വിസ് മത്സരം.



ചിങ്ങവനത്ത് നടന്ന കുമാരനാശാൻ ചരമ ശതാബ്ദി ആചരണ സമ്മേളനം സാഹിത്യകാരൻ ബാബു കുഴിമറ്റം ഉദ്ഘാടനം ചെയ്യുന്നു

## സിൽവർലൈൻ പദ്ധതി പിൻവലിക്കുക



സിൽവർ ലൈൻ പദ്ധതിക്ക് എവ്വിധവും അനുമതി നേടിയെടുക്കാനുള്ള കെ റെയിലിന്റെ നീക്കത്തിനെതിരെ, കെ റെയിലും ദക്ഷിണ റയിൽവേ ഉദ്യോഗസ്ഥരുമായി ചർച്ചനടന്ന എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനുമുന്നിൽ കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി പ്രതിഷേധ സംഗമം നടത്തി. മുൻ എംഎൽഎ ജോസഫ് എം.പുതുശ്ശേരി ഉദ്ഘാടനം ചെയ്തു. ജില്ലാ ചെയർമാൻ വിനു കുര്യാക്കോസ്,സംസ്ഥാന രക്ഷാധികാരി കെ.ശൈവപ്രസാദ്, ചെയർമാൻ എം.പി.ബാബുരാജ്, വി.പി.ജോർജ്ജ്, കരീം കല്ലുങ്കൽ, സമരസമിതി ജനറൽ കൺവീനർ എസ്.രാജീവൻ, മിനി കെ. ഫിലിപ്പ്, എ.ഷൈജു, കെ.ആർ.പ്രസാദ്, എ.ഒ. പൗലോ, ശരണ്യ രാജ്, സി.കെ.ശിവദാസൻ, സാബു പരിയാരം, കെ.പി.സാൽവിൻ എന്നിവർ പ്രസംഗിച്ചു.

## മഹാകവി കുമാരനാശാൻ എല്ലാ കാലത്തും വായിക്കപ്പെടേണ്ട കവി–ആലങ്കോട് ലീലാകൃഷ്ണൻ



സുൽത്താൻ ബത്തേരിയിൽ നടന്ന മഹാകവി കുമാരനാശാൻ അനുസ്മരണ സമ്മേളനം ആലങ്കോട് ലീലാ കൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

മനുഷ്യത്വത്തിന്റെ അടിത്തറയായി സ്നേഹത്തെ പ്രതിഷ്ഠിച്ച കവിയാണ് കുമാരനാശാനെന്ന് ആലങ്കോട് ലീലാകൃഷ്ണൻ അഭിപ്രായപ്പെട്ടു. മഹാകവി കുമാരനാശാൻ ചരമ ശതാബ്ദി ആചരണസമിതിയുടെ നേതൃത്വത്തിൽ സുൽത്താൻബത്തേരി അൽഫോൺസ കോളേജിൽ നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആചരണ സമിതി ചെയർപേഴ്സൺ സി. കസ്തൂരി ബായി അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ ഡോ.കെ.അനിൽകുമാർ, ആചരണസമിതി സംസ്ഥാന കൺവീനർ പ്രൊഫ.കെ.പി.സജി, ബാബു മൈലമ്പാടി, പ്രിയ വിനോദ്, പ്രവീണ പ്രേമൻ, ജലജ പത്മൻ, വിനയകുമാർ അഴിപ്പുറത്ത് എന്നിവർ പ്രസംഗിച്ചു. എം. എ.പുഷ്പ സ്വാഗതവും, അനീഷ് ചീരാൽ നന്ദിയും പറഞ്ഞു. ■

## താന്തോണി തുരുത്ത് നിവാസികൾ സമരത്തിൽ



കൊച്ചിയിൽ താന്തോണി തുരുത്തിലെ കുടുംബങ്ങൾ ഗോശ്രീ ഐലന്റ് ഡെവലപ്പ്മെന്റ് അസ്സോസിയേഷൻ ഓഫീസിനുമുന്നിൽ നടത്തിവരുന്ന അനിശ്ചിതകാല സമരത്തിന് ജനകീയ പ്രതിരോധ സമിതി ഐക്യദാർഢ്യം പ്രഖ്യാപിച്ചു. സംസ്ഥാന പ്രസിഡന്റ് പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. അംബാസുധൻ, മുളവുകാട് പഞ്ചായത്ത് പ്രസിഡണ്ട് വി.എസ്.അക്ബർ, ജസ്റ്റിസ് കെ.സുകുമാരൻ, സി.ആർ.നീലകണ്ഠൻ, ഫ്രാൻസിസ് കളത്തുങ്കൽ, എം.വി.ലോറൻസ്, ഹാഷിം ചേന്നാമ്പിള്ളി, അഡ്വ.പി.എ.മുഹമ്മദ്, ജസ്റ്റിൻ പയ്യപ്പിള്ളി, കുരുവിള മാത്യൂസ്, രാജീവ് എന്നിവർ പ്രസംഗിച്ചു. താന്തോണി തുരുത്തിനുചുറ്റും കൽച്ചിറകെട്ടി സംരക്ഷിക്കണമെന്നതാണ് തുരുത്ത് നിവാസികളുടെ ആവശ്യം.

Volume: 51 No: 9 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.